# അഹ്മദിയ്യാ
# പ്രസ്ഥാനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

*വിവർത്തകൻ:*
*ആരിഫ് മുഹമ്മദ്, മുഖദാർ*

***പ്രസാധകർ***
**നസാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ**

**Ahmadiyya Prasthanam**
(Malayalam Translation of **'Ahmadiyya Movement'** )

By: **Hadhrat Mirza Basheerudheen Mahmood Ahmad(R)**

Malayalam Translation : Arif Mohammad, Mugadar

Copies : 500/ January 2020

Published By :Nazarat Nashr-O-Isha'at Qadian
Sadr Anjuman Ahmadiyya
Qadian 143516 Punjab INDIA

Printed at : Fazle-E-Umar Printing Press Qadian

Our Official WebSite : www.alislam.org

# അഹ്മദിയ്യാ പ്രസ്ഥാനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

*വിവർത്തകൻ:*

*ആരിഫ് മുഹമ്മദ്, മുഖദാർ*

# ഉള്ളടക്കം


*മുഖവുര..........................................................................................7*

*അഹ്മദിയ്യ പ്രസ്ഥാനം....................................................................13*

*അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിക്കപ്പെട്ടത്.......................................13*

*ഇസ്‌ലാമിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാനം..................17*

*വാഗ്ദത്ത മസീഹുവാദത്തിന്റെ പൊതുസ്വഭാവം............................20*

*ഇത് മസീഹിന്റെ കാലമാണെന്നതിനുള്ള സാക്ഷ്യം.....................22*

*ദൈവികസംരക്ഷണം അവകാശപ്പെടുന്ന ഏക മതമാണ് ഇസ്‌ലാം..........................................................................................29*

*ഇസ്‌ലാമിന്റെ പുനരുജ്ജീവനം വാഗ്ദത്ത മസീഹിലൂടെ...............37*

*ഏകദൈവവിശ്വാസം.........................................................................38*

*ഈസാ നബി(അ) മരണപ്പെട്ടു............................................................40*

*ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം.......................................44*

*ദൈവികഗുണങ്ങൾ കാലഹരണപ്പെട്ടിട്ടില്ല.......................................45*

*ദിവ്യവെളിപാട്...................................................................................47*

*എല്ലാ സമുദായത്തിലും പ്രവാചകൻ ആവിർഭവിച്ചിട്ടുണ്ട്...........49*

*വിശുദ്ധ ഖുർആൻ സമ്പൂർണ നിയമസംഹിത................................50*

*ജിഹാദ് ഇസ്‌ലാമിൽ...........................................................................53*

*ഇസ്‌ലാമും അടിമത്തവും..................................................................54*

*ഇസ്‌ലാമും പലിശയും.......................................................................56*

*ഇസ്‌ലാമും ബഹുഭാര്യത്വവും..........................................................56*

*വിവാഹമോചനം ഇസ്‌ലാമിൽ............................................................57*

*ധാർമിക പാഠങ്ങൾ...........................................................................58*

*മരണാനന്തര ജീവിതം.......................................................................67*

*സാക്ഷ്യത്തിനുള്ള തെളിവുകൾ.......................................................70*

# മുഖവുര

അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അഹ്മദിയ്യാ കാഴ്ചപ്പാടിൽ ഇസ്ലാമിനെ അവതരിപ്പിച്ചു കൊണ്ടെഴുതിയ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാം' എന്ന ഗ്രന്ഥത്തിന്റെ സംഗ്രഹമാണ് 'അഹ്മദിയ്യാ പ്രസ്ഥാനം'. 1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷൻ ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതസമ്മേളനത്തിൽ അവതരിപ്പിക്കാനായി തയ്യാറാക്കിയതാണ് ഈ ലഘുകൃതി.

സമ്മേളനധികൃതരുടെ ക്ഷണം സ്വീകരിച്ച് അഹ്മദിയ്യാ നേതാവ് ലണ്ടൻ സന്ദർശിക്കുകയും പരിപാടിയിൽ പങ്കെടുക്കുകയുമായിരുന്നു. സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ വായിച്ചു കേൾപ്പിച്ച ആ പ്രബന്ധം ശ്രോതാക്കളെ ഹഠാദാകർഷിച്ചു.

43 വർഷം മുൻപ് രചിക്കപ്പെട്ട ഈ കൃതിയിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ആഗോളവ്യാപനത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള വിവരണം വളരെ കാലഹരണപ്പെട്ടതാണ്. അതിനാൽ, ഈ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാഹചര്യത്തെക്കുറിച്ച് ഒരു ലഘുവിവരണം അസ്ഥാനത്താകില്ല എന്ന് കരുതുന്നു.

1924 ൽ ഈ പ്രബന്ധം എഴുതിയ കാലത്ത് പശ്ചിമാഫ്രിക്കയിൽ ഞങ്ങൾ ഏതാണ്ട് മിഷൻ തുടങ്ങിയിരുന്നു. 1921 ലാണ് മതപ്രചാരണവുമായി ബന്ധപ്പെട്ട് ഘാനയും നൈജീരിയയുമായി ബന്ധം സ്ഥാപിക്കുന്നത്. ഇന്ന് ആ ഭൂഖണ്ഡത്തിൽ മിഷനുകളും പള്ളികളും സ്കൂളുകളുമായി ഒരു വലിയ നെറ്റവർക്ക് സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

നൈജീരിയയിലെ അഹ്മദിയ്യാ മിഷന് രാജ്യത്തിന്റെ വിദൂരപ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഒട്ടേറെ ശാഖകളുണ്ട്. തങ്ങളുടെ രാജ്യത്തെ ജനങ്ങൾക്ക് ഇസ്ലാമിന്റെ സന്ദേശം എത്തിക്കാനും അഹ്മദിയ്യാ സാഹിത്യങ്ങൾ പ്രചരിപ്പിക്കാനും പ്രാദേശികമായി പരിശീലനം ലഭിച്ച ഒരു വലിയ സംഘം ആഫ്രിക്കൻ മിഷ്നറിമാർ അവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, പാകിസ്താനിൽ നിന്ന് മികച്ച പരിശീലനം സിദ്ധിച്ച മിഷ്നറിമാരും ഗ്രന്ഥങ്ങളും ഈ

രാജ്യത്ത് നിരന്തരം പ്രവഹിച്ചു കൊണ്ടിരിക്കുന്നു. ആൺകുട്ടികളും പെൺകുട്ടികളുമടക്കം ആയിരക്കണക്കിന് ആഫ്രിക്കൻ വിദ്യാർഥികൾ പഠിക്കുന്ന പ്രൈമറി സ്കൂളുകളും സെക്കന്ററി സ്കൂളുകളും മിഷൻ നടത്തി വരുന്നു.

സിയറലോണിലെയും ഘാനയിലെയും ഞങ്ങളുടെ മിഷനുകൾ മുന്നോട്ട് കുതിച്ചു കൊണ്ടിരിക്കുകയാണ്. ഈ രണ്ടു രാഷ്ട്രങ്ങളിലും ആഫ്രിക്കൻ അഹ്മദികളുടെ ഒരു പ്രബലസമൂഹം ഞങ്ങൾക്കവിടെയുണ്ട്. ധാരാളം പ്രൈമറി സ്കൂളുകളും സെക്കന്ററി സ്കൂളുകളും അവിടെ തുറന്നിരിക്കുന്നു. അനേകം ആഫ്രിക്കക്കാർക്ക് മിഷ്നറി പരിശീലനം നല്കുകയും ചെയ്യുന്നുണ്ട്.

ഈ പ്രദേശങ്ങളിൽ ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിലും ഇവിടങ്ങളിൽ വെല്ലുവിളിയായിത്തീർന്നിരിക്കുന്ന ക്രിസ്തുമത പ്രചാരത്തെ ചെറുക്കുന്നതിലും സ്തുത്യർഹമായ സേവനമാണ് ഈ മിഷൻ അനുഷ്ഠിച്ചിരിക്കുന്നത്. അതിന്റെ സേവനങ്ങളെ ശ്ലാഘിച്ചു കൊണ്ട് പബ്ലിക് കോളൊണൈസേഷൻ & വർക്ക്സ് മന്ത്രി ബഹു. ചീഫ് കാൻഡെ ബുറ പറയുന്നു:

'രാജ്യത്തിന് സേവനം ചെയ്യുന്നതിൽ മുഴുകിയിരിക്കുന്ന ഏതെങ്കിലും മുസ്ലിം സംഘടനയുണ്ടെങ്കിൽ അഹ്മദിയ്യ പ്രസ്ഥാനവും അതിലെ മിഷ്നറിമാരുമാണെന്ന് പറയാതെ വയ്യ. ഒരു വസ്തുത കൂടി അംഗീകരിച്ചില്ലെങ്കിൽ അത് അനീതിയായിരിക്കും. അഹ്മദി മിഷ്നറിമാർ ഈ രാജ്യത്ത് വന്നുകൊണ്ട് ക്രിസ്ത്യൻ ആക്രമണങ്ങൾക്കെതിരിൽ ഇസ്ലാമിനെ പ്രതിരോധിച്ചിലായിരുന്നെങ്കിൽ നാമമാത്ര ഇസ്ലാമിനെ മാത്രമായിരിക്കും നമുക്ക് ഈ പ്രദേശത്ത് കാണാൻ കഴിയുക. ഇസ്ലാമുമായി ബന്ധം പുലർത്താൻ ആരും ഇഷ്ടപ്പെടുമായിരുന്നില്ല."

ഘാനയിൽ ഇപ്പോൾ ക്രിസ്ത്യൻ നേതാക്കൾ നിരാശയിലാണ്. ഈ ഭൂഖണ്ഡത്തിൽ ക്രിസ്ത്യാനികൾ വളരെ കാലമായി ആഗ്രഹിച്ചിരുന്ന വിജയം സഫലമാകാതെ പോയി എന്നവർ തുറന്നു സമ്മതിക്കുന്നു. ക്രിസ്തുവോ മുഹമ്മദോ എന്ന തന്റെ ഗ്രന്ഥത്തിൽ എസ്.ജി. വില്യംസണ് ഇങ്ങനെ നിരീക്ഷിക്കുന്നു: ഗോൾഡ് കോസ്റ്റിലെ ദക്ഷിണ ഭാഗങ്ങളിൽ നിലവിൽ ക്രിസ്തുമതത്തിനാണ് മുൻതൂക്കമുള്ളതെങ്കിലും തെക്കൻ പ്രദേശങ്ങളിലെ ചില ഭാഗങ്ങളിൽ പ്രത്യേകിച്ചും തീരദേശ ഭാഗങ്ങളിൽ അഹ്മദിയ്യാ പ്രസ്ഥാനം മികച്ച നേട്ടം കൈവരിച്ചു കൊണ്ടിരിക്കുകയാണ്. ഗോൾഡ് കോസ്റ്റ്

താമസിയാതെ ക്രിസ്തുമതം കൈക്കൊള്ളുമെന്ന് പൊതുവേയുള്ള പ്രതീക്ഷ വിചാരിച്ചതിലും അപകടത്തിലാണ്.

ക്രിസ്ത്യൻ ചർച്ചിന് വെല്ലുവിളിയാണെന്നതിൽ സംശയമില്ല. ക്രിസ്തുമതമോഇസ്ലാം മതമോ ഏതാണ് ആഫ്രിക്കയെ ഭരിക്കുകയെന്ന് ഇതുവരെ തീരുമാനമായിട്ടില്ല.

വെസ്റ്റ് ആഫ്രിക്കയിലുള്ള ഞങ്ങളുടെ മറ്റു മിഷനുകൾ ഇപ്പോൾ അധികവും സ്വയം പര്യാപ്തരാണ്. അവയുടെ ആവശ്യങ്ങൾക്കു വേണ്ട തുകകൾ പ്രാദേശികമായിട്ടാണ് സംഭരിക്കുന്നത്. ഘാനയുടെ മാത്ര വാർഷിക ബജറ്റ് അറുപത്തി ആറായിരത്തി മുന്നൂറ്റി എഴുപത് യൂറോ ആണ്. ഇസ്ലാമിനു വേണ്ടി ആഫ്രിക്കൻ മുസ്ലിംകൾ ചെയ്യുന്ന ത്യാഗങ്ങളുടെ ആഴമാണ് ഇതു കാണിക്കുന്നത്.

ലൈബീരിയ, ടോഗോലാന്റ്, ഐവറി കോസ്റ്റ്, ഗാമ്പിയ എന്നിവിടങ്ങളിലും അഹ്മദിയ്യാ മിഷൻസ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ആഫ്രിക്കൻ ജനത അവിടങ്ങളിൽ ഉത്സാഹത്തോടെ ഇസ്ലാം സ്വീകരിച്ചു വരികയാണ്.

ആയിരത്തി തൊള്ളായിരത്തി ഇരുപത്തി നാലിൽ ഈസ്റ്റ് ആഫ്രിക്കയിൽ ഞങ്ങൾക്ക് മിഷനുകളൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ ഉപഭൂഖണ്ഡത്തിലെ ആ ഭാഗങ്ങളിലുള്ള കെനിയ, ഉഗാണ്ട, റ്റാൻഗായിക്ക എന്നിവിടങ്ങളിൽ ഞങ്ങളുടെ മിഷനുകൾ ശക്തമായി വേരുറപ്പിച്ചിരിക്കുന്നു. കോൻഗോ, സെന്റ്റൽ ആഫ്രിക്ക തുടങ്ങിയ പ്രദേശങ്ങളുമായി ഫലപ്രദമായ നിലയിൽ ബന്ധം സ്ഥാപിച്ചു വരികയാണ്.

ഈ മിഷൻ സ്വാഹിലി ഭാഷയിലും ഈസ്റ്റ് ആഫ്രിക്കയിലെ പൊതുഭാഷയിലും വിശുദ്ധ ഖുർആൻ പരിഭാഷ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഭൂഖണ്ഡത്തിന്റെ ചരിത്രത്തിൽ ഒരു മഹത്തായ സാഹിത്യസേവനമായി ആ പരിഭാഷ എന്നും ശോഭിച്ചു നില്ക്കുന്നതാണ്. ഉഗാണ്ട, കിക്കുയോ തുടങ്ങിയ മറ്റു ഭാഷകളിലും വിവർത്തനം പുരോഗമിച്ചു വരികയാണ്.

വിസ നിയന്ത്രണം കാരണം ദക്ഷിണാഫ്രിക്കയിലേക്ക് മിഷ്ണറിയെ അയക്കാൻ സാധിച്ചില്ലെങ്കിലും പ്രാദേശിക ജമാഅത്ത് അവിടെ സാരമായ നിലയിൽ ഇസ്ലാമിനു വേണ്ടി സേവനം ചെയ്തു കൊണ്ടിരിക്കുകയാണ്.

ഡന്മാർക്ക്, ജർമനി,ഹോളണ്ട്, സ്വിറ്റ്സർലാന്റ്,സ്പെയിൻ എന്നീ രാജ്യങ്ങളിൽ പുതിയ മിഷനുകൾ ആരംഭിച്ചിരിക്കുന്നു. ലണ്ടൻ,

ഹേഗ്, ഹമ്പർഗ് ഫ്രാങ്ക്ഫർട്ട് എന്നിവിടങ്ങളിൽ പള്ളികൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. സ്യൂറിക്കിൽ ഇപ്പോൾ ഒരു പള്ളിനിർമാണം നടന്നുകൊണ്ടിരിക്കുകയാണ്. യൂറോപ്പിൽ കൂടുതൽ പള്ളികൾ നിർമിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുകയാണ്.

ഇംഗ്ലീഷ്,ഡച്ച, ജർമൻ ഭാഷകളിൽ വിശുദ്ധ ഖുർആന്റെ വിവർത്തനം പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുണ്ട്. ഫ്രഞ്ച് വിവർത്തനം നേരത്തെ പ്രസ്സിലേക്ക് പോയിരിക്കുന്നു. ഡാനിഷ്, റഷ്യൻ എന്നീ ഭാഷകളിൽ വിവർത്തനം നടന്നു വരുകയാണ്. വിശുദ്ധ ഖുർആന്റെ പത്തു ഭാഗങ്ങൾ നേരത്തെ പ്രസിദ്ധീകൃതമായിട്ടുണ്ട്. കൂടാതെ, പാശ്ചാത്യർക്ക് ഇസ്‌ലാമിക സാഹിത്യങ്ങൾ ലഭ്യമാകുന്നതിനായി വിവിധ പാശ്ചാത്യഭാഷകളിൽ ഇസ്‌ലാമിനെ സംബന്ധിച്ച് മറ്റനേകം ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിരിക്കുന്നു.

അതുപോലെ, അമേരിക്ക, ഫിജി, ഇൻഡോനേഷ്യ, സിംഗപ്പൂർ, മലേഷ്യ, ശ്രീലങ്ക, ബർമ, മോറിഷ്യസ് തുടങ്ങി ലോകത്തിലെ മറ്റു ഭാഗങ്ങളിലും ഇപ്പോൾ മിഷനുകളുണ്ട്.

അറുപത് വർഷം മുൻപുള്ള ഇസ് ലാമിന്റെ അവസ്ഥയിലേക്ക് കണ്ണോടി ഏതൊരാളും അക്കാലത്തെ അതിന്റെ നിസ്സഹായാവസ്ഥയും ദുർബലതയും കണ്ട് അദ്ഭുതപ്പെടാതിരിക്കില്ല. ഇസ്‌ലാം നശിച്ചു പോകുമെന്ന ആത്മവിശ്വാസത്തിലായിരുന്നു ക്രിസ്ത്യൻ മിഷണറിമാർ. അതിന്റെ നാശം അടുത്തിരിക്കുന്നുവെന്ന് അവർ തുറന്ന നിലയിൽ പ്രഖ്യാപിക്കാനും തുടങ്ങി.

നിരാശാപൂർണമായ ആ കാലത്താണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹദ്റത്ത് അഹ്മദ്(അ) താൻ ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനായി എഴുന്നേൽപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന് വാദിച്ചത്. ഇസ്‌ലാം ഒരിക്കൽ കൂടി വിജയം വരിക്കുമെന്നും ജനഹൃദയങ്ങളെ അടക്കി ഭരിക്കുമെന്നും അദ്ദേഹം പ്രവചിച്ചു.

ആ പ്രവചനം പുലരുക തന്നെ ചെയ്തു. ഇപ്പോൾ ഇസ്‌ലാമിന് അനുകൂലമായ നിലയിലാണ് കാറ്റു വീശുന്നത്. ഒരു കാലത്ത് ക്രിസ്ത്യാനികളുടെ ആക്രമണങ്ങൾക്ക് ഇരയായിരുന്നു ഇസ്‌ലാം. ഇപ്പോൾ ക്രിസ്ത്യാനികൾ പിന്മാറിക്കൊണ്ടിരിക്കുന്നു.

ഇസ്‌ലാമിന്റെ വിജയത്തെക്കുറിച്ച് ക്രിസ്ത്യൻ എഴുത്തുകാർ തുറന്ന നിലയിൽ അംഗീകരിക്കുന്നു. ഉദാഹരണമായി ഹോസ്റ്റൻ സ്മിത്ത് എഴുതിയ ദി റിലീജിയൺസ് ഓഫ് മാൻ എന്ന ഗ്രന്ഥത്തിലെ അവസാന അധ്യായത്തിൽ ഗ്രന്ഥകർത്താവ് നിരീക്ഷിക്കുന്നു:

ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ച ചില മതങ്ങൾ നിർജീവമായിക്കൊണ്ടിരിക്കുകയും നാശത്തോടടുക്കുന്നുവെന്നും പറയാതെ നിർവാഹമില്ല. എന്നാൽ ഇസ്‌ലാമിന്റെ സ്ഥിതി അതല്ല. ലോകത്തിലെ മറ്റു പ്രമുഖ മതങ്ങൾക്കെല്ലാം ഒടുവിൽ വന്ന ഈ മതം ഉന്മേഷഭരിതമായും യൗവന തുടിപ്പോടെയും പ്രവർത്തിക്കുകയാണ്. മൊറോക്കോ, ഈജിപ്ത്, മിഡിൽ ഈസ്റ്റ്, പാക്കിസ്താൻ, ഇൻഡോനേഷ്യ എന്നിവിടങ്ങളിൽ ഇസ്‌ലാം ഇന്നൊരു പ്രബലശക്തിയാണ്. എണ്ണം മുപ്പത്തഞ്ച് കോടിയോളം വരും. ലോകത്തെ ഏഴുപേരിൽ ഒരാൾ ഈ മതത്തിലെ അംഗമാണ്. അവരുടെ വിശ്വാസങ്ങളുടെയും കർമങ്ങളുടെയും മാർഗദർശിയായി വർത്തിക്കുന്നത് ഇസ്‌ലാമാകുന്നു. ഇസ്‌ലാം അതിന്റെ സ്ഥാനം ഉറപ്പിക്കുക മാത്രമല്ല, അതു ദ്രുതഗതിയിൽ വികസിച്ചു വരികയും ചെയ്യുന്നു. 1773 ന്റെ തുടക്കത്തിൽ തന്നെ ഗോയ്ഥേ ഒരു കവിത എഴുതുകയുണ്ടായി. തന്റെ സഹോദരന്മാരെ വഹിച്ചു കൊണ്ട് പിതാവായ ദൈവത്തിലേക്ക് ഒഴുകി കൊണ്ടേ പോകുന്ന അരുവിയോടാണ് അദ്ദേഹം മുഹമ്മദിനെ ഉപമിക്കുന്നത്. ഇന്ന് ഇസ്‌ലാം ആഫ്രിക്കയിലും തെക്ക്കിഴക്കൻ ഏഷ്യയിലും മാത്രമല്ല വ്യാപിച്ചു വരുന്നത്. മറിച്ച്, ചൈനയിലെ ചില ഭാഗങ്ങളിലും ഇംഗ്ലണ്ടിലും അമേരിക്കയിലും അത് വ്യാപിച്ചു വരുന്നു. ലോകത്ത് ഏറ്റവുമധികം വളർന്നു വരുന്ന മതമാണ് ഇതെന്നും ചിലർ വാദിക്കുന്നുണ്ട്.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ പ്രവചിച്ചതു പോലെ സംഘർഷഭരിതമായ ലോകം ഇസ്‌ലാമിൽ അഭയം തേടുന്ന ദിനങ്ങൾ വിദൂരമല്ലെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഈ ചെറുപുസ്തകം ഇസ്‌ലാമിക അധ്യാപനങ്ങളെ സവിസ്തരം പ്രതിപാദിക്കുന്നതോടൊപ്പം ഈ യുഗത്തിൽ പരിഷ്കർത്താവ് ആയി അവതരിച്ച ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) യുടെ വാദമുഖങ്ങളെ തെളിവ് സഹിതം സ്ഥാപിക്കുകയും ചെയ്യുന്നു.

**മിർസാ വസീം അഹ്മദ്**

നാസിർ ദഅ്വത്തൊ തബ്‌ലീഗ്,

ഖാദിയാൻ(ഇന്ത്യ)

1976

# അഹ്മദിയ്യ പ്രസ്ഥാനം

ആദ്യമായി ഞാൻ ദൈവത്തിന്റെ അതിരില്ലാത്ത അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയാണ്. അവനെ തിരിച്ചറിയാനും ദിവ്യഭാഷണം കരസ്ഥമാക്കാനും വേണ്ട കഴിവും പ്രാപ്തിയും അവൻ നമുക്ക് തന്നനുഗ്രഹിച്ചിരിക്കുന്നു. ദിവ്യസാക്ഷാത്കാരത്തിലേക്കു നയിക്കുന്ന ജ്ഞാനവിഹായസ്സുകളുടെ കവാടം ഞങ്ങൾക്ക് തുറന്നു തരികയും അവനുമായി ബന്ധം സ്ഥാപിക്കാൻ കഴിയുകയും ചെയ്തതിൽ ഞാൻ അവനെ സ്തുതിക്കുന്നു. ഇനി ഞാൻ ഈ മതസമ്മേളനത്തിൽ പറയാനുദ്ദേശിച്ച വിഷയത്തെക്കുറിച്ച്, അതായത്, അഹ്മദിയ്യത്തിനെക്കുറിച്ച് പ്രതിപാദിക്കാം.

എന്താണ് അഹ്മദിയ്യത്ത്? 1300 വർഷം മുൻപ് മുഹമ്മദ് നബി(സ) തിരുമേനി മുഖേന ലോകത്ത് അവതരിച്ചതും വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടതുമായ ഇസ്‌ലാം ആണ് അഹ്മദിയ്യത്ത്. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഇസ്‌ലാം നവീനാശയങ്ങൾക്കും കൈകടത്തലുകൾക്കും വിധേയമാവുകയും ആ മതത്തിലെ പല കാര്യങ്ങളും പൂർണമായും അവഗണിക്കപ്പെടുകയും ചെയ്തതിന്റെ ഫലമായി അവയിൽ ഗവേഷണങ്ങൾ നടക്കാതെ വന്നു. ഹദ്റത്ത് അഹ്മദ്(അ) ഈ കൈകടത്തലുകളെ ഉന്മൂലനം ചെയ്തുകൊണ്ട് വിശുദ്ധ ഖുർആനിൽ നിലീനമായിക്കിടക്കുന്ന ആത്മീയ സത്യങ്ങളുടെ കലവറ പുറത്തു കൊണ്ടു വന്നു. ഭക്തി നഷ്ടപ്പെട്ട ജനസമൂഹത്തിനു പക്ഷേ അത് സ്വായത്തമാക്കാനായില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ, സ്വച്ഛ രൂപം നഷ്ടപ്പെട്ട് വിസ്മൃതിയിലാണ്ടു പോയ യഥാർഥ ഇസ്‌ലാമിനെയാണ് വാഗ്ദത്ത മസീഹ്(അ) ദൈവിക മാർഗദർശന പ്രകാരം ലോകത്തിനു മുൻപാകെ സമർപ്പിച്ചത്.

## അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിക്കപ്പെട്ടത്

അഹ്മദിയ്യാ പ്രസ്ഥാനം അത്ര പഴക്കം ചെന്ന ഒന്നല്ല. അതു സ്ഥാപിതമായിട്ട് 34 വർഷമേ ആയിട്ടുള്ളു. 1890 ൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ദൈവിക നിർദേശപ്രകാരമാണ് ഈ പ്രസ്ഥാനം സ്ഥാപിച്ചത്. മുഹമ്മദ് നബി(സ) പ്രവചനം ചെയ്ത

മഹ്ദിയും, ബൈബിളിലും ഇതര ഇസ്‌ലാമിക ഗ്രന്ഥങ്ങളിലും ദീർഘദർശനം ചെയ്യപ്പെട്ട മസീഹും, മിക്ക പ്രവാചകന്മാരും വാഗ്ദാനം ചെയ്തിട്ടുള്ള ആത്മീയ ഗുരുവും താനാണെന്ന് അദ്ദേഹം വാദിച്ചു. ദൈവം അദ്ദേഹത്തെ അഭിസംബോധന ചെയ്തു കൊണ്ട് ഇപ്രകാരം വെളിപാടിറക്കി.

"മുൻ പ്രവാചകന്മാരുടെ പ്രവചനങ്ങൾ നിന്നിൽ നിവർത്തിക്കപ്പെട്ടിരിക്കുന്നു. എല്ലാ പ്രവാചകന്മാരുടെയും വസ്ത്രത്താൽ നീ അണിയിക്കപ്പെട്ടിരിക്കുന്നു.(അതായത്, അവരുടെ ശക്തിയും പ്രഭാവവും നിനക്ക് നല്കപ്പെട്ടിരിക്കുന്നു.) നിന്നെ മസീഹിബ്നു മറിയം ആക്കിയ ദൈവത്തിനാണ് സർവസ്തുതിയും. അവൻ എന്തുകൊണ്ട് അങ്ങനെ ചെയ്തു എന്ന് ആർക്കും ചോദ്യം ചെയ്യാനാവില്ല. എന്നാൽ, അവന്റെ തീരുമാനം അംഗീകരിക്കാത്തവർ ചോദ്യം ചെയ്യപ്പെടുന്നതാണ്. സമയവും ശ്രമവും പാഴാക്കപ്പെടാത്ത ഗുരുഭൂതനായ മസീഹാണു നീ. ബ്രാഹ്മണരുടെ പ്രവാചകർക്ക് സദൃശ്യനായ ആ പ്രവാചകനെ എതിർക്കുന്നത് ജനങ്ങൾക്ക് നല്ലതല്ല. അല്ലയോ രുദ്രഗോപാല കൃഷ്ണാ, നിന്റെ മഹിമ ഗീതയിലുണ്ട്."

മാനവകുലത്തിന്റെ പുനരുജ്ജീവനത്തിനു വേണ്ടി ദൈവം അദ്ദേഹത്തെ വാഗ്ദത്ത മസീഹായും കൃഷ്ണനായും ബ്രഹ്മാവതാരമായും പ്രവാചകന്മാരുടെ പ്രവചന സാക്ഷാത്കാരവുമായാണ് നിയോഗിച്ചിരിക്കുന്നതെന്ന് ഈ വെളിപാടുകൾ വ്യക്തമാക്കുന്നു. തുടക്കത്തിൽ തന്നെ അദ്ദേഹത്തിന് എല്ലാ അവാന്തര വിഭാഗങ്ങളിൽ നിന്നും മതസമൂഹങ്ങളിൽ നിന്നും കഠിനമായ എതിർപ്പുകളെ അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും അദ്ദേഹത്തിന്റെ മിഷന് ലഭിച്ച വർധിച്ച വിജയം കാരണം അതു മുന്നോട്ടു പോയിക്കൊണ്ടേയിരുന്നു. ഇസ്‌ലാമിന്റെ ചാമ്പ്യനായ ഇദ്ദേഹത്തിന്റെ ആഗമനത്തിൽ ആനന്ദം കൊള്ളേണ്ട മുസ്‌ലിംകൾ തന്നെയാണ് അന്നും ഇന്നും ശക്തമായി എതിർക്കുന്നത്. കറ്റുകെട്ടുകാരനെന്നും കാഫിറെന്നും മുദ്ര കുത്തി മുസ്‌ലിം ഉലമാക്കൾ അദ്ദേഹത്തിനെതിരെ ഫത്വയിറക്കി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുന്നതോ സംസാരിക്കുന്നതോ ഹസ്തദാനം ചെയ്യുന്നതോ പോലും ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറത്തു പോകത്തക്ക വിധം ഗുരുതരമായ കുറ്റമാണെന്ന് അവർ പ്രഖ്യാപിച്ചു. ഒരാൾ അഹ്മദിയായാൽ അതോടുകൂടി അയാളുടെ വിവാഹ ബന്ധം അസാധുവാകുമെന്നും അവരെ മർദിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നത് അനുവദനീയമാ

ണെന്ന് മാത്രമല്ല ദൈവപ്രീതി ലഭിക്കാനുള്ള മാർഗമാണെന്നും അവർ ഫത്വ നല്കി. ധിക്കാരപരവും നിർലജ്ജവുമായി കാര്യങ്ങൾ ചെയ്യാൻ തുറന്ന നിലയിൽ പ്രേരിപ്പിക്കുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. മാന്യതയോടെ വിവരിക്കാൻ പ്രയാസമാണത്. ഒരു ത്യാഗവും കൂടാതെ ദൈവപ്രീതി നേടാൻ മാർഗങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കുന്ന പൊതുജനം ആത്മീയ പുണ്യം ലഭിക്കുന്ന ഈ സുവർണാവസരം കൈവിട്ടു പോകാൻ അനുവദിക്കില്ലല്ലോ. ഫത്വ പുറപ്പെടുവിച്ച നിമിഷം തന്നെ അവരത് പ്രയോഗവത്ക്കരിക്കാൻ തുടങ്ങി. അങ്ങനെ ഹദ്റത്ത് അഹ്മദി(അ)ൽ ആദ്യം വിശ്വസിച്ച ആ ചെറുസംഘത്തിന് ജീവിതം പീഡനങ്ങളുടെ നീണ്ട പരമ്പരയായിത്തീർന്നു. അതുകാരണം ജമാഅത്തിൽ ആകൃഷ്ടരായ പലരും ഭയപ്പെട്ടു പോയി.

അദ്ദേഹത്തെ എതിർക്കുന്നതിൽ ക്രിസ്ത്യാനികളും ആര്യ സമാജികളും സിക്കുകാരും ഒട്ടും പിന്നിലായിരുന്നില്ല. അശ്ലീലവും അസഭ്യം നിറഞ്ഞതുമായ ലഘുലേഖകളാണ് അദ്ദേഹത്തിനെതിരെ പ്രസിദ്ധം ചെയ്തത്. അതിനെക്കുറിച്ച് പരാമർശിക്കാനോ അതിന്റെ ചില ഭാഗങ്ങൾ വായിച്ചു കേൾപ്പിക്കാനോ എന്റെ മാന്യത അനുവദിക്കുന്നില്ല.

അദ്ദേഹത്തെ എതിർക്കുന്നതിൽ ജനങ്ങൾക്കുണ്ടായിരുന്ന അന്ധവും അവിവേകപരവുമായ സമീപനം കാരണത്താൽ വിമർശനം തൊഴിലാക്കിയവർക്ക് എല്ലാവിധ വ്യാജാരോപണങ്ങളും ഉന്നയിക്കാൻ അത് പ്രേരകമായി. സർക്കാർ റെക്കോർഡുകളിൽ നിന്നും ആ ആരോപണങ്ങൾ വ്യാജമാണെന്ന് തെളിഞ്ഞിട്ടും കൂടി അദ്ദേഹത്തിനും കുടുംബത്തിനുമെതിരിൽ നിന്ദ്യമായ ആരോപണമുന്നയിക്കാനും അവർ മടിച്ചില്ല. ജമാഅത്തിനോട് സർക്കാർ അനുവർത്തിച്ച നിലപാടും ശരിയായിരുന്നില്ല.

ഉദാഹരണമായി,അദ്ദേഹം വളരെ താഴ്ന്ന കുടുംബത്തിൽപ്പെട്ട ആളാണെന്നും ജനങ്ങളെ വഞ്ചിച്ച് പണം തട്ടിയെടുക്കാനാണ് മസീഹുവാദം പുറപ്പെടുവിച്ചതെന്നും സമാദരണീയ കുടുംബത്തിൽപ്പെട്ടവനാണ് താൻ എന്നുള്ള അദ്ദേഹത്തിന്റെ വ്യാജവാദം ഗൂഢപദ്ധതിയുടെ ഭാഗമാണെന്നുമാണ് അദ്ദേഹത്തിനെതിരെ മുഖ്യമായി ഉന്നയിക്കപ്പെടുന്ന ഒരാക്ഷേപം. അതും സർക്കാർ പ്രസിദ്ധം ചെയ്ത റെക്കോർഡിൽ പഞ്ചാബിലെ പ്രമാണികുടുംബങ്ങളുടെ കൂട്ടത്തിൽ അദ്ദേഹവും കുടുംബവും ബഹുമാനാദരങ്ങളോടു കൂടി

പരാമർശിക്കപ്പെട്ട സാഹചര്യത്തിൽ. വിദൂര ദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ ഇത്തരം വ്യാജാരോപണങ്ങളാൽ വഞ്ചിതരാവുകയും ഇവ്വിധം തെറ്റായ നിലയിൽ ജീവിതം നയിച്ച വ്യക്തി പരിശുദ്ധമായ പദവിലേക്ക് നിയമിക്കപ്പെടുന്നതെങ്ങനെയെന്ന് ചിന്തിച്ചു പോവുകയും ചെയ്യുന്നു.

ഈ എതിർപ്പുകളൊക്കെ ഉണ്ടായിട്ടും ജനങ്ങളുടെ ഹൃദയം പ്രസ്ഥാനത്തിന്റെ വന്ദ്യസ്ഥാപകരിലേക്ക് ആകർഷിക്കപ്പെട്ടു. അദ്ദേഹത്തോട് ബന്ധം പുലർത്തുകയും ഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്തവർക്ക് അദ്ദേഹത്തിന്റെ സത്യത ബോധ്യമായി. താൻ മസീഹ് ആണെന്ന് വാദിച്ച് പതിനെട്ടു വർഷം കഴിഞ്ഞ് അദ്ദേഹം വഫാത്താകുമ്പോൾ അദ്ദേഹത്തിന്റെ അനുയായികളുടെ എണ്ണം നാല്പതിൽ നിന്ന് ലക്ഷങ്ങളിലേക്ക് ഉയർന്നു. ഇന്ത്യയ്ക്കു പുറത്ത് അഫ്ഗാനിസ്താൻ, ബർമ, സിലോൺ, ആഫ്രിക്ക എന്നീ രാജ്യങ്ങളിൽ അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന് അനുയായികളുണ്ടായി. അദ്ദേഹത്തിന്റെ വിയോഗാനന്തരം എന്റെ ഗുരുനാഥൻ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബി(റ)ന്റെ ഖിലാഫത്ത് കാലത്തും പ്രസ്ഥാനം പുരോഗതി പ്രാപിച്ചു കൊണ്ടിരുന്നു. അദ്ദേഹം ചരമം പ്രാപിച്ചതിനു ശേഷം ഞാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പ്രസ്ഥാനം ദ്രുതഗതിയിൽ വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ന് ഇംഗ്ലണ്ട്, ജർമനി, അമേരിക്കൻ ഐക്യനാടുകൾ, വെസ്റ്റ് ആഫ്രിക്ക, ഗോൾഡ് കോസ്റ്റ്, ഈജിപ്റ്റ്, പേർഷ്യ, ബുഖാറ, മൊറീഷ്യസ്, എന്നിവിടങ്ങളിൽ റെഗുലർ മിഷനുകളുണ്ട്. ഇന്ത്യയ്ക്കു പുറത്ത് അഫ്ഗാനിസ്താൻ, ബുഖാറ, പേർഷ്യ, മെസപ്പൊട്ടാമിയ, ഹിജാസ്, സിറിയ, ഈജിപ്റ്റ്, അൾജീരിയ, സെൻസിബാർ, കെനിയ, ഉഗാണ്ട, നറ്റാൽ,ഗോൾഡ് കോസ്റ്റ്, സിയറലോൺ, നൈജീരിയ, സിലോൺ, ബർമ, സ്ട്രേറ്റ് സെറ്റിൽമെന്റ്സ്, ഫിലിപ്പൈൻസ്, മൊറീഷ്യസ്, ഓസ്ട്രേലിയ, ഫ്രാൻസ്, ഇംഗ്ലണ്ട്, ഹോളണ്ട്, അമേരിക്കൻ ഐക്യനാടുകൾ, ട്രിനിനാട്, കൊസ്റ്റോറിക്ക എന്നിവിടങ്ങളിൽ അഹ്മദിയ്യാ സമൂഹത്തെ കാണാം.

ഒരു ഇംഗ്ലീഷ് മാസികയും പ്രാദേശികഭാഷയിൽ 5 പത്രമാസികളും പ്രസ്ഥാനത്തിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന് പ്രസിദ്ധീകരിക്കുന്നുണ്ട്. ബംഗാളിൽ നിന്ന് ബംഗാളി മാസികയും സിലോണിൽ നിന്ന് ഇംഗ്ലീഷിലും തമിഴിലുമായി പത്രം പ്രസിദ്ധീകരിക്കുന്നുണ്ട്. മോറീഷ്യസിൽ നിന്ന് ഒരു ഫ്രഞ്ച് പത്രവും പ്രസിദ്ധീകരിക്കുന്നു.

അമേരിക്കയിൽ നിന്ന് ഒരു ത്രൈമാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇംഗ്ലണ്ടിൽ നിന്ന് അടുത്തു തന്നെ ഒരു മാസിക പ്രസിദ്ധീകരിക്കുന്നതാണ്. ഏതാണ്ട് ഒരു മില്യനോളം ആളുകൾ ഈ പ്രസ്ഥാനത്തിലുണ്ട്. ക്രിസ്ത്യാനികൾ, സിക്കുകാർ, ഹിന്ദുക്കൾ, ജൂതന്മാർ, പാർസികൾ തുടങ്ങിയ എല്ലാ മതങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള ആളുകൾ ഇതിലുണ്ട്. ഇസ്‌ലാമിലെ അവാന്തരവിഭാഗങ്ങളിൽ നിന്നുള്ളവരും ഇതിൽ പ്രവേശിച്ചിരിക്കുന്നു; പ്രവേശിച്ചുകൊണ്ടിരിക്കുകയുമാണ്. മൂന്നു വർഷം മുൻപാണ് അമേരിക്കൻ മിഷൻ ആരംഭിച്ചത്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ അമേരിക്കയിൽ ആയിരത്തിലധികം പേർ ഈ പ്രസ്ഥാനത്തിൽ ചേർന്നിരിക്കുന്നു.

## ഇസ്‌ലാമിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാനം

ക്രിസ്തുമത്തിന് ആദ്യകാലത്ത് ജൂതമതവുമായി ഉണ്ടായിരുന്നതു പോലുള്ള ബന്ധമാണ് അഹ്മദിയ്യാ പ്രസ്ഥാനത്തിന് ഇസ്‌ലാമുമായിട്ട് ഉള്ളത്. ഞാൻ സൂചിപ്പിച്ചതു പോലെ, താൻ വാഗ്ദത്ത മസീഹ് ആണെന്നതാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന്റെ ഒരു വാദം. ഇതു മനസ്സിലാക്കിയാൽ, അഹ്മദിയ്യത്ത് ഇസ്‌ലാമിലെ വെറും ഒരു ശാഖയല്ല, യഥാർഥ ഇസ്‌ലാം തന്നെയെന്ന് എളുപ്പം ഗ്രഹിക്കാവുന്നതാണ്. ആദിമ ക്രിസ്തുദർശനം ജൂതമതത്തിന്റെ ശാഖയായിരുന്നില്ലല്ലോ. സ്വച്ഛസുന്ദരമായ ജൂതമതമായിരുന്നു അത്. യേശു പറയുന്നു: നിയമത്തെയോ പ്രവാചകരെയോ റദ്ദാക്കാനാണ് ഞാൻ വന്നിരിക്കുന്നത് എന്നു നിങ്ങൾ ധരിക്കേണ്ട; റദ്ദാക്കാനല്ല, നിറവേറ്റാനാണ് ഞാൻ വന്നിരിക്കുന്നത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും കടന്നുപോകും വരെ, എല്ലാം നിറവേറുവോളം നിയമത്തിൽ വള്ളി പുള്ളി മാറ്റം വരികയില്ല. (മത്തായി 5: 17,18,19). അതുപോലെ മത്തായി എട്ടാം അധ്യായത്തിൽ യേശു കുഷ്ഠരോഗിയെ ശുദ്ധനാക്കിയതിനു ശേഷം ഇപ്രകാരം പറഞ്ഞു: നീ പോയി പുരോഹിതനു നിന്നെ കാണിച്ചു കൊടുക്കുക. മോശെ വിധിച്ചിരിക്കുന്ന വഴിപാടുകൾ സമർപ്പിക്കുക. യേശു തന്റെ ശിഷ്യന്മാരോടും ജനക്കൂട്ടത്തോടും ഇപ്രകാരം പറഞ്ഞതായി മത്തായി നിവേദനം ചെയ്യുന്നു: വേദജ്ഞരും ഫരിസേയരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു അതുകൊണ്ട് അവർ നിങ്ങളോടു പറയുന്നവ ശ്രദ്ധിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുക. പക്ഷേ, അവർ ചെയ്യുന്നതു നിങ്ങൾ

പ്രമാണമാക്കരുത്. കാരണം, അവർ പ്രസംഗിക്കുന്നത് അവർ ചെയ്യുന്നില്ല. (മത്തായി 23:2,3). തന്റെ ഗിരിപ്രഭാഷണത്തിനൊടുവിൽ യേശു പറയുന്നു: ഇതത്രേ നിയമവും പ്രവാചകരും(മത്തായി 7:12) മോശെയുടെ നിയമം അന്നും ജനങ്ങൾക്ക് നിർബന്ധമാണെന്ന് യേശു വിശ്വസിച്ചിരുന്നു എന്നാണ് ഈ വചനങ്ങൾ കാണിക്കുന്നത്. തന്റെ ശിഷ്യന്മാരെയും മറ്റുള്ളവരെയും അദ്ദേഹം പഠിപ്പിച്ചത് ആ നിയമം അനുസരിക്കണമെന്നാണ്. പ്രവാചകന്മാരുടെയും നിയമത്തിന്റെയും സംഗ്രഹമെന്ന നിലയിലാണ് അദ്ദേഹം തന്റെ അധ്യാപനങ്ങളെ വിശദീകരിച്ചത്. അല്ലാതെ ഒരു പുതിയ മതം എന്ന നിലയിലല്ല. സുവിശേഷം സൂക്ഷ്മമായി ഒന്നു പരിശോധിച്ചാൽ യേശു ഒരു പുതിയ ന്യായപ്രമാണമോ മതമോ സ്ഥാപിച്ചിട്ടില്ലെന്ന് സ്പഷ്ടമായി തെളിയുന്നതാണ്.

ഇതുപോലെ, ഹദ്റത്ത് അഹ്മദ്(അ) ഒരു പുതിയ ന്യായപ്രമാണമോ മതമോ കൊണ്ടു വന്നിട്ടില്ല. അദ്ദേഹം യഥാർഥ ഇസ്‌ലാമികധ്യാപനത്തെ വിശദീകരിക്കുകയാണു ചെയ്തത്. യേശുവിന്റെ കാലത്ത് ജൂതമതത്തിൽ അനാചാരങ്ങളും കൂട്ടിച്ചേർക്കലുകളും ഉണ്ടായതിനെ തുടർന്ന് മോശെയുടെ യഥാർഥ പാഠങ്ങളെ പ്രതിനിധാനം ചെയ്യാൻ അതിനു കഴിയാതെ വന്നു. അതുപോലെ, വാഗ്ദത്ത മസീഹിന്റെ കാലത്തും ഇസ്‌ലാമിനോട് ചേർത്തു പറഞ്ഞിരിക്കുന്ന അധ്യാപനങ്ങൾ അതിന്റെ യഥാർഥ അധ്യാപനങ്ങളോട് പൊരുത്തപ്പെടാത്തവയായിരുന്നു.

മോശെയുടെ യഥാർഥ പാഠങ്ങളെയാണ് ഇന്ന് ക്രിസ്തുമതം പ്രതിനിധാനം ചെയ്യുന്നത് എന്നല്ല ഞാൻ അർഥമാക്കുന്നത്. അതൊട്ടും തന്നെ ശരിയല്ല ഞാൻ പറഞ്ഞതിന്റെ അർഥം മോശെയും യേശുവും പഠിപ്പിച്ചത് ഒന്നു തന്നെയാണ് എന്നാണ്. ഓരോരുത്തരും അവരുടെ കാലത്ത് വിസ്മരിക്കപ്പെട്ട കാര്യങ്ങളിൽ ഊന്നൽ നല്കി എന്ന വ്യത്യാസമാണുണ്ടായിരുന്നത്. കരുണ ചെയ്യണമെന്നും പ്രതിക്രിയ നടപടി സ്വീകരിക്കണമെന്നുമുള്ള രണ്ടു കല്പനകളും തൗറാത്തിലുണ്ട്. പക്ഷേ, മോശെയുടെ കാലത്ത് വാളുകൊണ്ട് ജൂതമതത്തെ തുടച്ചു നീക്കാനുള്ള ശ്രമം ഉണ്ടായതിനാൽ പ്രതികാര നടപടിയുമായി ബന്ധപ്പെട്ട വിധിവിലക്കുകളിലാണ് അദ്ദേഹം ഊന്നൽ നല്കിയത്. എന്നാൽ യേശുവിന്റെ കാലമായപ്പോഴേക്കും ജൂതമതത്തിനെതിരെ ശത്രുക്കൾ വാളെടുത്തിരുന്നില്ല. തന്നെയുമല്ല, ജൂതന്മാരുടെ സ്വഭാവം കഠിനതരവും കാരുണ്യമില്ലാ

ത്തതുമായി തീർന്നു. അതുകൊണ്ട് പൊറുത്തു കൊടുക്കേണ്ടതിലേക്ക് ഊന്നൽ നല്കാൻ യേശു നിർബന്ധിതനായി. ഇസ്‌ലാമിന്റെ കാര്യത്തിൽ സംഭവിച്ചതും മറ്റൊന്നല്ല. നബി(സ)തിരുമേനിയുടെ ശത്രുക്കൾ ഇസ്‌ലാമിനെ വാളു കൊണ്ട് നശിപ്പിക്കാൻ മുതിർന്നപ്പോൾ തിരുമേനിക്ക് വാളു കൊണ്ടുള്ള ജിഹാദിന് ആഹ്വാനം ചെയ്യേണ്ടി വന്നു. വാളു കൊണ്ട് മതത്തെ നശിപ്പിക്കാനോ അത്തരത്തിലുള്ള ഹീനകൃത്യങ്ങൾ പ്രചരിപ്പിക്കാനോ ഉള്ള ശ്രമങ്ങൾ ഇക്കാലത്ത് ഏതാണ്ട് അവസാനിച്ചിരിക്കുകയാണ്. ഇസ്‌ലാമിനാണെങ്കിൽ പ്രതിരോധത്തിന് സായുധസമരത്തിന്റെ ആവശ്യവുമില്ല. അതുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) മൈത്രിയിലും കാരുണ്യത്തിലും ഭക്തിയിലും ഊന്നൽ നല്കിക്കൊണ്ട് മാനവപുരോഗതിക്ക് സമയവും സമ്പത്തുമാണ് ബലിയർപ്പിക്കേണ്ടത് എന്ന് ആഹ്വാനം ചെയ്തു. ചുരുക്കത്തിൽ, ആദിമ ക്രിസ്തുദർശനം മോശെയോടും ജൂതമതത്തോടും ബന്ധപ്പെട്ടിരിക്കുന്ന അതേ നിലയാണ് നബി(സ) തിരുമേനിയോടും വിശുദ്ധ ഖുർആനോടും വാഗ്ദത്ത മസീഹും അഹ്മദിയ്യത്തും ബന്ധപ്പെട്ടിരിക്കുന്നത്.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

إِنَّآ أَرْسَلْنَآ إِلَيْكُمْ رَسُولًا شَٰهِدًا عَلَيْكُمْ كَمَآ أَرْسَلْنَآ إِلَىٰ فِرْعَوْنَ رَسُولًا ﴿١٦﴾

(സൂറ: മുസ്സമ്മിൽ 73:16)

"ഫിർഔന്റെയടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചതുപോലെ നിങ്ങൾക്കു സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു." ഈ വചനത്തിൽ നബി(സ)തിരുമേനിയെ മൂസാ നബി(അ)യുടെ സദൃശ്യനായിട്ടാണ് വിവരിച്ചിരിക്കുന്നത്. അങ്ങനെയൊരു പ്രവാചകനെക്കുറിച്ച് ആവർത്തനപുസ്തകം 18:18 ൽ ഇപ്രകാരം പ്രവചനമുണ്ട്: നിന്നെപ്പോലെ ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽ നിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എന്റെ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും.
ഇസ്രാഈല്യരുടെ സഹോദരന്മാരിൽ നിന്ന്, അതായത് ഇസ്മാഈലിന്റെ വംശത്തിൽ നിന്ന്, അവതരിച്ച, മൂസാക്ക് സദൃശ്യനും ന്യായപ്രമാണവാഹകനുമായ ഏതൊരു പ്രവാചകന്റെ നാവിൽ ദൈവം തന്റെ വചനങ്ങൾ നിവേശിപ്പിക്കുമെന്ന് പറഞ്ഞുവോ അത് മുഹമ്മദ് നബി(സ)തിരുമേനിയല്ലാതെ മറ്റാരുമല്ല. അതുകൊണ്ട് ആദ്യമസീഹ് ഹദ്റത്ത് മൂസാനബിയുടെ അനുയായികളിൽ നിന്ന് അവതരിച്ചതുപോലെ വാഗ്ദത്ത മസീഹ് നബി(സ)തിരുമേനിയുടെ

അനുയായികളിൽ നിന്നായിരുന്നു അവതരിക്കേണ്ടിയിരുന്നത്. യേശുവിന്റെ അധ്യാപനങ്ങൾക്ക് മോശെയുടെ അധ്യാപനത്തിലുള്ള അതേ സ്ഥാനം തന്നെയാണ് അദ്ദേഹത്തിന്റെ അധ്യാപനങ്ങൾക്ക് ഇസ്‌ലാമിലുള്ളത്.

## വാഗ്ദത്ത മസീഹുവാദത്തിന്റെ പൊതുസ്വഭാവം

വാഗ്ദത്ത മസീഹു വാദത്തിന്റെ കൃത്യമായ സ്വഭാവം ഇവിടെ വിവരിക്കുന്നത് അനിവാര്യമായിരിക്കും. ഈസാനബി(അ) ആകാശത്തിലെവിടെയോ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും ഒരു നിശ്ചിത കാലത്ത് അദ്ദേഹം ഭൂമിയിലേക്ക് തിരിച്ചു വരുമെന്നുമാണ് ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്നത്. വാഗ്ദത്ത മസീഹിനെക്കുറിച്ച് അവരോട് പറയുമ്പോൾ അഹ്മദികൾ പുനരർജന്മസിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരാണെന്ന് ധരിച്ചേക്കാം. പക്ഷേ, ഈസാനബിയുടെ റൂഹ്(ആത്മാവ്) പുനർജനിക്കുമെന്ന് വാഗ്ദത്ത മസീഹ്(അ) എവിടെയും വാദിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. വാഗ്ദത്ത മസീഹാണെന്ന തന്റെ വാദം കൊണ്ടുദ്ദേശിക്കുന്നത് ഈസാനബിയുടെ പ്രതാപത്തിലും ചൈതന്യത്തിലുമാണ് താൻ വന്നിരിക്കുന്നത് എന്നാണ്. ഈ രണ്ടാം വരവിനെക്കുറിച്ച് ഈസാനബി(അ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മസീഹിനു മുൻപ് ഏലിയാ പ്രവാചകൻ വീണ്ടും വരുമെന്നാണ് ജൂതന്മാർ വിശ്വസിച്ചിരുന്നത്. മസീഹിന്റെ ആവിർഭാവത്തിനു മുൻപ് ഏലിയാ പ്രവാചകന്റെ രണ്ടാം വരവിനെപ്പറ്റി ഒരു നിബന്ധനയെന്നോണം മലാഖി പുസ്തകത്തിൽ സൂചിപ്പിച്ചിരിക്കുന്നു. അതു പറയുന്നു:

മഹത്ത്വമേറിയതും ഭയജനകവുമായ കർത്താവിന്റെ ദിനം വരും മുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുക്കലേക്ക് അയക്കും.(മലാഖി4:5)

എന്നാൽ, ഇതു സംഭവിക്കാനിരിക്കെ യേശു വന്നെങ്കിലും ഏലിയ ആകാശത്തു നിന്ന് ഇറങ്ങിയില്ല യേശുവിനോട് ഈ കാര്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു:

യോഹന്നാന്റെ കാലം വരെ പ്രവാചകരും നിയമവും പ്രവചനം നടത്തി. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ ഇതു സ്വീകരിക്കുക; ഇയാളാണ് വരാനുണ്ടായിരുന്ന ഏലിയ.(മത്തായി11:13,14)

ഇങ്ങനെ, ആകാശത്തിൽ നിന്നുള്ള ഒരു പ്രവാചകന്റെ രണ്ടാം

വരവു കൊണ്ടുദ്ദേശിക്കുന്നത് അദ്ദേഹത്തിന് സദൃശ്യനായ വ്യക്തിയുടെ ആഗമനമാണെന്നാണ് യേശു വിശദീകരിച്ചത്. ഇതു പോലെയാണ് യേശുവിന്റെ രണ്ടാം വരവിനെയും വ്യാഖ്യാനിക്കേണ്ടത്. ഇത് ഒരു പ്രത്യേക സംഭവത്തിൽ നിന്നും ഊഹിച്ചെടുത്ത നിഗമനമല്ല. മറിച്ച്, തന്റെ രണ്ടാം വരവു കൊണ്ട് യേശു എപ്പോഴും ഉദ്ദേശിച്ചിരുന്നത് മറ്റൊരു പ്രവാചകന്റെ ആഗമനമാണെന്നു സ്ഥാപിക്കുന്നതിന് കൃത്യമായ തെളിവുണ്ട്. യേശു പറയുന്നു: കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ എന്നു പറയും വരെ നിങ്ങൾ എന്നെ ഇനി കാണുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. (മത്തായി 23:39)

ദൈവത്തിന്റെ പേരിൽ ഒരാൾ വരുമെന്ന് വിശ്വസിക്കുന്നവർക്കാണ് മസീഹിനെ കാണാൻ കഴിയുക എന്ന് ഈ വചനം വ്യക്തമാക്കുന്നു. ആ യേശു തന്നെ വരണം എന്നു ശാഠ്യം പിടിക്കുന്നവർ കാത്തിരിക്കുകയേയുള്ളു. അവരുടെ ആ കാത്തിരിപ്പ് ഫലം ചെയ്യില്ല.

ഇനി നമുക്ക് നോക്കാനുള്ളത് യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ച് എഴുതപ്പെട്ടതെല്ലാം മിർസാ ഗുലാം അഹ്മദി(അ)ൽ നിവർത്തിക്കപ്പെട്ടുവോ എന്നാണ്. യുദ്ധങ്ങളുണ്ടാകുമെന്ന് പറയപ്പെട്ടിരുന്നു. അവയാണെങ്കിൽ മുൻപ് ഒരിക്കലും കണ്ടിട്ടില്ലാത്ത വിധം ആധിക്യത്തോടെയാണ് ഉണ്ടായത്. പ്രത്യേകിച്ചും, കഴിഞ്ഞ ലോക മഹായുദ്ധം. പകർച്ചവ്യാധികൾ ഉണ്ടാകുമെന്ന് പ്രവചനം ചെയ്യപ്പെട്ടിരുന്നു. പക്ഷേ, ആരോഗ്യസംരക്ഷണ കാര്യത്തിൽ ലോകം വളരെയധികം വികസിച്ചിട്ടും പ്ലേഗും പകർച്ചപ്പനിയും വരുത്തി വെച്ച വിനകൾ സമാനതകളില്ലാത്തതാണ്. ഭൂകമ്പങ്ങൾ ഉണ്ടാകുമെന്ന് പ്രവചനം ചെയ്യപ്പെട്ടിരുന്നു. ഇപ്പോൾ നാം അനുഭവിച്ചു കൊണ്ടിരിക്കുന്ന ഭൂകമ്പങ്ങളുടെ തോതും തീവ്രതയും മുൻകാലങ്ങളിൽ നാം കാണാത്തവയാണ്. ക്ഷാമം ഉണ്ടാകുമെന്ന് പറയപ്പെട്ടിരുന്നു. വാഹനസൗകര്യങ്ങൾ ഇത്രയേറെ വികസിച്ചിട്ടും ലോകത്തിനെ ചില ഭാഗങ്ങളിൽ കഠിനമായ ക്ഷാമങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ സൂര്യനും ചന്ദ്രനും ഇരുണ്ടു പോകുമെന്നും നക്ഷത്രങ്ങൾ ഭൂമിയിൽ പതിക്കുമെന്നും എഴുതപ്പെട്ടിരുന്നു. 1894ൽ സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടായപ്പോൾ ഈ അടയാളങ്ങളും പ്രവചന പ്രകാരം വ്യക്തമായി പൂർത്തിയായി. അതുപോലെത്തന്നെ അസാധാരണമായ നിലയിലാണ് അദ്ദേഹത്തിന്റെ കാലത്ത് ഉല്ക്കവർഷം ഉണ്ടായത്.

മാത്രമല്ല, പ്രവചനപ്രകാരം മതാധിപത്യം അവസാനിക്കുകയും ആത്മീയകാര്യങ്ങളെ ജനങ്ങൾ തീരെ അവഗണിക്കുകയും ചെയ്ത തിനാൽ ആത്മീയ സ്വാധീനങ്ങൾക്ക് ഇളക്കം സംഭവിച്ചിരിക്കുന്നു. മസീഹിന്റെ ആഗമനത്തെക്കുറിച്ച് ചെയ്യപ്പെട്ട എല്ലാ പ്രവചനങ്ങളും വ്യക്തമാക്കുന്നത് മസീഹ് വരേണ്ട കാലം ഇതു തന്നെയാണ് എന്നാണ്.

## ഇത് മസീഹിന്റെ കാലമാണെന്നതിനുള്ള സാക്ഷ്യം

മുൻകാല പ്രവചനങ്ങൾക്കു പുറമെ ലോകത്തിന്റെ അവസ്ഥ ഒരു പ്രവാചകന്റെ ആഗമനത്തെ ആവശ്യപ്പെടുന്നു. കാരണം, പ്രവാചക ന്മാരെക്കുറിച്ച് നാം വായിച്ചിട്ടുള്ള ആ വിശ്വാസവെളിച്ചം നമുക്ക് ഇന്നെവിടെയാണ് കാണാൻ സാധിക്കുന്നത്? പ്രവാചകന്മാരും അവരുടെ അനുയായികളും മുഖേന ജനങ്ങൾ പതിവായി കാണാ റുള്ള അടയാളങ്ങളും അദ്ഭുതദൃഷ്ടാന്തങ്ങളും ആർക്ക് കാണിക്കാ നാകും? എല്ലാ മതഗ്രന്ഥങ്ങളിലും അത്തരം ഒരുപാട് സംഗതികൾ എഴുതപ്പെട്ടിരിക്കുന്നതായി കാണാം, പക്ഷേ അതിന്റെ പ്രായോ ഗിക തെളിവ് നമുക്ക് എവിടെയാണ് കണ്ടെത്താനാവുക? മോശെ യുടെ അനുയായികൾക്ക് അനുഗ്രഹമായി ലഭിച്ച പ്രവചനം ചെയ്യാ നുള്ള കഴിവ് എവിടെ? യേശുവിന്റെ ശിഷ്യന്മാർ പതിവായി കാണി ക്കാറുള്ള അടയാളങ്ങൾ എവിടെപ്പോയി? എല്ലാ മതഗ്രന്ഥങ്ങളും ജീവനുള്ള ദൈവത്തെക്കുറിച്ചാണല്ലോ പറയുന്നത്, ഇന്നും ആ ദൈവം ജീവിച്ചിരിപ്പുണ്ടോ? മോശെയുടെ അനുയായികളോട് യഹോവയും ശിഷ്യന്മാരോട് സ്വർഗസ്ഥനായ പിതാവും സൗരാഷ് ട്രന്മാരോട് യസ്ദാനും മുസ്‌ലിംകളോട് അല്ലാഹുവുവും സ്ഥാപിച്ചി രുന്ന ബന്ധം ഇന്നും അനുയായികളിൽ നിലനില്ക്കുന്നുണ്ടോ? ഇല്ലെങ്കിൽ, ഈ മാറ്റത്തിനുള്ള കാരണമെന്ത്? ഈ മാറ്റം സംഭവി ച്ചത് ദൈവത്തിനാണോ അല്ലെങ്കിൽ മനുഷ്യനാണോ? ഈ ചോദ്യ ത്തെ അഭിമുഖീകരിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു മാറാനും ഈ മാറ്റം സംഭവിച്ചിരിക്കുന്നു എന്ന് അംഗീകരിക്കാനും വേണ്ടി വെളിപാടു ഗ്രന്ഥങ്ങളിലെ ഉള്ളടക്കത്തെ ദുർവ്യാഖ്യാനിക്കാനും ഗ്രന്ഥഭാഗങ്ങ ൾക്ക് അവ കല്പിക്കാത്ത അർഥങ്ങൾ നല്കാനുമുള്ള ശ്രമമാണ് നടക്കുന്നത്. ഒരു വ്യാഖ്യാനം അനുപേക്ഷണീയമാകുന്നതിനു മുൻ പ് അതു പ്രസക്തമായിരിക്കേണ്ടതുമാണല്ലോ. ഒരു വ്യാഖ്യാനം ന്യായീകരിക്കപ്പെടുന്നത് അതിലുപയോഗിച്ചിരിക്കുന്ന പദങ്ങൾ ആലങ്കാരികമോ പ്രതിരൂപാത്മകമോ ആണെന്ന് അതിന്റെ സന്ദർ

ഭത്തിൽ നിന്നു സ്വയം തെളിയുകയോ അല്ലെങ്കിൽ സമാനമായ പദങ്ങൾ മറ്റിടങ്ങളിൽ പ്രയോഗിക്കുമ്പോൾ എപ്പോഴും അക്ഷരാർഥത്തിലല്ലാത്ത ഒരു വ്യാഖ്യാനം അതിനു ലഭിക്കുകയോ ചെയ്യുമ്പോഴാണ്. ഒരു പ്രത്യേക അർഥത്തിൽ മാത്രം എപ്പോഴും പ്രയുക്തമാകുന്ന ഭാഷാശൈലിക്കും ബാഹ്യാർഥത്തിൽ ഉപരിയായ അർഥം സൂചിപ്പിക്കാറുണ്ട്. അതല്ലെങ്കിൽ ഇന്ന സംഭവം ഇന്ന രീതിയിലാണ് നടന്നത്, ആ പദം സൂചിപ്പിക്കുന്ന ബാഹ്യാർഥത്തിലല്ല എന്നതിന് അഖണ്ഡമായ തെളിവു കണ്ടെത്താവുന്നതാണ്. അതുമല്ലെങ്കിൽ, പ്രതിപാദ്യ വിഷയം സ്ഥാപിത സത്യങ്ങൾക്കോ സ്പഷ്ടമായ ദൈവിക കല്പനകൾക്കോ വിരുദ്ധമാകാം. ഈ സാഹചര്യങ്ങളിലെല്ലാം തന്നെ പ്രസ്തുത ഗ്രന്ഥഭാഗങ്ങളുടെ ശരിയായ അർഥം കണ്ടെത്തുന്നതിന് അക്ഷരാർഥം ധ്വനിക്കാത്ത ഒരു വ്യാഖ്യാനം നല്കാൻ നാം നിർബന്ധിതരാണ്. സർവമതങ്ങളും നൂറ്റാണ്ടുകളായി വിശ്വസിച്ച് അംഗീകരിച്ച സത്യങ്ങളെ നിഷേധിക്കാൻ നമുക്കെങ്ങനെ കഴിയും?

ദൈവം തന്റെ ദാസരോട് സംസാരിച്ചതും അദ്ഭുത ദൃഷ്ടാന്തങ്ങൾ കാണിച്ചതും തന്റെ ദാസാരുമായുള്ള അവന്റെ ബന്ധവുമെല്ലാം മറ്റേതെങ്കിലും വിധത്തിലാണെന്നു നമുക്ക് വകവെച്ചു കൊടുക്കാമെങ്കിലും സംശയാതീതമായ നിലയിൽ ദൈവം മനുഷ്യനോട് ഒരിക്കലും സംസാരിച്ചിട്ടില്ലെന്നോ ഇന്ന മതത്തിന്റെയോ പ്രവാചകന്റെയോ സത്യത സ്ഥാപിക്കാൻ ദൈവം ഒരു അദ്ഭുതദൃഷ്ടാന്തവും കാണിച്ചിട്ടില്ലെന്നോ വ്യക്തമായി ഉറപ്പിക്കാനാവില്ല. ജനങ്ങൾ പൊതുവെ മനസ്സിലാക്കിയതിൽ നിന്നും വ്യത്യസ്തമായ നിലയിലുള്ള ബന്ധമായിരുന്നു ദൈവവും മനുഷ്യനും തമ്മിൽ പണ്ടുകാലങ്ങളിലുണ്ടായിരുന്നതെന്ന് നാം അംഗീകരിച്ചു കൊടുത്താലും താൻ ഇഷ്ടപ്പെടുന്നവരോട് തന്റെ ശക്തിയും സ്നേഹവും കാരുണ്യവുംപ്രകടിപ്പിക്കുന്ന സജീവനായ ഒരു ദൈവം ഉണ്ടെന്ന് ജനങ്ങൾക്ക് തീർപ്പാക്കാൻ കഴിയത്തക്ക രീതിയിൽ അവൻ തന്റെ ദാസരോട് ഒരിക്കലും പെരുമാറിയിട്ടില്ലെന്ന് വിവിധ മതങ്ങളുടെ വേദഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ നീതിപൂർവം നമുക്കു പറയാനാവില്ല. ഇനി നാം വ്യാഖ്യാനത്തിന്റെ വാതിലുകൾ തുറന്നിടുകയും അതിലെ പദങ്ങൾ മാത്രമല്ല, പൗരാണിക ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ള പ്രവാചകന്മാരുടെയും അവരുടെ അനുചരന്മാരുടെയും അനുയായികളുടെയും ജീവിതചൈതന്യത്തെ വ്യാഖ്യാനി

ച്ചാൽ തന്നെ വെളിപാടിറക്കിയ ദൈവം ആഗ്രഹിച്ചതെന്തോ അതു പൂർണമായി എത്തിക്കാൻ കഴിഞ്ഞില്ലെന്നു പറയാൻ നാം താമസി യാതെ നിർബന്ധിതരാവും. എന്നാൽ, അത്തരം ഒരു ന്യൂനത ദൈ വത്തിൽ ആരോപിക്കാൻ നമുക്കാവില്ല. അതിനാൽ തന്നെ സംഗതി അതല്ലെ ന്ന് പറയേണ്ടിയിരിക്കുന്നു. പ്രവാചകന്മാരും അവരുടെ അനുചരന്മാരും മുഖേന ദൈവം ദിവ്യാദ്ഭുതങ്ങൾ കാണിച്ചു എന്ന കാര്യത്തിൽ വേദഗ്രന്ഥങ്ങൾക്ക് ഏകാഭിപ്രായമാണുള്ളതെന്നും അനുയായികളുടെ വിശ്വാസം ദൃഢീകരിക്കുകയും പൂർണമാകു കയും ചെയ്യുക മാത്രമല്ല മറ്റുള്ളവരുടെ വിശ്വാസത്തിനും പുതു ജീവൻ വെക്കുകയും സർവശക്തനും സജീവനുമായ ദൈവത്തി ന്റെ അസ്തിത്വം ലോകത്ത് സ്ഥാപിതമാവുകയും ചെയ്യുന്ന വിധ ത്തിൽ വ്യക്തമായ നിലയിൽ അവൻ അവരോട് പെരുമാറിയെന്നും നാം  സമ്മതിക്കേണ്ടതാണ്.

മുൻകാലങ്ങളിലാണ് ഇതു സംഭവിച്ചത് എന്നത് ശരി തന്നെ. ഈ സംഗതികളുടെ സത്യാവസ്ഥയെക്കുറിച്ച് സംശയിക്കാവതുമല്ല. അതേസമയം ഇക്കാലത്ത് ഇതെന്തുകൊണ്ട് സംഭവിക്കുന്നില്ല എന്ന ത് ന്യായമായ ചോദ്യമാണ്. മുൻ കാലങ്ങളിൽ ദൈവം തന്റെ ദാസ രോട് സംസാരിച്ചിരുന്നെങ്കിൽ ഇക്കാലത്ത് അവൻ അവരോടു സംസാരിക്കാത്തത് എന്തുകൊണ്ട്? സങ്കീർണവും സംശയഗ്രസ്ത വുമായ കാലങ്ങളിൽ ദൈവം തന്റെ മാർഗദർശനങ്ങൾ ഇറക്കിയിരു ന്നെങ്കിൽ ഇക്കാലത്ത് അവൻ തന്റെ മാർഗദർശനത്തിന്റെ കവാട ങ്ങൾ മനുഷ്യന് തുറന്നു കൊടുക്കാത്തത് എന്തുകൊണ്ട്? എല്ലാ മതങ്ങളും വഴിപിഴച്ചെന്നും ഒരു സത്യവും അതിൽ കാണാനാവില്ലെ ന്നും അതനുസരിച്ച് പ്രവർത്തിച്ചാൽ ഫലമൊന്നും ലഭിക്കില്ലെന്നു മാണോ അതർഥമാക്കുന്നത്? അല്ലെങ്കിൽ, സത്യമതം നിലനില് ക്കുന്നുണ്ടെങ്കിലും മനുഷ്യൻ അതനുസരിച്ച് പ്രവർത്തിക്കാത്തതു കൊണ്ടാണ് ആത്മീയ ലോകത്ത് അഭിവൃദ്ധിപ്പെടാത്തത് എന്നാ കാമോ? ഏതു കാഴ്ചപ്പാടു നാം സ്വീകരിച്ചാലും ഒരു പുതിയ മത ത്തിന്റെ ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയ ദൈവം അങ്ങനെയൊ ന്ന് എന്തുകൊണ്ട് ഇറക്കിയില്ല എന്ന ചോദ്യം ഉയരുന്നതാണ്. അനു സരിച്ചു പ്രവർത്തിക്കാൻ ഒരു മാർഗദർശനം അവൻ ആദ്യമേ തന്നി ട്ടുണ്ടെങ്കിൽ, ജനങ്ങൾ അതിൽ ശ്രദ്ധിക്കാതിരുക്കുകയാണ് ചെയ്ത തെങ്കിൽ അവരെ സത്പന്ഥാവിലേക്ക് നയിക്കാനും ദൈവസാമീ പ്യം ലഭിച്ച് അങ്ങനെ സൃഷ്ടിയുദ്ദേശ്യം നിവർത്തിക്കപ്പെടുന്നതിനു

മായി ഒരു പരിഷ്ക്കർത്താവിനെ അവൻ എന്തുകൊണ്ട് എഴുന്നേല്പിച്ചില്ല? ലൗകികതയിലകപ്പെട്ട് ഉഴറുന്ന മാനവസമൂഹത്തെക്കണ്ട് കാരുണ്യവാനും സ്നേഹനിധിയുമായ ദൈവം അനങ്ങാതിരിക്കുകയും അവരുടെ സന്മാർഗത്തിനായി ഒരേർപ്പാടും ചെയ്യുകയില്ലെന്നും വിശ്വസിക്കാൻ പ്രയാസമാണ്. ദൈവം മാതാപിതാക്കളേക്കാൾ കാരുണ്യവാനായിരിക്കേണ്ടതാണല്ലോ. മാതാപിതാക്കൾ മനുഷ്യസൃഷ്ടിപ്പിനുള്ള ഒരുപാധി മാത്രമാകുന്നു. എന്നാൽ, ദൈവം അവരുടെ സ്രഷ്ടാവാണെന്നു മാത്രമല്ല മനുഷ്യസൃഷ്ടിപ്പിന്റെ പരമലക്ഷ്യവും കൂടിയാണ്. മാതാപിതാക്കളുമായുള്ള കുട്ടിയുടെ ബന്ധം താത്കാലികമാകുന്നു. എന്നാൽ ദൈവവുമായി അവനുള്ള ബന്ധം ശാശ്വതമാണ്. മാതാപിതാക്കളുടെ കഴിവുകളും സ്രോതസ്സുകളും പരിമിതവും നശ്വരവുമാണ്. എന്നാൽ ദൈവത്തിന്റെ ശക്തിപ്രഭാവങ്ങൾ അപരിമിതവും അവന്റെ ഖജനാവ് ശോഷിക്കാത്തതുമാണ്. തന്റെ സൃഷ്ടികളോട് ഈ രീതിയിൽ പെരുമാറുന്ന, പരമമായ ശക്തിക്കുടമയായ ആ ദൈവം തന്റെ സൃഷ്ടികളെ വിസ്മരിച്ചു കൊണ്ട് അവരുടെ യാതനകളോട് നിസ്സംഗത കാണിക്കുക സാധ്യമല്ല. തന്റെ ദുർബല സൃഷ്ടികളോട് കരുണ കാണിക്കണമെന്ന് നിഷ്കർഷിക്കുന്നവൻ മാനവരാശിക്ക് ആദ്ധ്യാത്മിക മാർഗദർശനത്തിനും ആത്മീയോത്കർഷത്തിനുമുള്ള ഏർപ്പാടു ചെയ്യാതെ അന്ധകാരത്തിൽ അലക്ഷ്യമായി അലഞ്ഞു തിരിയാൻ വിട്ടുകളയുകയും വെളിച്ചം തേടി നടക്കുന്നവരെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യാൻ മാത്രം നിർദയനല്ല. ഒരു ദൈവമുണ്ടെങ്കിൽ അവൻ അത് അനുവദിക്കുകയില്ല തന്നെ. തന്റെ ദാസരുടെ വിഷമസന്ധികളെ മനസ്സിലാക്കുന്ന ദൈവം അവയെ ഇല്ലായ്മ ചെയ്യാനുള്ള സൗകര്യം ചെയ്യുന്നില്ലെങ്കിൽ ഒന്നുകിൽ അവന് മാനവരാശിയെ സന്മാർഗത്തിൽ നടത്താനുള്ള കഴിവില്ലെന്നോ അല്ലെങ്കിൽ ദൈവികഭാഷണം സിദ്ധിക്കുകയല്ല മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യമെന്നോ മൃഗങ്ങളെ പോലെ വെറും അന്നപാനത്തിനും ലൗകികാസ്വാദനത്തിനും വേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നോ പറഞ്ഞ് അവസാനിപ്പിക്കേണ്ടിവരും. ഇതിലെ ഓരോ കാര്യവും അസ്വീകാര്യമാണ്. പ്രപഞ്ചം സൃഷ്ടിച്ചവന് മാനവരാശിയുടെ ആത്മീയോത്കർഷത്തിനു വേണ്ട മാർഗങ്ങൾ ഏർപ്പെടുത്താനുള്ള ശക്തിയില്ലെന്ന് ചിന്തിക്കുന്നത് അസംബന്ധമാണ്. എല്ലാം സൃഷ്ടിച്ചവന് അതിലെ ഒരു ഭാഗം സൃഷ്ടിക്കാനുള്ള കഴിവുണ്ടായിരിക്കണം. സ്രഷ്ടാവായ ദൈവത്തിന്റെ അസ്തിത്വത്തെ അംഗീകരി

ക്കുന്ന പക്ഷം അവൻ സർവശക്തനാണെന്നും അവന് ഒന്നും തന്നെ അസാധ്യമായിട്ടില്ലെന്നും അവന്റെ പരിശുദ്ധിക്കും മഹത്ത്വത്തിനും എതിരായിട്ടുള്ളതൊഴിച്ചുള്ള സകലതും ചെയ്യാൻ അവനാകുമെന്നും നാം അംഗീകരിക്കേണ്ടതാണ്. ലൗകികമായ നിലനില്പിനു വേണ്ടി മാത്രമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും നമുക്ക് ചിന്തിക്കാവതല്ല. എന്തെന്നാൽ, അങ്ങനെ വരുമ്പോൾ യുക്തിജ്ഞനും സർവജ്ഞനുമായ ദൈവം ഈ മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ഒരു ലക്ഷ്യമില്ലാതെയാണെന്നു പറയേണ്ടി വരും. ഒരു യന്ത്രം പോലും ലക്ഷ്യമില്ലാതെ വെറുതേ പ്രവർത്തിച്ചു കൊണ്ടിരിക്കാൻ വേണ്ടി മാത്രം നിർമിക്കപ്പെട്ടിട്ടില്ല. ഒരു നിശ്ചിത ലക്ഷ്യത്തിനായിട്ടാണ് ഓരോ യന്ത്രവും നിർമിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം വെറും അന്നപാനത്തിനും ഉറക്കമനക്കങ്ങൾക്കും വേണ്ടിയാണെങ്കിൽ ലൗകികസുഖാനുഭൂതികൾക്കു വേണ്ടി മാത്രമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നാണ് അത് അർഥമാക്കുക. വ്യക്തിക്ക് തന്റെ സൃഷ്ടിപ്പിൽ യാതൊരു ലക്ഷ്യവുമില്ലെങ്കിൽ പരസ്പര സഹായത്തെ ജീവിതലക്ഷ്യമായി കരുതാനാവില്ല. തന്നെയുമല്ല, എല്ലാ സാത്വികരും, അവർ സിറിയ, അറേബ്യ, പേർഷ്യ, ഇന്ത്യ ചൈന ഏതു രാജ്യത്ത് അവതരിച്ചവരാണെങ്കിലും ശരി, നഊദുബില്ലാഹ് വ്യാജന്മാരും കറ്റുകെട്ടുകാരുമാണെന്ന് വിചാരിക്കേണ്ടി വരും. മാനവരാശിക്ക് സന്മാർഗം നല്കുകയെന്ന ചുമതല ദൈവത്താൽ അർപ്പിക്കപ്പെട്ടവരാണ് തങ്ങളെന്ന് അവർ പഠിപ്പിച്ചെങ്കിലും മാനവരാശിക്ക് മാർദർശനമേകാൻ ദൈവം അശക്തനായതിനാലും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദിവ്യഭാഷണം കരഗതമാകണമെന്ന ലക്ഷ്യത്തിനു വേണ്ടിയല്ലാത്തതിനാലും അവർ അങ്ങനെയൊരു ചുമതലയർപ്പിക്കപ്പെടാവതല്ലല്ലോ. എന്നാൽ, സമൃദ്ധവും സാത്വികവും സംശുദ്ധവുമായ കാര്യങ്ങൾക്ക് കാരണഭൂതരായ, സത്യത്തിന്റെയും വിശുദ്ധിയുടെയും പരിപൂർണ മാതൃകയായ, ലോകത്ത് ധാർമിക വിപ്ലവം ഉണ്ടാക്കുകയും നന്മയോടും പവിത്രതയോടുമുള്ള സ്നേഹം മനുഷ്യഹൃദയങ്ങളിൽ സന്നിവേശിപ്പിക്കുകയും ചെയ്ത ഇവർ ലോകം സൃഷ്ടിച്ചതിൽ ഏറ്റവും വലിയ വ്യാജന്മാരും കറ്റുകെട്ടുകാരുമാണെന്നും ആ വഞ്ചനയിലേക്കാണ് അവർ ജനങ്ങളെ വിളിച്ചതെന്നും ചിന്തിക്കാൻ നമ്മുടെ യുക്തി അനുവദിക്കുമോ? മാനവരാശിയുടെ ധൈഷണികവും ധാർമികവും ആധ്യാത്മികവുമായ ഉന്നമനത്തിന്റെയെല്ലാം പ്രശംസക്കർഹരാവരെ, കാലത്തിനു പോലും മായ്ക്കാനാകാത്ത വിധം

മനുഷ്യഹൃദയങ്ങളിൽ സ്വാധീനം ചെലുത്തിയവരെ, ബുദ്ധിക്ക് സ്ഥിരതയില്ലാത്തവരും തങ്ങളുടെ തന്നെ കാല്പനികസൃഷ്ടിയിലെ പ്രപഞ്ചത്തെ വിഭാവനം ചെയ്യുന്നവരുമാണെന്നു വിശ്വസിക്കാൻ നമുക്കു കഴിയുമോ? അതിനു സാധ്യമല്ലെങ്കിൽ, തീർച്ചയായും അതു സാധ്യമല്ല തന്നെ, മനുഷ്യനെ ദൈവത്തിലേക്കെത്തിക്കുന്ന ചില മതങ്ങളുണ്ടാകണമെന്ന് തീർച്ചപ്പെടുത്താതെ രക്ഷയില്ല. നിലവിലുള്ള എല്ലാ മതങ്ങളും അലങ്കോലപ്പെട്ടിട്ടുണ്ടെങ്കിൽ മാനവരാശിയുടെ മാർഗദർശനത്തിന് ഒരു പുതിയ മതം വെളിപ്പെടേണ്ടതാണ്. ഇനി മനുഷ്യനെ ദൈവത്തിലേക്ക് അടുപ്പിക്കുന്ന മതം ലോകത്ത് നിലനില്ക്കുകയും മനുഷ്യൻ അതിൽ ശ്രദ്ധിക്കാത്തതു കൊണ്ടാണ് അതിന്റെ ലക്ഷ്യം നിവർത്തിക്കാൻ സാധ്യമാകാത്തതെങ്കിൽ ജനങ്ങളിൽ പ്രബോധനം നടത്തുകയും അവരെ ദൈവത്തോടടുപ്പിക്കുകയും ചെയ്യുന്ന ഒരു പരിഷ്ക്കർത്താവ് എഴുന്നേല്പിക്കപ്പെടേണ്ടതാണ്. സത്യം തീർത്തും തിരോഥാനം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും അതു സംശങ്ങയളാൽ വലയം ചെയ്ത് മാനവരാശിയുടെ മാർഗദർശനത്തിന് അനുയോജ്യമല്ലാതായിരിക്കുന്നു എന്നുമുള്ള കാഴ്ചപ്പാടാണ് യുക്തിബോധമുള്ള എല്ലാവരുടെയും എന്നെനിക്ക് ഉറപ്പാണ്. രണ്ടാമത്തെ സാധ്യത, ആദ്യത്തേതിന്റേതു പോലെ മനുഷ്യന്റെ ആത്മീയാഭിവൃദ്ധിക്ക് അപകടകരമാണ്. ഒരു പരിപൂർണ മതം ലോകത്ത് നിലനില്ക്കുന്നുണ്ട് എന്നാണ് എല്ലാ മതാനുയായികളും വിശ്വസിക്കുന്നത്. അതേസമയം മുൻകാലങ്ങളിലെ പോലെ പൂർണ മനുഷ്യരെ നിർമിക്കാൻ എല്ലാ മതങ്ങൾക്കും കഴിവില്ലെന്നും കഴിഞ്ഞ കാലങ്ങളിലുണ്ടായപോലെ ദൈവവും മനുഷ്യനും തമ്മിൽ ബന്ധം സ്ഥാപിക്കാൻ അവ അശക്തമാണെന്നും നാം കാണുന്നു. തന്റെ ശക്തിവിലാസങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് ജനമനസ്സുകളിൽ ഒരു പരിവർത്തനം സംജാതമാക്കുമാറ് സത്യമതത്തെ ദൈവം എന്തുകൊണ്ട് ലോകത്ത് അവതരിപ്പിക്കുന്നില്ല? ഇതു തന്നെയല്ലേ മതത്തിന്റെ ലക്ഷ്യവും? സുന്ദരമായി താൻ നിർമിച്ച ഒരു വീടിന്റെ കേടുപാടുകൾ തീർക്കാതെ അതിനെ നശിക്കാൻ മനുഷ്യൻ വിടുമോ? അല്ലെങ്കിൽ വളരെ മനോഹരമായ പൂങ്കാവനം മനുഷ്യൻ ഉണ്ടാക്കുന്നത് വെള്ളം ലഭിക്കാതെ ഉണങ്ങി നശിക്കാൻ വേണ്ടിയാണോ?

അങ്ങനെയല്ലെങ്കിൽ, മാനവരാശിയുടെ മാർഗദർശനത്തിന് ദൈവം ഒരു പരിപൂർണ മതം അവതരിപ്പിക്കുകയും എന്നാൽ അതിനെ

സംരക്ഷിക്കാൻ വേണ്ട ഏർപ്പാടു ചെയ്യുന്നതിൽ പരാജയപ്പെട്ടെന്ന് ചിന്തിക്കാൻ സാധിക്കുന്നതെങ്ങനെ? മൂസാ നബിക്കു ശേഷം ജൂത മതത്തെ സജീവമായി നിലനിർത്താനും ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ ആ മതം അവതരിപ്പിക്കപ്പെട്ടത് അതു നിവർത്തി ക്കപ്പെടാനും വേണ്ടി ദൈവം തുടരെ തുടരെ പ്രവാചകമാരെ അയ ക്കുകയും, ഈസാ നബിക്കു ശേഷം ക്രിസ്തുമതത്തിന്റെ സ്പിരിറ്റ് നിലനിർത്തുന്നവരെ അവൻ നിയോഗിക്കുകയും, വേദങ്ങളുടെ അവതരണത്തിനു ശേഷം ആ അധ്യാപനങ്ങൾ നടപ്പിൽ വരുത്താ ൻ വേണ്ടി ശ്രീകൃഷ്ണനെയും ശ്രീരാമനെയും മറ്റു പരിശുദ്ധാത്മാ ക്കളെയും അയക്കുകയും, സൗരാഷ്ട്രർക്കു ശേഷം ആ മതത്തിന്റെ സംരക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്യുകയും നബി(സ)തിരുമേ നിക്കു ശേഷം വെളിപാടിന്റെ സഹായത്തോടെ ഇസ്‌ലാമിന്റെ കല് പനകൾ വിശദീകരിക്കുകയും ആ മതത്തെ സജീവമാക്കുകയും ചെയ്യുന്നവരെ നിരന്തരം നിയോഗിക്കുകയും ചെയ്തതായി നാം കാണുന്നില്ലേ? സത്യമതത്തെ സംരക്ഷിക്കുന്ന ഏർപ്പാട് അവനി പ്പോൾ നിർത്തലാക്കിയെന്ന് നമുക്ക് വിശ്വസിക്കാൻ കഴിയുന്നതെ ങ്ങനെ? ഇനി പൗരാണിക മതങ്ങളൊന്നും ദൈവികസംരക്ഷണ ത്തിന്റെ വാദം ഉന്നയിക്കാതിരിക്കുകയും അതിനുള്ള തെളിവു നല് കാതിരിക്കുകയുമാണ് ചെയ്യുന്നതെങ്കിൽ താമസം ഒഴിഞ്ഞ വീട് നശിക്കുന്നതു പോലെ, അല്ലെങ്കിൽ വാടാൻ തുടങ്ങുന്ന പൂന്തോട്ടം വെട്ടി മാറ്റുന്നതു പോലെ ഈ മതങ്ങളെല്ലാം അവയുടെ കാലം കഴിച്ചു കൂട്ടുകയും അവയുടെ അവതരണോദ്ദേശ്യം പൂർത്തിയാക്കി യതിനാൽ ദൈവം അവയെ നശിക്കാൻ വിട്ടിരിക്കുന്നുവെന്നും മാന വരാശിയുടെ മാർഗദർശനത്തിനായി ഒരു നൂതന മതം അവൻ നല്കിയിരിക്കുന്നുവെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ചുരു ക്കത്തിൽ, ഈ സംഗതിയെ നാം ഏതുരീതിയിൽ വീക്ഷിച്ചാലും ദൈവത്താൽ മാർഗദർശനം സിദ്ധിച്ച ഒരു ആത്മീയ ഗുരുവിന്റെ ആഗമനത്തെയാണ് ലോകത്തിലെ സമകാലിക സാഹചര്യങ്ങൾ വിളിച്ചോതുന്നത് എന്നു പറയാതെ വയ്യ. ആത്മീയ ക്ലേശം അനുഭ വിക്കുന്ന മനുഷ്യാത്മാക്കൾ സ്വർഗത്തിലേക്ക് പ്രതീക്ഷയോടെ ഉറ്റു നോക്കുകയാണ്. അവരിൽ അനുതാപം കാണിച്ചു കൊണ്ടു ദൈവ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും കവാടങ്ങൾ തുറന്നു കിട്ടുന്നതിനു വേണ്ടി, മുൻഗാമികൾക്കു ലഭിച്ചതു പോലുള്ള വര ദാനങ്ങൾ ലഭിക്കുന്നതിനു വേണ്ടി, അവരുടെ കണ്ണുകളുടെയും മനസ്സിന്റെയും അന്ധത ഭേദമാക്കിക്കൊണ്ട് ആത്മീയന്ധകാരത്തെ

ഉയർത്തുകയും സൃഷ്ടിയുദ്ദേശ്യമായ ശാശ്വത ജീവിതത്തിലേക്ക് മനുഷ്യനെ നയിക്കുകയും ചെയ്യുന്നതിനു വേണ്ടി, കണ്ണീരോടും മനോവേദനയോടും കൂടി അവർ ദൈവത്തോട് കേണപേക്ഷിക്കുകയാണ്.

## ദൈവികസംരക്ഷണം അവകാശപ്പെടുന്ന ഏക മതമാണ് ഇസ്‌ലാം

ആത്മീയ ജീവിതത്തിനു വേണ്ടി ദാഹിക്കുകയും ദൈവത്തെ പ്രാപിക്കാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്ന ജനങ്ങളേ! നിങ്ങൾക്ക് അങ്ങേയറ്റം ആവശ്യമായത് ഇസ്‌ലാം നല്കുന്നുവെന്ന സുവാർത്ത ഞാൻ നിങ്ങളെ അറിയിക്കട്ടെ. മരിച്ചവരെ ജീവിപ്പിക്കുകയും അന്ധർക്ക് കാഴ്ച നല്കുകയും ബധിരർക്ക് കേൾവി നല്കുകയും വികലാംഗരെയും കുഷ്ഠരോഗികളെയും സുഖപ്പെടുത്തുകയും ചെയ്യുന്ന ആൾ, കാലഘട്ടത്തിന്റെ ആവശ്യാർഥം മുൻ പ്രവാചകന്മാരുടെ പ്രവചനങ്ങളെ സാക്ഷാത്കരിച്ചു കൊണ്ട് മിശിഹായുടെ നാമത്താലും ചൈതന്യത്താലും എന്നല്ല എല്ലാ പ്രവാചകന്മാരുടെ ശക്തിയിലും ചൈതന്യത്തിലും ആയിക്കൊണ്ട് സ്വർഗത്തു നിന്നു അവതരിച്ചിരിച്ചിരിക്കുന്നു; ദൈവത്തിന്റെ വരിഷ്ഠരായ എല്ലാ പ്രവാചകന്മാരും സ്വർഗത്തിൽ നിന്ന് ഇറങ്ങിയതു പോലെ. യെശയ്യാവിന്റെ പ്രവചനപ്രകാരം പാപത്തിന്റെ ഇരുട്ടിൽ നിന്ന് ലോകത്തെ രക്ഷിക്കാൻ പൗരസ്ത്യ ദേശത്താണ് അദ്ദേഹം അവതരിച്ചത്. ഈ സദ്‌വൃത്തനെ പൗരസ്ത്യ നാട്ടിൽ നിന്നും ഉയർത്തിയതാര്?

മനുഷ്യരേ, കേൾക്കുവിൻ! ഇസ്‌ലാം മതത്തെക്കുറിച്ചു മാത്രമാണ് ദൈവം സംരക്ഷിക്കുമെന്ന് വാഗ്ദാനം നല്കിയിരിക്കുന്നത്. അത് അവൻ സംരക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ ഇപ്പോൾ മാർഗദർശനത്തിനു വേണ്ടി ദൈവം തിരഞ്ഞെടുത്തിട്ടുള്ള ഒരേ ഒരു മതമാണിത്. അല്ലാത്ത പക്ഷം, ഇതിന് സംരക്ഷണ വാഗ്ദാനം നല്കുകയും മറ്റു മതങ്ങളെ സംരക്ഷിക്കാതെ കൈവിടുകയും ചെയ്യുമായിരുന്നില്ലല്ലോ. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ ۝١٠ (അൽഹിജ്ർ 15:10)

*"നിശ്ചയമായും നാമാണ് ഇത് ഇറക്കിയത് നാം തന്നെ ഇതിനെ സംരക്ഷിക്കുന്നതാണ്."*

ഈ പ്രവചനമനുസരിച്ച്, ചരിത്രത്തിൽ സമാനതകളില്ലാത്ത വിധം വിശുദ്ധ ഖുർആൻ അക്ഷരപരമായും അർഥപരമായും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഒരു സ്വരാക്ഷരത്തിനു പോലും മാറ്റം വരാതെ നൂറ്റാണ്ടുകളോളം അതിന്റെ മൂലരൂപത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന ലോകത്തിലെ ഏക ഗ്രന്ഥമാണ് ഖുർആനെന്ന് എല്ലാവരാലും പരക്കെ അംഗീകരിക്കപ്പെട്ട സംഗതിയാണ്. ഇനി ഇത് നശിക്കുകയോ ലോകത്തു നിന്ന് അപ്രത്യക്ഷമായാൽ തന്നെ അതിന്റെ മൂലരൂപത്തിൽ ഹാജരാക്കുന്നതിനു വേണ്ടി ഒരോ തലമുറയിലെയും ലക്ഷക്കണക്കിന് ആളുകൾ അതു ഹൃദിസ്ഥമാക്കിയിരിക്കുന്നു.

മാത്രമല്ല, വിശുദ്ധ ഖുർആന്റെ അർഥപരമായ സംരക്ഷണം അദ്ഭുതകരമായ നിലയിലാണ് നിർവഹിക്കപ്പെട്ടിരിക്കുന്നത്. നബി(സ) തിരുമേനി അരുളി:

انّ اللّٰه يبعث لهٰذه الامّة علٰى رأس كلّ مئة سنةٍ مّن يّجدّد لها دينها (ابوداؤد باب الملاحم)*

ഈ പ്രവചനമനുസരിച്ച് ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ ഇത്തരം ആളുകൾ ഇസ്‌ലാമിൽ ആവിർഭവിച്ചിട്ടുണ്ട്. എങ്കിലും ഒരു നീണ്ട ഇടവേളയ്ക്കു ശേഷം ഗൗരവമേറിയ ദൗർബല്യങ്ങൾ മതത്തിൽ കടന്നു കൂടിയതു കാരണം സമൂലമായ ഒരു പരിവർത്തനം സംജാതമാക്കുന്നതിന് ഒരു മഹാപരിഷ്കർത്താവ് എഴുന്നേൽപിക്കപ്പെട്ടു. മൂസാ നബിയുടെ പരമ്പരയിലെ അവസാനത്തിലും ഇതു തന്നെയാണ് സംഭവിച്ചത്. മൂസാനബിക്കു ശേഷമുള്ള 13 നൂറ്റാണ്ടുകളിൽ അനേകം പ്രവാചകന്മാർ ആവിർഭവിച്ചിട്ടും മറ്റു പ്രവാചകന്മാരെക്കാൾ മഹത്തരവും വിശാലവുമായ ദൗത്യവുമായി ഈസാ നബി(അ)യെ പോലുള്ള മഹാപരിഷ്കർത്താവിനെ എഴുന്നേൽപ്പിക്കേണ്ടി വന്നല്ലോ.

ഈ പൊതു നിയമം ഇസ്‌ലാമിനും ബാധകമാണ്. അവസാന കാലത്ത് ഇസ്‌ലാമിന്റെ വർദ്ധിച്ചു വരുന്ന പുരോഗതി തടയപ്പെടുമെന്നു മാത്രമല്ല മുസ്‌ലിം മനസ്സുകളിൽ നിന്നു തന്നെ അതിന്റെ ആത്മീയപ്രഭാവം നഷ്ടപ്പെട്ടു പോകുമെന്നും യഥാർഥ അധ്യാപനങ്ങൾക്ക് പകരം പലവിധ ദുർവ്യാഖ്യാനങ്ങളും അതിൽ സ്ഥാനം

* മുസൽമാന്മാരുടെ മതപരമായ തെറ്റുകൾ തിരുത്തി അവർക്ക് നവജീവൻ നല്കുന്ന ആളുകളെ അവർക്കുവേണ്ടി എല്ലാ നൂറ്റാണ്ടിന്റെ തലക്കലും അല്ലാഹും എഴുന്നേല്പിക്കുന്നതാണ്. (അബുദാവൂദ്)

പിടിക്കുമെന്നും മുൻപേ തന്നെ പ്രവചിക്കപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ മൂസാ നബിയുടെ പരമ്പരയിൽ ഈസാനബി നിർവഹിച്ചതു പോലുള്ള ദൗത്യം നിർവഹിക്കുന്നതിനു വേണ്ടി മുസ്‌ലിംകളിൽ നിന്നും അല്ലാഹു ഒരു മസീഹിനെ എഴുന്നേൽപ്പിക്കുന്നതാണെന്ന് വാഗ്ദാനം ചെയ്യപ്പെട്ടതാണ്. മൂസാനബിക്കു ശേഷം ആയിരത്തി മുന്നൂറ് കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ ഈസാനബി(അ) അവതരിച്ചതു പോലെ നബി(സ)തിരുമേനിക്കു ശേഷം 1300 വർഷം കഴിഞ്ഞാണ് വാഗ്ദത്ത മസീഹ്(അ) ആഗതരായത്. ഈസാനബി(അ)യുടെ കാലത്ത് ജനങ്ങൾ അകപ്പെട്ടിരുന്ന അതേ അബദ്ധ വിശ്വാസങ്ങളിലാണ് വാഗ്ദത്ത മസീഹിന്റെ കാലത്തും ജനങ്ങൾ അകപ്പെട്ടിരിക്കുന്നത്. ആകാശത്തു നിന്ന് ഏലിയാവ് ഇറങ്ങുമെന്ന് അക്കാലത്ത് ജനങ്ങൾ പ്രതീക്ഷിച്ചു. അദ്ദേഹത്തിനു പകരമായി അയക്കപ്പെട്ടത് മറ്റുള്ളവരെപ്പോലെത്തന്നെ ഉമ്മയുടെ ഗർഭപാത്രത്തിൽ നിന്നു ജനിച്ച യഹ്‌യാ നബി(അ)യായിരുന്നു. ഇക്കാലത്ത് ഈസാനബി സ്വയം ആകാശത്തു നിന്ന് ഇറങ്ങുമെന്നാണ് ജനങ്ങൾ പ്രതീക്ഷിച്ചത്. എന്നാൽ, ഒരു മസീഹ് അവർക്കായി അയക്കപ്പെട്ടു. ആത്മീയന്ധത ബാധിച്ചവരുടെ നോട്ടത്തിൽ അദ്ദേഹം ഭൂമിയിൽ നിന്നാണ് വന്നത്. വാസ്തവത്തിൽ അദ്ദേഹം സ്വർഗത്തിൽ നിന്നു തന്നെയായിരുന്നു വന്നത്; ഭൂമിയുമായി പൊതുവേ യാതൊരു ബന്ധവുമില്ലായിരുന്നു. അങ്ങനെയായിരുന്നില്ലെങ്കിൽ ആയിരക്കണക്കിനാളുകളെ സ്വർഗീയവസ്ഥയിലേക്ക് നയിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. മനുഷ്യന്റെ ഓർമ എത്ര ദുർബലമാണ്! യേശു ആകാശത്തു നിന്നും ഇറങ്ങുമെന്ന് അവർ പ്രതീക്ഷിക്കുന്നു. എന്നാൽ ഈ ഭൂമിയിൽ വെച്ച് അദ്ദേഹം പറഞ്ഞ വാക്കുകൾ വിസ്മരിച്ചിരിക്കുകയാണ്. അദ്ദേഹം പറഞ്ഞു: "ആകാശത്തുനിന്നു വന്നവനല്ലാതെ ആകാശത്തേക്ക് പോയിട്ടില്ല." യേശു ഭൂമിയിലാണ് ജനിച്ചത്; ആകാശത്തു നിന്ന് വന്നതല്ല എന്ന് അറിഞ്ഞിരിക്കെ അദ്ദേഹത്തിന്റെ പുനരാഗമനം ആകാശത്തു നിന്നായിരിക്കുമെന്നുള്ള ഇക്കൂട്ടരുടെ വിശ്വാസം വിചിത്രമല്ലേ? ആകാശത്തു നിന്നു വന്നവനല്ലാതെ ആകാശത്തേക്ക് പോകാൻ കഴിയില്ലെന്ന് അദ്ദേഹം തന്നെ സ്വയം പറയുമ്പോൾ ഭൂമിയിൽ ജനിച്ച തനിക്ക് ആകാശത്തേക്ക് പോകാൻ സാധ്യമല്ലാത്തതിനാൽ ആകാശത്ത് നിന്ന് ഇറങ്ങാനും സാധ്യമല്ല എന്നാണ് അർഥമാക്കുന്നത്. ഇനി അദ്ദേഹം കന്യാമറിയമിന് ജനിച്ചതു കൊണ്ട് ആ ജനനത്തെ ആകാശത്തു നിന്നുള്ള ഇറക്കമായി കരുതാമെങ്കിൽ അദ്ദേഹത്തി

ന്റെ ആകാശാരോഹണത്തിനും ഇതു പോലുള്ള അർഥം എന്തു കൊണ്ട് നല്കി കൂടാ? യേശു കന്യാമറിയത്തിനു ജനിച്ചു എന്നതു കൊണ്ട് അദ്ദേഹത്തിന്റെ ആകാശത്തു നിന്നുള്ള ഇറക്കമായി വിശദീകരിക്കാമെങ്കിൽ വാഗ്ദത്തമസീഹ്(അ) സ്ത്രീയിൽ നിന്ന് ജനിച്ചതു കൊണ്ട് അതിനെയും ആകാശത്തു നിന്നുള്ള ഇറക്കമായി എന്തുകൊണ്ട് വിവക്ഷ നല്കിക്കൂടാ?

യേശുവിനോട് വാഗ്ദത്ത മസീഹി(അ)നുള്ള മറ്റൊരു സാദൃശ്യം കൂടിയുണ്ട്. യഹൂദികളുടെ ആധിപത്യം നശിപ്പിക്കപ്പെട്ട കാലത്തായിരുന്നു യേശുവിന്റെ ജനനം. അതുപോലെ മുസ്ലിംകൾക്ക് അധികാരപരമായ മേൽക്കോയ്മ നഷ്ടപ്പെട്ട കാലത്താണ് വാഗ്ദത്ത മസീഹ്(അ) ജനിച്ചത്. സാമ്രാജ്യത്വത്തെ പ്രോത്സാഹിപ്പിച്ചിരുന്ന വിദേശശക്തിക്കു കീഴിൽ യേശു ജനിച്ചതു പോലെ സാമ്രാജ്യത്വത്തിനു കീഴിൽ നിയമവാഴ്ചയെ അംഗീകരിക്കുകയും അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന റോമൻ ഭരണകൂടത്തിന് സമാനമായ ഒരു വിദേശ ജനത ഭരിക്കുന്ന രാജ്യത്താണ് വാഗ്ദത്ത മസീഹ്(അ) ജനിച്ചത്.

അതു പോലെത്തന്നെ യേശുവിന്റെ കാലത്തെ ജനങ്ങൾ അദ്ദേഹത്തെ റോമൻ കോടതികളിൽ കയറിയിറക്കിയതു പോലെ ഇക്കാലത്ത് വാഗ്ദത്ത മസീഹിനെയും ബ്രിട്ടീഷ് കോടതികളിൽ കയറിയിറക്കി. സീസർക്കുള്ളത് സീസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന് യേശു പറഞ്ഞപ്പോൾ ജനങ്ങൾ അദ്ദേഹത്തെ രാജ്യദ്രോഹിയെന്ന് മുദ്ര കുത്തിയതു പോലെ വാഗ്ദത്ത മസീഹ് രാജ്യത്തോട് കൂറ് പുലർത്തണമെന്ന് നിരന്തരം ഊന്നൽ നല്കിയിട്ടും അദ്ദേഹം രാജ്യദ്രോഹിയാണെന്നും രാജ്യത്തിനെതിരെ ലഹളയുണ്ടാക്കാൻ പ്രേരിപ്പിക്കുന്നുവെന്നും ആക്ഷേപിച്ചു കൊണ്ട് അദ്ദേഹത്തിനെതിരെ പല കഥകളും ജനങ്ങൾ സർക്കാറിലേക്ക് എത്തിച്ചു. താൻ രാജ്യത്തോടു കൂറു പുലർത്തുന്നവനാണെന്ന് യേശു പ്രഖ്യാപിച്ചിട്ടും അദ്ദേഹത്തെ റോമൻ സർക്കാർ സംശയദൃഷ്ടിയോടെ നോക്കിയതു പോലെ ബ്രിട്ടീഷ് സർക്കാറും അദ്ദേഹത്തെ സംശയത്തോടെയാണ് നോക്കിക്കണ്ടത്. അദ്ദേഹത്തിന്റെ മരണത്തിനു ഒരു വർഷം മുൻപു വരെ അദ്ദേഹത്തിന്റെ സ്വദേശമായ ഖാദിയാൻ രഹസ്യപോലീസിന്റെ നിരീക്ഷണത്തിലായിരുന്നു. അദ്ഭുതാവഹമായ മറ്റൊരു സാദൃശ്യം യേശുവിന്റെ കാലത്ത് ജനങ്ങൾ അദ്ദേഹത്തെ റോമൻ നീതിന്യായ കോടതിയിൽ നിന്നും ശിക്ഷ

വാങ്ങിച്ചു കൊടുക്കാൻ ശ്രമിച്ചതു പോലെ ചില ക്രിസ്ത്യൻ മിഷനറിമാർ വാഗ്ദത്ത മസീഹിനെതിരിൽ വ്യാജ വധശ്രമക്കേസ് ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ അദ്ദേഹം ആഗതനായത് യേശുവിനെതിരെ ഉന്നയിക്കപ്പെട്ട എല്ലാ വ്യാജാരോപണങ്ങളിൽ നിന്നും മുക്തനാക്കുന്നതിനു വേണ്ടിയായതിനാൽ അത്തരം വിചാരണകളുടെ അപമാനകരമായ ദോഷഫലങ്ങളിൽ നിന്ന് ദൈവം അദ്ദേഹത്തെ കാത്തു രക്ഷിച്ചു. ശത്രുക്കൾ എത്ര തന്നെ ശ്രമിച്ചിട്ടും അല്ലാഹു അദ്ദേഹത്തിന്റെ നിരപരാധിത്വം പകൽ വെളിച്ചം പോലെ പ്രശോഭിതമാക്കി.

ഈ അവസരത്തിൽ ബ്രിട്ടീഷ് സർക്കാറിനെ ഞാൻ അഭിനന്ദിക്കുകയാണ്. റോമൻ പിലാത്തോസിനെ അപേക്ഷിച്ച് അവരുടെ പിലാത്തോസ് ആണ് കൂടുതൽ ധൈര്യം കാണിച്ചത്. യേശുവിന്റെ നിരപരാധിത്വം ബോധ്യമായിട്ടും അദ്ദേഹത്തെ യഹൂദികളെ ഏല്പിക്കുകയാണ് റോമൻ പിലാത്തോസ് ചെയ്തത്. അതേസമയം അൻഡമാനിലെ മുൻ ചീഫ് കമ്മീഷണറും അന്ന് ഗുർദാസ്പൂരിലെ ഡിസ്ട്രിക്ട് മജിസ്ട്രേറ്റും കൂടിയായ കേണൽ ഡഗ്ലസ്സിന്റെ മുന്നിൽ വാഗ്ദത്ത മസീഹി(അ)നെതിരെയുള്ള വ്യാജവധശ്രമക്കേസ് വിചാരണയ്ക്കായി എത്തിയപ്പോൾ സത്യം കണ്ടെത്തുകയും വാഗ്ദത്ത മസീഹിന്റെ നിരപരാധിത്വം ബോധ്യമാവുകയും ചെയ്ത അദ്ദേഹം വാഗ്ദത്ത മസീഹിനെ ബഹുമാനാദരങ്ങളോടെ വിട്ടയക്കുകയാണുണ്ടായത്. അതിനെതിരിൽ പൊതുതാത്പര്യങ്ങളെയോ സ്വാധീനമുള്ള വ്യക്തികളുടെ പ്രേരണകളെയോ അദ്ദേഹം വകവെച്ചില്ല. തനിക്കെതിരിൽ വ്യാജ കേസ് ചമച്ചവർക്കെതിരിൽ കേസ് നല്കാൻ അദ്ദേഹം വാഗ്ദത്ത മസീഹിനെ അനുവദിക്കുകയും ചെയ്തു. പക്ഷേ, നീണ്ട 13 വർഷക്കാലം മക്കക്കാരുടെ പീഡനങ്ങൾ സഹിച്ച് ഒടുവിൽ വിജയശ്രീലാളിതനായി രംഗപ്രവേശം ചെയ്ത് തന്റെ നാട്ടുകാർക്ക് പൊതു മാപ്പു നല്കിയ ആ നബിതിരുമേനി(സ)യുടെ പിൻഗാമിയിൽ നിന്ന് തന്റെ ശത്രുക്കളെ വിചാരണക്കേസുകളിൽ വലിച്ചിടുമെന്ന് പ്രതീക്ഷിക്കാവതല്ലല്ലോ. തന്റെ ശത്രുക്കൾക്ക് മാപ്പു നല്കിയെന്നും അവർക്കെതിരെ കേസിനു പോകാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും ആയിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

എന്റെ പ്രഭാഷണത്തിലെ ഈ ഭാഗം ഉപസംഹരിക്കുന്നതിനു മുൻപ് ഒരിക്കൽ കൂടി ബ്രിട്ടനെ അഭിനന്ദിക്കുകയാണ്. യേശു വിചാരണ ചെയ്യപ്പെട്ട റോമൻ മജിസ്ട്രേറ്റിനെക്കാൾ സത്യവും നീതിയും

മുറുകെപ്പിടിക്കാനുള്ള ആർജ്ജവം അവരുടെ മജിസ്ട്രേറ്റ് കാണിക്കുകയുണ്ടായി. പരാതിക്കാർ സ്വന്തം മതത്തിലെ തന്നെ മിഷ്ണറിമാരായിരുന്നു. ചില വ്യക്തികൾ സ്വാധീനം ചെലുത്തിക്കൊണ്ട് അദ്ദേഹത്തിനെതിരിൽ ക്രിമിനൽ കുറ്റം ചുമത്താൻ പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ കളവിനെ പ്രോത്സാഹിപ്പിക്കാനോ അന്യായമായി ക്രിമിനൽ കുറ്റം ചുമത്താനോ ആ മജിസ്ട്രേറ്റ് തയ്യാറായില്ല. ഈ സാദൃശ്യങ്ങളും കാലഘട്ടത്തിന്റെ ആവശ്യവും ബൈബിളിൽ വിവരിക്കപ്പെട്ട പ്രവചനങ്ങളുടെ പുലർച്ചയും കൂടാതെ അവസാന കാലത്ത് ആഗതനാകേണ്ട പ്രവാചകനെ സംബന്ധിച്ച് മറ്റു മത ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ പ്രവചനങ്ങളും വാഗ്ദത്ത മസീഹിൽ ദൈവം പൂർത്തിയാക്കുകയാണുണ്ടായത്. ഉദാഹരണമായി, മുസ്ലിം ഗ്രന്ഥങ്ങളിൽ വാഗ്ദത്ത മസീഹിന്റെ കാലത്ത് ഉണ്ടാകുന്ന കാര്യങ്ങളെക്കുറിച്ച് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: ബാങ്ക് വ്യവസ്ഥിതി അഭിവൃദ്ധി പ്രാപിക്കുകയും മദ്യം വലിയ തോതിൽ ഉപയോഗിക്കപ്പെടുകയും ചെയ്യുന്ന കാലത്തായിരിക്കും വാഗ്ദത്ത മസീഹ്(അ) അവതരിക്കുക. സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ അധികമായിരിക്കും. ശരീരം പ്രദർശിപ്പിക്കുന്ന വസ്ത്രങ്ങളായിരിക്കും സ്ത്രീകൾ ധരിക്കുക. മുൻപ് മറച്ചിരുന്ന ശരീരഭാഗങ്ങൾ അവർ വെളിപ്പെടുത്തുന്നതായിരിക്കും. സ്ത്രീകളെ അധികമായി സെയിൽസ് വുമൺ ആയി നിയമിക്കുന്നതാണ്. ക്രിസ്ത്യൻ ഗവൺമെന്റുകൾ തങ്ങളുടെ അധികാരപ്രദേശങ്ങളെ വിപുലീകരിക്കും; മുസ്ലിം ഗവൺമെന്റുകൾ നശിപ്പിക്കപ്പെടും. മാതാപിതാക്കളോടുള്ള ആദരവ് കുറയുന്നതാണ്. ചിലയാളുകൾ മാസങ്ങളെ ചുരുക്കുന്നതായിരിക്കും; കല്ലും വെള്ളവും ഉപയോഗിച്ചുള്ള നവീന വിനിമയ മാർഗങ്ങൾ കണ്ടെത്തുന്നതാണ്(ആവിക്കപ്പലുകളും മറ്റുമാണ് ഉദ്ദേശ്യം). നിർജീവവസ്തുക്കൾ സംസാരിക്കും(ഉദാ: ഗ്രാമഫോണുകൾ തുടങ്ങിയവ). നവവിനിമയ മാധ്യമങ്ങൾ കണ്ടെത്തുകയും ഒട്ടകങ്ങൾ വളരെ വിരളമായി മാത്രം ഉപയോഗിക്കപ്പെടുന്നതാണ്. മുന്നു മഹാശക്തികൾ മറ്റു മൂന്നു മഹാ ശക്തികളുമായി യുദ്ധം ചെയ്യുന്നതാണ്. അതിൽ കോൺസ്റ്റാന്റിനോപ്പിൾ ഗവൺമെന്റ് പിന്താങ്ങുന്ന വിഭാഗം പരാജയമടയും. കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് ഒരാൾ ഏഷ്യാമൈനറിലേക്ക് ഓടിപ്പോവുകയും തുർക്ക് ഭരണകൂടം പുനഃസ്ഥാപിക്കുകയും ചെയ്യുന്നതാണ്. പത്രങ്ങൾ, ലഘുലേഖകൾ, പുസ്തങ്ങൾ എന്നിവ വലിയ തോതിൽ പ്രസിദ്ധീകരിക്കപ്പെടുന്നതാണ്. കനാലുകൾ ധാരാളമായി നിർമിക്കപ്പെടും;

മൃഗശാലകളുടെ എണ്ണം പെരുകും. ജ്യോതിശാസ്ത്രം ഗണ്യമായ നിലയിൽ അഭിവൃദ്ധിപ്പെടുന്നതാണ്. പ്രാകൃത രാഷ്ട്രങ്ങൾ ഉന്മൂലനം ചെയ്യപ്പെടുന്നതാണ്. ഒരുപാട് ഖനികൾ കണ്ടെത്തുന്നതും ഭൂമി അതിലെ മറഞ്ഞിരിക്കുന്ന സമ്പത്തിനെ പുറംതള്ളുന്നതുമാണ്. കനാൽ മുഖേന രണ്ടു മഹാസമുദ്രങ്ങൾ കൂട്ടിച്ചേർക്കപ്പെടും. അതിന്റെ ഒരു വശത്ത് പവിഴവും മറുഭാഗത്ത് രത്നങ്ങളുമായിരിക്കും. വലിയ കപ്പലുകൾ സ്ഥിരമായി അതിലൂടെ കടന്നു പോകുകയും ദൈവാനുഗ്രഹങ്ങളെയും അവന്റെ ഔദാര്യങ്ങളെയും കുറിച്ച് ജനങ്ങളെ ഓർമപ്പെടുത്തകയും ചെയ്യുന്നതാണ് (സ്യൂയസ് കനാലിന്റെ നിർമാണമാണ് ഉദ്ദേശ്യം). രാജവാഴ്ച അവസാനിക്കും. തൊഴിലാളികൾക്ക് ഭരിക്കാൻ ഒരു അവസരം ലഭിക്കുന്നതാണ്. പോലീസുകാർ വർദ്ധിക്കും. വിവിധ രാജ്യങ്ങളിൽ നിയമ വാഴ്ച തുടരുമെങ്കിലും ഭരണകൂടങ്ങൾ പരസ്പരം സംശയത്തോടെ വീക്ഷിക്കുന്നതും പരസ്പരം ആക്രമിക്കാൻ തുനിയുന്നതുമാണ്. നമുക്കറിയാം, ഈ സംഗതികളെല്ലാം നേരത്തെ പുലർന്നു കഴിഞ്ഞവയാണ്. യൂറോപ്യൻ ലൈബ്രറികളിൽ സൂക്ഷിച്ചിട്ടുള്ള പ്രസിദ്ധ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി വെച്ചിട്ടുമുണ്ട്.

വാഗ്ദത്ത മസീഹ് ആഗതനാകേണ്ടത് ഈ കാലഘട്ടത്തിലാണെന്ന് ഈ പ്രവചനങ്ങളെല്ലാം വിളിച്ചോതുന്നു. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ തന്നെയാണ് ഈ പ്രവചനങ്ങളുടെയെല്ലാം സാക്ഷാത്ക്കാരം എന്നതിന് തെളിവെന്ത് എന്ന ചോദ്യമാണ് ഇനി ഉയരുന്നത്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് സൂചിപ്പിക്കുന്ന പ്രവചനങ്ങൾ ഉള്ളതായി നമുക്ക് കാണാം. ഉദാഹരണമായി, അവസാന കാലത്ത് ആഗരാകുന്ന പ്രവാചകന്റെ കാലത്ത് റമളാൻ മാസം 13 ന് ചന്ദ്രനും 28ന് സൂര്യനും ഗ്രഹണം സംഭവിക്കുമെന്നും മറ്റൊരു നുബുവ്വത്ത് വാദിക്കു വേണ്ടിയും ഈ അടയാളം നല് കപ്പെടുകയോ നിവർത്തിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നും എഴുതപ്പെട്ടിരിക്കുന്നു. ഹദ്റത്ത് അഹ്മദി(അ)ന്റെ കാര്യത്തിലാകട്ടെ, അദ്ദേഹം തന്റെ വാദം പ്രസിദ്ധം ചെയ്തതിന് നാല് വർഷം കഴിഞ്ഞപ്പോൾ അതായത് 1894ൽ ആ അടയാളം പൂർത്തിയായി. അദ്ഭുതകരമെന്ന് ഖഗോള ശാസ്ത്രജ്ഞർ പോലും സമ്മതിക്കും വിധമായിരുന്നു ഇത് സംഭവിച്ചത്. അതുപോലെ, മഹ്ദിയുടെ കുടുംബം ഭൂവുടമകളായിരിക്കും എന്നു എഴുതപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പിതാവ് വലിയ ഭൂവുടമയായിരിക്കും. എന്നാൽ മഹ്ദിയുടെ കാലം ആകുമ്പോഴേക്കും

ഭൂസ്വത്തിലെ ഭൂരിഭാഗവും കുടുംബത്തിന് നഷ്ടപ്പെട്ടിട്ടുണ്ടാകും. അങ്ങനെത്തന്നെയാണ് സംഭവിച്ചതും. ഹദ്റത്ത് അഹ്മദിന്റെ പിതാവിന്റെ കാലത്ത് കുടുംബത്തിന് അധികാരസ്ഥാനം നഷ്ടപ്പെട്ടിരുന്നെങ്കിലും 8 ഗ്രാമങ്ങളിൽ അദ്ദേഹത്തിന് കാര്യനിർവഹണചുമതല ഉണ്ടായിരുന്നു. എന്നാൽ ബ്രിട്ടീഷുകാരുടെ വരവോടെ ഈ ഗ്രാമങ്ങളും കണ്ടുകെട്ടുകയുണ്ടായി. അങ്ങനെ അത് ഒരു ഗ്രാമത്തിലെ കാര്യനിർവഹണ ചുമതലയായും മൂന്നു ഗ്രാമങ്ങളിലെ നികുതി പിരിക്കാനുള്ള അവകാശവുമായും ചുരുങ്ങി. ഹദ്റത്ത് അഹ്മദി (അ)ന്റെ പിതാവിന്റെ മരണത്തെതുടർന്ന് കുടുംബപരമായ ചില സങ്കീർണതകൾ കാരണം ഖാദിയാനിലെ സ്ഥലം കുടുംബാംഗങ്ങളിൽ വിഭജിച്ചപ്പോൾ അതു വീണ്ടും വെട്ടിക്കുറച്ചു. കൂടാതെ വാഗ്ദത്ത മസീഹിന് രണ്ട് രോഗങ്ങൾ ഉണ്ടാകുമെന്നും എഴുതപ്പെട്ടിരുന്നു. ഒന്ന്, ശരീരത്തിന്റെ മുകൾ ഭാഗത്തിനും,. മറ്റേത് ശരീരത്തിന്റെ താഴ്ന്ന ഭാഗത്തിനുമാണ് സംഭവിക്കുക. അതനുസരിച്ച് ഹദ്റത്ത് അഹ്മദി(അ)ന് തലകറക്കവും പ്രമേഹവും ബാധിച്ചിരുന്നു.

മാത്രമല്ല, കദ്അ എന്ന് പറയുന്ന സ്ഥലത്തായിരിക്കും മഹ്ദി ഭൂജാതനാവുക എന്ന് എഴുതപ്പെട്ടിരിക്കുന്നു. പൊതുജനങ്ങൾ കാദിയ അല്ലെകിൽ കാദി എന്ന് വിളിച്ചിരുന്ന ഖാദിയാനിലാണ് ഹദ്റത്ത് അഹ്മദ്(അ) ജനിച്ചത്. സംസാരത്തിൽ നേരിയ ഇടർച്ച ഉണ്ടായിരിക്കുമെന്ന് എഴുതപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന് അതും ഉണ്ടായിരുന്നു. അതുപോലെ മസീഹ് ഗോതമ്പ് നിറവും നീണ്ട മുടിയും ഉള്ള വ്യക്തിയായിരിക്കുമെന്നാണ് എഴുതപ്പെട്ടിരുന്നത്. അതു രണ്ടും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം വിവാഹം കഴിക്കുന്നതും സന്താനങ്ങളുണ്ടാകുന്നതും ദിവ്യ വെളിപാടിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നും എഴുതപ്പെട്ടിരുന്നു. അതങ്ങനെത്തന്നെ സംഭവിച്ചു. ഇന്ന കുടുംബവുമായി താൻ വിവാഹബന്ധത്തിലേർപ്പെടുമെന്ന് അദ്ദേഹത്തിന് അറിയിപ്പ് ലഭിച്ചു. വംശീയവും സാമ്പത്തികവുമായ പൊരുത്തക്കേടുകൾ ഈ ബന്ധത്തിന് തടസ്സമായി നിന്നെങ്കിലും ഈ വിവാഹം നടന്നു. തന്റെ മസീഹുവാദത്തിനു ശേഷം ഉണ്ടായ മക്കളിലെ ഓരോ കുട്ടിയെ സംബന്ധിച്ചും ജനിക്കുന്നതിനു മുൻപേ തന്നെ പ്രവചനം പ്രസിദ്ധപ്പെടുത്തുകയും പ്രവചനപ്രകാരം കുട്ടി ജനിക്കുകയും ചെയ്തു. കൂടാതെ, മസീഹ് പേർഷ്യൻ വംശജനായിരിക്കുമെന്ന് മുസ്ലിം പേർഷ്യൻ ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടു കിടക്കുന്നു. അദ്ദേഹമാകട്ടെ, പേർഷ്യൻ വംശ

ജനായിരുന്നു താനും. അദ്ദേഹം വെള്ളിയാഴ്ചയായിരിക്കും ജനിക്കുക എന്നും അദ്ദേഹം യുഗ്മജനനായിരിക്കുമെന്നും എഴുതപ്പെട്ടിരുന്നു. ഇതുപ്രകാരം തന്നെയായിരുന്നു അദ്ദേഹത്തിന്റെ ജനനവും. വാഗ്ദത്ത മസീഹ് ഇന്ത്യക്കാരനായിരിക്കുമെന്നാണ് ഹിന്ദുമത ഗ്രന്ഥങ്ങളിൽ നിന്ന് പ്രകടമാകുന്നത്. ചുരുക്കത്തിൽ, ക്രിസ്ത്യാനികളുടെയും പാർസികളുടെയും ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും ഗ്രന്ഥങ്ങളിലെ എല്ലാ പ്രവചനങ്ങളും അദ്ദേഹത്തിൽ നിവർത്തിക്കപ്പെട്ടിരിക്കുന്നു. യഥാസമയം അദ്ദേഹം ആഗതനായി. ഇസ്ലാമിനു മാത്രമേ ദൈവത്തിലേക്ക് നയിക്കാൻ സാധിക്കുകയുള്ളുവെന്നും ഈ മതം മാത്രമാണ് മാനവകുലത്തിന് മോക്ഷം നല്കുന്നത് എന്നതിനുള്ള തെളിവാണിത്. എന്തെന്നാൽ, ഫലം നല്കുന്ന വൃക്ഷത്തെ നിർജീവമെന്നും ഫലം നല്കാത്ത ഉണങ്ങിയ വൃക്ഷത്തെ ജീവനുള്ളതെന്നും പറയാനാകുമോ?

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരിൽ പൂർത്തിയായതും മുൻകാല പ്രവാചകന്മാർ ദീർഘദർശനം ചെയ്ത വാഗ്ദത്ത പരിഷ്ക്കർത്താവ് അദ്ദേഹമാണെന്ന് സ്ഥാപിക്കുന്നതുമായ ചില പ്രവചനങ്ങളെക്കുറിച്ച് പരാമർശിച്ചതിനു ശേഷം ഹദ്റത്ത് അഹ്മദി(അ)ന്റെ കൈകളാൽ ഇസ്ലാം എങ്ങനെയാണ് പുനരുജ്ജീവിപ്പിക്കപ്പെട്ടതെന്നും ലോകത്തിനു വേണ്ടി അദ്ദേഹം എന്താണ് ചെയ്തത് എന്നുമുള്ള കാര്യം ഇനി ഞാൻ പ്രതിപാദിക്കാം

## ഇസ്ലാമിന്റെ പുനരുജ്ജീവനം വാഗ്ദത്ത മസീഹിലൂടെ

വാഗ്ദത്ത മസീഹ്(അ) ഒരു പുതിയ മതമല്ല കൊണ്ടു വന്നതെന്ന് ഞാൻ മുൻപേ പറഞ്ഞുവല്ലോ. ഇസ്ലാമിന്റെ സേവനത്തിനും സമുദ്ധാരണത്തിനും ഇസ്ലാം മതപ്രചാരണത്തിനും ഇസ്ലാമിലൂടെ ജനങ്ങളെ ദൈവത്തിലേക്ക് നയിക്കുന്നതിനും വേണ്ടിയാണ് അദ്ദേഹം അയക്കപ്പെട്ടത്. ഇസ്ലാമിനെ അദ്ദേഹം ഏതു നിലയിലാണ് സമുദ്ധരിച്ചതെന്നും അതിൽ കടന്നു കൂടിയിട്ടുള്ള അബദ്ധവിശ്വാസങ്ങളെ എങ്ങനെയാണ് ശുദ്ധീകരിച്ചതെന്നുമുള്ള സംഗതി ഇനി ഞാൻ വിശദീകരിക്കാം. എനിക്ക് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ അദ്ദേഹം ചെയ്ത പരിഷ്കരണങ്ങളെ എണ്ണിത്തീർക്കാൻ പോലും തികയുകയില്ല. ആയതിനാൽ, കഴിയുന്നിടത്തോളം ചുരുങ്ങിയ നിലയിൽ പ്രതിപാദിച്ചു കൊണ്ട്, എന്റെ വിഷയത്തിലെ മറ്റു ഭാഗങ്ങളിലേക്ക് ഞാൻ പ്രവേശിച്ചു കൊള്ളാം.

## ഏകദൈവവിശ്വാസം

മതവുമായി ബന്ധപ്പെട്ട പ്രഥമ ചോദ്യം ദൈവത്തിന്റെ ഏകത്വത്തെ സംബന്ധിച്ചുള്ളതാണ്. ദൈവത്തെക്കുറിച്ചു ശരിയായ കാഴ്ചപ്പാടില്ലാത്ത മതത്തെ മതമെന്ന് വിളിക്കാൻ കഴിയില്ല. വാഗ്ദത്ത മസീഹിന്റെ ആഗമനകാലത്ത് ഏകദൈവസിദ്ധാന്തത്തെക്കുറിച്ചുള്ള തിരിച്ചറിവ് ലോകത്തു നിന്ന് പൂർണമായും അപ്രത്യക്ഷമായിരുന്നു. എല്ലാ മതങ്ങളും ഏകദൈവവിശ്വാസത്തിന്റെ പ്രചാരകരാണെന്ന് വാദിക്കുന്നുണ്ടെങ്കിലും ആ തത്ത്വത്തിന്റെ യഥാർഥ പൊരുൾ മുൻപത്തെക്കാളുപരി അവഗണിക്കപ്പെട്ടിരിക്കുകയാണ്. ഏകദൈവസിദ്ധാന്തം എന്നത് അനവധി ബഹുദൈവ വിശ്വാസങ്ങളാൽ ആവൃതമായിരിക്കുന്നു. അല്ലെങ്കിൽ ഏകദൈവത്തിന്റെ ആസ്തിക്യത്തിലുള്ള വിശ്വാസം മാത്രമായാണ് അതിനെ അർഥമാക്കുന്നത്. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്ന ഏകദൈവസിദ്ധാന്തം പ്രചരിപ്പിക്കുന്നതിനു വേണ്ടി മാത്രമല്ല അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചത് എന്ന വസ്തുതയിലേക്ക് വാഗ്ദത്ത മസീഹ്(അ) ലോകശ്രദ്ധയെ ക്ഷണിക്കുകയുണ്ടായി. കാരണം, ഈ തത്ത്വം അംഗീകരിക്കുന്നതു കൊണ്ടു മാത്രം അതിനു മനുഷ്യജീവിതത്തിൽ ഗാഢമായ സ്വാധീനം ചെലുത്താൻ കഴിയില്ല. ധാർമികവും ആധ്യാത്മികവുമായ പൂർണതയിലേക്ക് ആനയിക്കുംവിധം ഏകദൈവവിശ്വാസത്തിന് അനുരൂപമായ നിലയിൽ മനുഷ്യൻ തന്റെ ജീവിതത്തെ ക്രമീകരിക്കുക എന്നതാണ് ലക്ഷ്യം. അതായത്, ദൈവത്തെ സ്നേഹിക്കും പോലെ മറ്റൊരു വസ്തുവിനെയോ അസ്തിത്വത്തെയോ സ്നേഹിക്കരുത്. മറ്റേതെങ്കിലും വസ്തുവോ സംഗതിയോ തന്റെ ജീവിതത്തെ നിയന്ത്രിക്കുന്നതായി വിശ്വസിക്കുകയും അരുത്. ഈ രീതിയിൽ ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിയിൽ ധാർമികമായ വിപ്ലവം അനുഭവവേദ്യമാകുന്നതാണ്. രണ്ടു കാരണങ്ങളാലാണ് ലോകത്ത് പാപങ്ങളും ദൗർബല്യങ്ങളും ഉണ്ടാകുന്നത്. ഒന്ന്, ഒരു വസ്തു കൂടാതെ തന്റെ അസ്തിത്വം തന്നെ നിഷ്പ്രയോജനമെന്ന് ഗണിക്കുമാറ് ഒരാൾ അതിനെ സ്നേഹിക്കുന്നു. രണ്ട്, ഒരു കാര്യത്തെ വളരെ ഹാനികരവും വെറുക്കപ്പെട്ടതുമാണെന്ന് ഒരുവൻ കരുതുന്നു. എത്രത്തോളമെന്നാൽ, അതിന്റെ നാശത്തിലാണ് തന്റെ മുക്തി ആശ്രയിച്ചിരിക്കുന്നതെന്ന് അയാൾ വിശ്വസിക്കുന്നു. സ്നേഹത്തിന്റെയും വെറുപ്പിന്റെയും അസംഗ

തമായ ഈ ആധിക്യമാണ് പവിത്രതയ്ക്ക് ചേരാത്ത കാര്യങ്ങൾ ചെയ്യാൻ അവനെ പ്രേരിപ്പിക്കുന്നത്. അതേസമയം, ദൈവത്തിന്റെ ഏകത്വത്തിൽ പൂർണമായി വിശ്വസിക്കുന്ന ഒരാൾ ദൈവസ്നേഹമല്ലാതെ മറ്റൊരു വസ്തുവിനോ വ്യക്തിക്കോ പ്രാമുഖ്യം നല്കുന്നതല്ല; ദൈവത്തിൽ നിന്ന് അകറ്റുന്നതു കൊണ്ട് ഒന്നിനെയും തീവ്രമായി വെറുക്കുന്നതുമല്ല. അത്തരം വ്യക്തിയെ സംബന്ധിച്ചിടത്തോളം പാപം ചെയ്യുക എന്നത് അസാധ്യമാണ്. ഇതാണ് യഥാർഥ ഏകദൈവസിദ്ധാന്തം; മതം പഠിപ്പിക്കുന്ന പരമമായ ലക്ഷ്യം. ദൈവം തൃപ്തിപ്പെടാത്തതോ മനുഷ്യജീവിതത്തിൽ പ്രായോഗികമായി യാതൊരു സ്വാധീനവും ചെലുത്താത്തതോ ആയ ഏകനായ ദൈവം ഉണ്ടെന്ന വെറും അധരവ്യായാമമല്ല ഇത്. ഈ മൗലിക തത്ത്വം സ്ഥാപിക്കുന്നതോടൊപ്പം മതവ്യവസ്ഥിതിയിൽ കടന്നു കൂടിയിട്ടുള്ള എല്ലാവിധ ശിർക്കുകളെയും ഹദ്റത്ത് അഹ്മദ്(അ) ഉന്മൂലനം ചെയ്തു. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നവരാണെന്ന് വാദിക്കുന്നുവെങ്കിലും പല ശിർക്കൻ കാഴ്ചപ്പാടുകളും മുസ്ലിംകൾ വെച്ചു പുലർത്തുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഉദാഹരണമായി, ഈസാ നബി(അ) തന്റെ ജഡികശരീരത്തോടു കൂടി ആകാശത്ത് ജീവിച്ചിരിക്കുന്നു എന്ന വിശ്വാസം. പത്തൊമ്പതു നൂറ്റാണ്ടുകളായി അന്നപാനീയങ്ങളൊന്നുമില്ലാതെ മരിക്കാതെ അദ്ദേഹം ജീവിച്ചിരിക്കുന്നു എന്നവർ വിശ്വസിക്കുന്നു. മാത്രമല്ല, ഈസാ നബി(അ) മരിച്ചവരെ ജീവിപ്പിക്കാറുണ്ടെന്നും പക്ഷികളെ സൃഷ്ടിച്ചുവെന്ന വിശ്വാസവും അവർക്കുണ്ട്. ഈ വിശ്വാസത്തിലെ അബദ്ധം ചൂണ്ടിക്കാണിച്ചു കൊണ്ട് മരിച്ചവരെ ജീവിപ്പിക്കാനും സൃഷ്ടിക്കാനുമുള്ള കഴിവ് ദൈവത്തിന് മാത്രമുള്ള ഗുണങ്ങളാണെന്നും, അവൻ തന്റെ കഴിവുകളെയും ഗുണങ്ങളെയും സൃഷ്ടികളിലാർക്കും പതിച്ചു നല്കിയിട്ടില്ലെന്നും അങ്ങനെ വരുന്ന പക്ഷം അവന്റെ ഏകത്വം തന്നെ അസംബന്ധമായി ഭവിക്കുമെന്നും ഹദ്റത്ത് അഹ്മദ്(അ) വിശദീകരിച്ചു. മരിച്ചവർ ഈ ലോകത്ത് വീണ്ടും തിരിച്ചു വരില്ലെന്നും സൃഷ്ടിഗുണം ദൈവത്തിനല്ലാതെ മറ്റാർക്കുമില്ലെന്നും മുസ്ലിം പ്രമാണങ്ങളുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ അദ്ദേഹം തെളിയിച്ചു കാണിച്ചു. വെളിപാടു ഗ്രന്ഥങ്ങളിൽ പ്രയുക്തമായിരിക്കുന്ന മരിച്ചവരെ ജീവിപ്പിക്കുക എന്നതിന്റെ വിവക്ഷ മനുഷ്യരുടെ ആത്മീയ പുനരുജ്ജീവനമോ രോഗം ബാധിച്ച് മരണാസന്നനായ വ്യക്തിയെ പ്രാർഥന മുഖേന സുഖപ്പെടുത്തുകയോ ആണെന്ന് അദ്ദേഹം വിശദീകരിക്കുകയു

ണ്ടായി. അതുപോലെ, സൃഷ്ടിപ്പ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് ആത്മീയ പുനർജന്മമോ ഏകാഗ്രമായ ചിന്തയുടെ ഫലമായുണ്ടാകുന്ന ആത്മീയ പരിവർത്തനമോ ആണ്. സൃഷ്ടിക്കാനും പുനരുജ്ജീവിപ്പിക്കാനുമുള്ള അത്തരം കഴിവുകൾ എല്ലാ പ്രവാചകന്മാർക്കും ഉണ്ടായിരുന്നു.

## ഈസാ നബി(അ) മരണപ്പെട്ടു.

അതുപോലെത്തന്നെ, ഈസാ നബി(അ) മരണപ്പെട്ടിരിക്കുന്നുവെന്ന് വിശുദ്ധ ഖുർആനിലെ സൂക്തങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം സ്ഥാപിച്ചു. ഒരാൾ ദൈവത്തെപ്പോലെ ആകാശത്തിരിക്കുന്നു എന്ന വിശ്വാസം ശിർക്കിന് തുല്യമാണെന്നും ദൈവത്തിൽ യഥാർഥമായി വിശ്വസിക്കുന്ന ഒരുവനെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള വിശ്വാസം ജുഗുപ്സാവഹമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഈസാനബി(അ) ജീവനോടെ ആകാശത്തേക്ക് ഉയർത്തപ്പെട്ടു എന്ന മുസ്‌ലിംകളുടെ വിശ്വാസത്തെ അദ്ദേഹം ഖണ്ഡിച്ചുകൊണ്ട് അദ്ദേഹത്തെ കുരിശിൽ തറച്ച് കൊല്ലാൻ ശ്രമിച്ചപ്പോൾ സ്ഥൂലദേഹത്തോടെ ആകാശത്തേക്ക് കരേറി പോയിട്ടില്ലെന്ന് അദ്ദേഹം തെളിയിച്ചു. അതുപോലെ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതുപോലെ, അദ്ദേഹം കുരിശിൽ വെച്ച് മരിക്കുകയോ ശേഷം ജീവനോടെ ഉയർത്തെഴുന്നേൽക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, വിശുദ്ധ ഖുർആന്റെയും ഈസാ നബി(അ)യുടെ തന്നെ വാക്കുകൾ അനുസരിച്ച് അദ്ദേഹം കുരിശിൽ തറക്കപ്പെട്ടുവെങ്കിലും കുരിശിൽ വെച്ച് മരിച്ചില്ല. ജീവനോടെയായിരുന്നു അദ്ദേഹത്തെ കുരിശിൽ നിന്ന് ഇറക്കിയത്. ബൈബിളിന്റെയും മറ്റു രേഖകളുടെയും അടിസ്ഥാനത്തിൽ തന്റെ നിലപാട് അദ്ദേഹം അസന്ദിഗ്ദ്ധമായി സ്ഥാപിച്ചു. മുൻപ് അടച്ചു പൂട്ടിയ ഗ്രന്ഥമായിരുന്ന ബൈബിൾ അദ്ദേഹത്തിലൂടെ തുറക്കുമാറായി. കുരിശിൽ തറക്കപ്പെട്ടു എന്ന ക്രിസ്ത്യാനികളുടെയും റോമക്കാരുടെയും യഹൂദികളുടെയും ഐകകണ്ഠേനയുള്ള സാക്ഷ്യത്തെ നിരാകരിക്കാനാവില്ല, പ്രത്യേകിച്ചും അതിനെ നിഷേധിച്ചു കൊണ്ടുള്ള ഒരൊറ്റ വചനവും വിശുദ്ധ ഖുർആനിലില്ലെന്നു വരുമ്പോൾ. ഇതാണ് അദ്ദേഹം മുസ്‌ലിംകളോട് പറഞ്ഞത്. യേശുവിന്റെ താഴെ കൊടുത്തിരിക്കുന്ന വാക്കുകളിലേക്ക് അദ്ദേഹം ക്രിസ്ത്യാനികളുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി: "ദുഷ്ടവും അവിശ്വസ്തവുമായ തലമുറയാണ് അടയാളം അന്വേഷിക്കുന്നത്. യോനാ പ്രവാചകന്റെ അടയാളമല്ലാതെ മറ്റൊരടയാളവും അതിന്നു

നല്കപ്പെടുകയില്ല. യോന മൂന്നു രാവും മൂന്ന് പകലും തിമിംഗല ത്തിന്റെ ഉദരത്തിലായിരുന്നു. അതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിലായിരിക്കും.” യോനാ പ്രവാ ചകന്റെ അടയാളം, അദ്ദേഹം ജീവനോടെ തിമിംഗലത്തിന്റെ ഉദര ത്തിൽ പ്രവേശിക്കുകയും ജീവനോടെ അതിൽ കഴിയുകയും ജീവ നോടെ തന്നെ പുറത്തു വരികയും ചെയ്തു എന്നതാണ്. ആ പ്രതി കൂല സാഹചര്യത്തിൽ ജീവനോടെ കഴിച്ചു കൂട്ടുക എന്നതാണ് യഥാർഥ അടയാളം. അങ്ങനെ വരുമ്പോൾ യേശു മൃതനായി കല്ലറ യിൽ പ്രവേശിക്കുന്നതെങ്ങനെ? കുരിശിൽ വെച്ച് മരിച്ച യേശുവി ന്റെ മൃതശരീരമാണ് കല്ലറയിൽ പ്രവേശിച്ചിരുന്നതെങ്കിൽ യോനാ പ്രവാചകന്റെ അടയാളത്തെക്കുറിച്ച് യേശു പ്രവചിച്ചത് അബദ്ധ മായേനെ. കാരണം യോനാ മൃതനായിട്ടല്ല തിമിംഗലത്തിന്റെ ഉദര ത്തിൽ പ്രവേശിച്ചത്; അദ്ദേഹം മരിച്ചവരിൽ നിന്ന് ഉയിർത്തെഴു ന്നേറ്റതുമായിരുന്നില്ല. യേശുവിനെക്കുറിച്ച് പിലാത്തോസിന്റെ ഭാര്യ കണ്ട ഒരു സ്വപ്നവും ഇതിലേക്ക് തെളിവായി ഹദ്റത്ത് അഹ്മദ് (അ) പരാമർശിക്കുകയുണ്ടായി. യേശുവിനോട് ദയയോടെ പെരു മാറണമെന്ന് അവർ തന്റെ ഭർത്താവിനെ അറിയിച്ചു. യഹൂദികളെ സംബന്ധിച്ച് പിലാത്തോസ് ഭയപ്പെട്ടിരുന്നെങ്കിലും അയാളുടെ മന സ്സിൽ യേശുവിനോട് അനുകമ്പ ഉണ്ടായിരുന്നിരിക്കണം. മാത്രമല്ല, വെള്ളിയാഴ്ച ഏതാണ്ട് ഉച്ചയോടെയാണ് യേശുവിനെ കുരിശിലേ റ്റിയത്. വേദനസംഹാരികളായ ചില മരുന്നും നല്കപ്പെട്ടിരുന്നു. അടുത്ത ദിവസം ശബ്ബത് ദിവസമായിരുന്നു. വൈകുന്നേരമായ പ്പോൾ പൊടിക്കാറ്റ് അടിക്കാൻ തുടങ്ങിയതിനെത്തുടർന്ന് ശബ്ബത് നാളിൽ യേശുവിനെ കുരിശിൽ വെച്ചു കൊണ്ടിരിക്കുന്നത് അബദ്ധ മായോ എന്ന് യഹൂദികൾ ഭയപ്പെട്ടു. അങ്ങനെ ഉടനെത്തന്നെ യേശു വിനെ കുരിശിൽ നിന്ന് ഇറക്കുകയായിരുന്നു. അദ്ദേഹത്തിന്റെ എല്ലു കൾ ഒടിച്ചില്ല. അദ്ദേഹത്തിന്റെ ശരീരഭാഗത്ത് കുന്തം കൊണ്ട് കുത്തി യപ്പോൾ ആ മുറിവിൽ നിന്ന് രക്തം പുറത്തു വന്നു. അദ്ദേഹത്തിന് അപ്പോഴും ജീവനുണ്ടായിരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്.

ആളുകൾ ചിലപ്പോൾ ഒരാഴ്ചയോളം കുരിശിൽ തന്നെ കിടന്നു കൊണ്ട് ഒടുവിൽ മരണം അവരെ ആ പീഡാനുഭവത്തിൽ നിന്ന് മുക്തി നല്കിയതായിട്ടാണ് ആ കാലത്തെ ചരിത്രം വായിച്ചാൽ വ്യക്തമാകുന്നത്. കുരിശിൽ വെച്ച് മരിക്കാൻ മൂന്നു ദിവസമെങ്കിലും എടുക്കാറുണ്ട്. അല്ലാത്ത പക്ഷം എല്ലൊടിച്ച് കളയാറാണ് പതിവ്.

കുരിശിലേറ്റപ്പെട്ട വ്യക്തി അന്നപാനീയങ്ങൾ കിട്ടാതെ പട്ടിണി മൂലമാണ് മരണപ്പെടുന്നത്; കുരിശിൽ തറക്കപ്പെട്ടതു കൊണ്ടല്ല. ചില സന്ദർഭങ്ങളിൽ ഒരാഴ്ച കഴിഞ്ഞാലും അയാൾ മരിച്ചിട്ടുണ്ടാവില്ല. അപ്പോൾ കുറ്റവാളിയെ എല്ലൊടിച്ച് കൊല്ലാറാണ് പതിവ്. എന്നിരിക്കെ, വെറും ആറു മണിക്കൂർ കുരിശിൽ കിടന്നതിനെ തുടർന്നു യേശു മരണപ്പെട്ടുവെന്ന് നമുക്കെങ്ങനെ പറയാനാവും? തന്നെയുമല്ല, അദ്ദേഹത്തെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ടായിരുന്നു. അദ്ദേഹം കുരിശിൽ വെച്ച് മരിച്ചെങ്കിൽ കുന്തം കൊണ്ട് ശരീരഭാഗത്ത് കുത്തിയപ്പോൾ രക്തം ചാടിയത് എന്തു കൊണ്ട്? അദ്ദേഹം മരിച്ചതിനു ശേഷം ജീവനോടെ ഉയിർത്തെഴുന്നേറ്റതാണെങ്കിൽ യഹൂദികളെ ഭയപ്പെടേണ്ട ആവശ്യമില്ല, കാരണം അവരുടെ ശക്തി ഇനി അദ്ദേഹത്തെ ബാധിക്കുകയില്ല. എങ്കിൽ, അദ്ദേഹം പരമരഹസ്യമായി സഞ്ചരിച്ചത് എന്തുകൊണ്ട്? തോമസ് വിരൽ കൊണ്ട് സ്പർശിച്ച മുറിവുകൾ അദ്ദേഹത്തിന് ഉണ്ടാകാവുന്നതെങ്ങനെ? അദ്ദേഹത്തിനെങ്ങനെയാണ് അപ്പവും മീനും കഴിക്കാനാവുക? ഭൂതം തിന്നുകയും കുടിക്കുകയും ചെയ്യുമോ? ഈ അടയാളങ്ങളൊക്കെ വ്യക്തമാക്കുന്നത് താൻ തന്നെ ചെയ്ത പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ യേശു കുരിശിൽ നിന്ന് ജീവനോടെ ഇറക്കപ്പെട്ടു എന്നാണ്. യോനാ പ്രവാചകനെപ്പോലെ മൂന്നു ദിവസം അദ്ദേഹം കല്ലറയിൽ ജീവനോടെ കഴിഞ്ഞു. അക്കാലത്തെ കല്ലറ എന്നത് ഇക്കാലത്തെ അപേക്ഷിച്ച് വളരെ വിശാലമായ മുറി പോലുള്ളതാണ്. ആ മുറിയിൽ നിന്നാണ് അദ്ദേഹം ജീവനോടെ പുറത്തു വന്നത്. അങ്ങനെ ശത്രുക്കളുടെ ഗൂഢതന്ത്രങ്ങൾ പരാജയത്തിൽ കലാശിച്ചു.

ഇതിലേക്ക് ഉപോൽബലകമായ മറ്റൊരു സംഗതി കൂടി ഹദ്റത്ത്(അ) ഉദ്ധരിക്കുന്നുണ്ട്. യേശു കുരിശിൽ നിന്ന് ജീവനോടെ രക്ഷപ്പെടേണ്ടത് അനിവാര്യമായിരുന്നു. എന്തെന്നാൽ, താൻ ഇസ്രാഈൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളെ അന്വേഷിച്ചാണ് വന്നിരിക്കുന്നതെന്നാണ് യേശു തന്നെ പറയുന്നത്. യേശുവിന്റെ ആഗമനകാലത്ത് രണ്ടു ഗോത്രങ്ങൾ മാത്രമേ സിറിയയിലും പലസ്തീനിലും നിവസിച്ചിരിന്നുള്ളു എന്നാണ് ബൈബിളും ചരിത്ര രേഖകളും തെളിയിക്കുന്നത്. നെബുകദ്നെസ്സറിന്റെ ഭരണകാലത്ത് തടവുകാരായി പിടിക്കപ്പെടുകയും പേർഷ്യയുടെ കിഴക്കൻ രാജ്യങ്ങളിലേക്ക് നാടുകടത്തപ്പെടുകയും ചെയ്യപ്പെട്ട

ബാക്കി ഗോത്രങ്ങൾ അഫ്ഗാനിസ്താനിലും കാശ്മീരിലും വസി ക്കുന്നതായി കാണാം. അഫ്ഗാനിസ്താനിലെ പട്ടണങ്ങളുടെ പേരു കൾ, പുരാവസ്തു ശേഷിപ്പുകൾ, കാശ്മീരിലെ ഗോത്രപ്പേരുകൾ, അവരുടെ പൗരാണിക ദേശീയ ആചാരങ്ങൾ മുതയാവ ഈ നിഗ മനത്തെ സ്ഥിരീകരിക്കുന്നുണ്ട്. കാശ്മീരിനെ അവിടത്തെ നിവാസി കൾ കാശീർ എന്നും വിളിക്കാറുണ്ട്. അതൊരു ഹീബ്രു പദമാണ്. ശീർ പോലുള്ളത് എന്നാണ് അതിന്റെ അർഥം. ശീർ എന്നത് സിറി യയുടെ പേരാണ്. പുക്കളുടെ നാട് എന്നാണ് അതിനർഥം. വളരെ ഫലഭൂയിഷ്ടമായ താഴ്വരയാണല്ലോ കാശ്മീർ. ബഹി ഷ്കൃതരായ യഹൂദഗോത്രങ്ങൾ തങ്ങളുടെ സ്വദേശത്തെ സ്മരിച്ചു കൊണ്ട് അതിനെ കാശീർ എന്നു വിളിച്ചു. പഠാനുകളുടെയും കാശ്മീരി കളുടെ ലക്ഷണങ്ങൾ യഹൂദികളുടെ മുഖലക്ഷണവുമായി സവിശേ ഷമായ നിലയിൽ തന്നെ താദാത്മ്യം പുലർത്തുന്നു. ചുരുക്കത്തിൽ ഇസ്രാഈലിലെ പത്തു ഗോത്രങ്ങൾ അഫ്ഗാനിസ്താനിലും കാശ് മീരിലുമാണ് താമസിക്കുന്നത്. അതുകൊണ്ട് തന്റെ ദൗത്യനിർവഹ ണത്തിനായി ഈ രാജ്യങ്ങളിൽ യാത്ര ചെയ്യേണ്ടത് യേശുവിന് അനിവാര്യമായിരുന്നു. ചരിത്ര രേഖകളിൽ നിന്ന് അഫ്ഗാനിസ്താ നിലും കാശ്മീരിലും യേശു യാത്ര ചെയ്തത് കണ്ടെത്താനാവു മെന്ന് ഹദ്റത്ത് അഹ്മദ്(അ) സമർഥിച്ചു.

മെസപ്പൊട്ടാമിയയിലെ പട്ടണമായ നസീബിനിൽ ഒരുയർന്ന സ്ഥലത്ത് യേശു തന്റെ യാത്രാവേളയിൽ ഒരിക്കൽ വിശ്രമിച്ചിരുന്നു എന്നാണ് പരമ്പരാഗത വിശ്വാസം. എന്നാൽ വിസ്മയകരമെന്നു പറയട്ടെ, കാശ്മീരിന്റെ തലസ്ഥാനമായ ശ്രീനഗരിലെ ഖാൻയാർ തെരുവിൽ പടിഞ്ഞാറു നിന്ന് വന്ന യൂസ് ആസഫ് എന്ന് പേരുള്ള പ്രവാചകന്റെ ശവകുടീരം സ്ഥിതി ചെയ്യുന്നതായി പൗരാണിക രേഖകളും പരമ്പരാഗത വിശ്വാസവും വ്യക്തമാക്കുന്നു. മിശിഹാ, ഈസാ സാഹിബ്, രാജകുമാരനായ പ്രവാചകൻ എന്നിങ്ങനെ യാ ണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഈ രേഖകളിൽ നിന്ന് വ്യക്ത മാകുന്ന പ്രവാചകന്റെ കാലഘട്ടവും യേശുവിന്റേതുമായി വളരെ കൃത്യമായി സാമ്യം പുലർത്തുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, യേശു വിന്റെ ജീവിതമത്രയും കണ്ടെത്തിക്കൊണ്ട് കഴിഞ്ഞ പത്തൊമ്പത് നൂറ്റാണ്ടുകളായി ചരിത്രത്തിൽ അജ്ഞാതമായിരുന്ന ഒരു സംഗതി യിലേക്ക് ഹദ്റത്ത് അഹ്മദ്(അ) വെളിച്ചം വീശിയിരിക്കുകയാണ്. ഒടുവിൽ ഒരു തരത്തിലുള്ള ശിർക്കിന്റെ കവാടം അദ്ദേഹം അടയ്

ക്കുകയും ദൈവത്തിന്റെ ഏകത്വവും മഹത്ത്വവും സ്ഥാപിച്ചു കൊണ്ട് ആത്മീയോത്ക്കർശത്തിന്റെ കവാടങ്ങൾ തുറന്നിടുകയും ചെയ്തിരിക്കുന്നു.

## ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം

ഏകദൈവസിദ്ധാന്തം കഴിഞ്ഞാൽ മനുഷ്യനെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന മറ്റൊരു ചോദ്യം മനുഷ്യനും അവന്റെ സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ളതാണ്. ദൈവവുമായി എന്റെ ബന്ധം എന്താണ്? ഞാൻ ജനിച്ചതു തൊട്ട് എന്തു ലക്ഷ്യമാണ് ദൈവം തന്റെ സ്നേഹാതിരേകത്താൽ എനിക്കു വേണ്ടി നിശ്ചയിച്ചിട്ടുള്ളത്? ഇത്യാദി ചോദ്യങ്ങൾ മനുഷ്യജീവിതത്തിലെ നാനാവശങ്ങളെയും ആഴത്തിൽ സ്പർശിക്കുന്നു. ഈ ചോദ്യങ്ങളെപ്പറ്റിയുള്ള ശരിയായ ഗ്രാഹ്യം മനുഷ്യന് ധർമനിഷ്ഠയുടെ കവാടങ്ങൾ തുറക്കുമ്പോൾ, അതിലെ പിഴവുകൾ പുരോഗതിയുടെ കവാടങ്ങൾ അവനുമേൽ കൊട്ടിയടക്കുന്നു. ഈ ചോദ്യങ്ങളെ സംബന്ധിച്ച് മാനവരാശിക്ക് ശരിയായ അവബോധം ഇല്ലാത്തതായി ഹദ്റത്ത് അഹ്മദ്(അ) കാണുകയും വളരെ ഉത്തരവാദിത്വത്തോടു കൂടി ആ അവബോധത്തിലേക്ക് അവരെ നയിക്കുകയും ചെയ്തു. അറ്റമില്ലാത്ത, അതിരില്ലാത്ത ഔന്നത്യങ്ങൾ താണ്ടുക എന്നതാണ് മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യമെന്ന് അദ്ദേഹം വിശദീകരിച്ചു. ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ആ ലക്ഷ്യത്തിൽ ദൈവം തന്നെ പരാജായപ്പെടുക എന്നത് അചിന്ത്യമാണ്.

ഭേദിക്കാനാകാത്ത ബന്ധനങ്ങളാലല്ല മനുഷ്യൻ ജന്മം കൊണ്ടിരിക്കുന്നത്. ദൈവം സ്വാതന്ത്ര്യത്തിന്റെ കവാടം അവനുമേൽ കൊട്ടിയടച്ചിട്ടുമില്ല. മനുഷ്യൻ തന്നെയാണ് സ്വകർമങ്ങളാൽ അപ്രകാരം ചെയ്യുന്നത്. എന്നല്ല, മനുഷ്യൻ സ്വയം കൊട്ടിയടക്കുമ്പോൾ പോലും അതു വീണ്ടും തുറക്കപ്പെടാനുള്ള സംവിധാനവും ദൈവം തന്നരുളുന്നു. മനുഷ്യരെല്ലാവരും തുല്യനിലയിലാണ് ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്നതെന്നും ചിറ്റമ്മ നയം അവൻ ആരോടും കാണിക്കുന്നില്ലെന്നും അദ്ദേഹം വിശദീകരിച്ചു. പ്രവാചകന്മാരിലും പരിഷ്ക്കർത്താക്കളിലും പെട്ട മാഹാത്മാക്കൾ പോലും വെറും മനുഷ്യരെന്ന നിലയിലാണ് ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നത്. അവരെപ്പോലെത്തന്നെ മാനവരാശിക്കാകമാനം ആത്മീയോന്നതിയുടെ കവാടങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു. താനും തന്റെ സൃഷ്ടികൾക്കും ഇടയിൽ ഒരു മധ്യവർത്തിയെയും ദൈവം അനുവദിക്കു

ന്നില്ല. മാർഗദർശികളുടെ സ്ഥാനമാണ് പ്രവാചകന്മാർക്കുള്ളത്. അവരാരും മധ്യവർത്തികളല്ല. കാരണം, പ്രവാചകന്മാരുടെ ക്ഷേമം പോലെ, അവർ അയക്കപ്പെട്ട ജനങ്ങളുടെ ക്ഷേമവും ദൈവത്തിന് പ്രിയങ്കരമാണ്. ഒരാൾ തന്റെ സമസൃഷ്ടികളെ അപേക്ഷിച്ച് പരിശുദ്ധിയും ഭയഭക്തിയും മുഖേന ദൈവസാമീപ്യം കരസ്ഥമാക്കുന്നു. പക്ഷേ, അയാൾ എത്ര തന്നെ സാമീപ്യം കരസ്ഥമാക്കിയാലും, എത്ര തന്നെ ഉന്നതസ്ഥാനം കൈവരിച്ചാലും ആ സ്ഥാനത്തിന്റെയും ശ്രേഷ്ഠതയുടെയും കവാടം മറ്റുള്ളവരുടെ മേൽ കൊട്ടിയടക്കാൻ അയാൾക്കാവില്ല. ആത്മീയോത്ക്കർശത്തിന്റെ ഏറ്റവും ഉയർന്ന കവാടങ്ങൾ എല്ലായ്പ്പോഴും ഏവർക്കും തുറക്കപ്പെട്ടിരിക്കുന്നു. മുട്ടുന്നവർക്കെല്ലാം സ്വർഗത്തിലെ കവാടങ്ങൾ തുറക്കപ്പെടുന്നതാണ്.

## ദൈവികഗുണങ്ങൾ കാലഹരണപ്പെട്ടിട്ടില്ല

ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹങ്ങളും ഭൂതകാലങ്ങളിൽ മാത്രം പരിമിതപ്പെട്ടിരിക്കുന്നുവെന്ന ജനങ്ങളിൽ പൊതുവെ പ്രചരിച്ചിട്ടുള്ള വിശ്വാസമാണ് വാഗ്ദത്ത മസീഹ്(അ) നീക്കം ചെയ്ത മറ്റൊരു അബദ്ധവിശ്വാസം; ദൈവികാനുഗ്രഹങ്ങളുടെ വാതിൽ മാനവരാശിക്കായി അടയ്ക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം. ദൈവത്തിന്റെ ഏതെങ്കിലും ഗുണം ഏതെങ്കിലും കാലത്ത് ദുർബലപ്പെട്ടുപോയി എന്ന് വിശ്വസിക്കുന്നത് പാപവും ധിക്കാരവുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജീവനുള്ള ഒരു വസ്തു ജീവന്റെ അടയാളം കാണിക്കണമല്ലോ. ജീവൻ പ്രദാനം ചെയ്യുന്ന വസ്തുക്കളെ തന്റെ വ്യവസ്ഥിതിയിലേക്ക് ആഗിരണം ചെയ്യുക എന്നത് ജൈവവസ്തുക്കളുടെ ലക്ഷണമാകുന്നതു പോലെ, ജീവൽദായകഗുണങ്ങളുടെ പ്രതിഫലനങ്ങൾ തന്റെ സൃഷ്ടികളിൽ വാർക്കുക എന്നത് സ്രഷ്ടാവായ ദൈവം ജീവിച്ചിരിക്കുന്നതിന്റെ ലക്ഷണമാണ്. എന്തെന്നാൽ, ജീവിച്ചിരിക്കുന്ന ഒരു ദൈവമുണ്ടെങ്കിൽ അവന്റെ ഗുണങ്ങളുടെ ചൈതന്യവത്തായ സ്വാധീനം ലോകത്ത് നിരന്തരം പ്രകടമാകേണ്ടതാണ്. അതുകൊണ്ട് ദൈവികാനുഗ്രഹങ്ങളെ മുൻകാലങ്ങളിൽ മാത്രം പരിമിതപ്പെട്ടവയാണെന്നും ഈ കാലത്ത് അതു തുടരുന്നില്ലെന്നും സങ്കല്പിക്കുന്നത് ജീവചൈതന്യം നഷ്ടപ്പെട്ട, നിർജീവനായ ദൈവത്തിൽ വിശ്വസിക്കുന്നതിന് തുല്യമാണ്. എന്നാൽ അവൻ എക്കാലത്തും പരിപൂർണനും അവന്റെ ഗുണങ്ങൾ ഒരു വിധത്തിലും നാശോന്മുഖമാകാത്തവയുമാണ്. മുൻകാലങ്ങളി

ലെന്ന പോലെ അവൻ ഇന്നും തന്റെ ദാസരോട് സംസാരി ക്കുന്നു. മുൻകാലങ്ങളിൽ അവൻ പ്രാർഥനകൾ കേട്ടിരുന്നതു പോലെ ഇന്നും അവൻ പ്രാർഥനകൾ കേൾക്കുന്നു. മുൻകാലങ്ങളിൽ അടയാളങ്ങൾ കാണിച്ചിരുന്നതു പോലെ ഇന്നും അവൻ അട യാളങ്ങൾ കാണിക്കുന്നു. മുൻകാലങ്ങളിലെന്ന പോലെ അവൻ തന്റെ ദാസരുടെ ഹൃദയങ്ങളിൽ തന്റെ പരിശുദ്ധിയുടെ പ്രതിഫ ലനങ്ങൾ പ്രകാശിപ്പിക്കുന്നു. ഈ ഗുണങ്ങളൊന്നും ദൈവം ഇനി പ്രകടിപ്പിക്കുന്നില്ല എന്ന വിശ്വാസം ഉണ്ടായത് ദൈവവും മനു ഷ്യനും തമ്മിലുള്ള അകലച്ചയിൽ നിന്നാണ്. വിവിധ മതങ്ങൾക്ക് സ്വായത്തമായിട്ടുണ്ടായിരുന്ന ജീവൽദായകഗുണങ്ങൾ അവയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നുവെന്ന വസ്തുതയാണ് ഇതു കാണിക്കുന്നത്. അതുകൊണ്ടു തന്നെ ഈ നഷ്ടം മറച്ചു വെയ്ക്കുന്നതിന് ആ മത ങ്ങളുടെ വക്താക്കളാണ് ഇക്കാലത്ത് മുൻകാലങ്ങളിലെന്ന പോലെ അത്തരം ദൈവികഗുണങ്ങൾ വെളിപ്പെടേണ്ട ആവശ്യമില്ലെന്ന വിശ്വാസം പ്രചരിപ്പിച്ചത്. എന്നാൽ, ഇക്കാലത്തെ ജനങ്ങളിൽ നാം എന്താണ് കാണുന്നത്? മുൻകാലങ്ങളിൽ ദൈവികഗുണങ്ങളുടെ സാക്ഷാത്കാരം ദർശിച്ച ആളുകളേക്കാൾ സ്നേഹത്തിലും ആത്മാ ർഥതയിലും വിശ്വാസത്തിലും മുൻ കടന്നവരായിട്ടാണോ നാം കാണുന്നത്? അവർ തങ്ങളുടെ ശീലങ്ങളും രീതികളും ആഗ്രഹ ങ്ങളും കാഴ്ചപ്പാടുകളും ദൈവപ്രീതിക്കു വേണ്ടി ത്യജിക്കുവാൻ മുൻകാലങ്ങളിൽ ദൈവികഗുണങ്ങളുടെ സാക്ഷാത്കാരം ദർശിച്ച ആളുകളേക്കാൾ തയ്യാറാണോ? ഇക്കാലത്തെ ജനങ്ങൾക്ക് മൂസാ (അ), ഇല്യാസ്(അ), ദാവൂദ്(അ), യഹ്യാ(അ), ഈസ(അ), ശ്രീകൃ ഷ്ണൻ(അ), മുഹമ്മദ്(സ) എന്നീ പ്രവാചകന്മാരെക്കാൾ വിശ്വാ സത്തിലും ദൈവഭക്തിയിലും കരുത്തുള്ളവരാണെന്ന് സമ്മതി ച്ചാൽ തന്നെ ലോകത്തിന് ദൈവികഗുണങ്ങളുടെ പ്രകടനം ആവ ശ്യമില്ലെന്ന് വരുന്നില്ല. കാരണം, മനുഷ്യഹൃദയങ്ങളിൽ ദൈവാ സ്തിക്യം ഉടലെടുക്കാൻ വേണ്ടി മാത്രം ഉള്ളതല്ല അത്തരം വെളി പ്പെടലുകൾ; മനുഷ്യരാശിയുടെ തന്നെ പരമമായ ലക്ഷ്യമാണത്. സൗന്ദര്യം സ്നേഹത്തെ സൃഷ്ടിക്കുന്നു എന്നത് ശരി തന്നെ. എ ന്നാൽ, തന്റെ സ്നേഹഭാജനത്തിന്റെ സൗന്ദര്യം കാണാൻ സ്നേഹി ക്കുന്ന വ്യക്തിയെ കൂടുതൽ പ്രേരിപ്പിക്കുന്നു എന്നതും ശരിയാണ്. സ്നേഹത്തിനുള്ള ഒരേയൊരു പ്രതിഫലം പ്രേമഭാജനത്തെ പ്രേമി യുമായി കൂടുതൽ അടുപ്പിക്കുക എന്നതാണ്. (സമീപസ്ഥനാക്കുക).

ഇക്കാലത്തെ ജനങ്ങൾ ദൈവത്തോട് മുൻഗാമികളെക്കാൾ കൂടുതൽ സ്നേഹം വെച്ചു പുലർത്തുന്നവരാണെങ്കിൽ ദൈവികഗുണങ്ങളുടെ സാക്ഷാത്കാരം ദർശിക്കാൻ കൂടുതൽ അർഹത അവർക്കാണല്ലോ. അവരുടെ സ്നേഹം സഫലമാവുകയും ആ വിശ്വാസത്തിനു പ്രതിഫലം ലഭിക്കുകയും ചെയ്യേണ്ടതാണ്. ദൈവസ്നേഹിക്ക് തന്റെ സ്നേഹഭാജനത്തിന്റെ വെളിപ്പെടൽ തന്നെയാണ് സ്വർഗം. സംഭ്രാന്തനായി ദൈവത്തെ അന്വേഷിക്കുന്നവന്റെ യഥാർഥ പ്രതിഫലം ആ സ്നേഹഭാജനത്തിന്റെ സാമീപ്യമാണ്. മുൻകാലങ്ങളിലെപ്പോലെ ദൈവം ഇന്നും തന്റെ ദാസർക്ക് വെളിപ്പെടുമെന്ന് പ്രഖ്യാപിക്കുന്ന മതത്തിനു മാത്രമേ സത്യമതം എന്ന് അവകാശപ്പെടാനാവുകയുള്ളു. അങ്ങനെ ഒരു വാദം ഉന്നയിക്കുന്ന ഏക മതം ഇസ്‌ലാം ആണ്.

## ദിവ്യവെളിപാട്

വെളിപാടിനെക്കുറിച്ച് തികച്ചും അബദ്ധജടിലമായ കാഴ്ചപ്പാടായിരുന്നു ഹദ്റത്ത് അഹ്മദി(അ)ന്റെ കാലത്ത് പ്രബലമായിരുന്നത്. മതത്തിന്റെ അടിത്തറ തന്നെ അതിളക്കുകയും മതത്തിന്റെ അന്തഃസത്തയെ മാറ്റിമറിക്കുകയും ചെയ്തു. തത്ഫലമായി, വെളിപാടാകുന്ന ദിവ്യവെളിച്ചത്തിന്റെ സ്ഥാനത്ത് ഈ കാഴ്ചപ്പാടുകളും ആശയങ്ങളുമായിരുന്നു ജനമനസ്സുകളിൽ സ്ഥാനം പിടിച്ചത്. അവയ്ക്ക് പൊതുവായ സ്വീകാര്യതയും ലഭിച്ചു. സ്വതന്ത്രചിന്തയും ദീർഘകാലമായി ഒരു പ്രവാചകന്റെ ആവിർഭാവം ഇല്ലാതിരുന്നതും വെളിപാട് എന്നത് മനസ്സിന്റെ വെറും പ്രേരണകളാണെന്ന് ലോകത്തിലെ ഒരു വലിയ ഭാഗം ജനങ്ങൾ വിശ്വസിക്കാനിടയായി. ഇതിനു കാരണം, ഒരു ഭാഗത്ത് വെളിപാടുകളെപ്പറ്റിയുള്ള പൂർണമായ നിഷേധവും മറുഭാഗത്ത് ദൈവം ഭൗതികമായ ഒരു അസ്തിത്വമല്ലാത്തതിനാൽ വചനങ്ങളാൽ അവന് സംസാരിക്കാനാകില്ലെന്നും മനുഷ്യനെപ്പോലെ ഭൗതിക മാർഗങ്ങളെ അവലംബിക്കുന്നവനല്ലെന്നും ഉള്ള ധാരണയാണ്. വെളിപാട് വചനരൂപത്തിൽ അറിയിക്കപ്പെടുമെന്നും മനുഷ്യർ പരസ്പരം സംസാരിക്കുന്നതു പോലെ ദൃഢതരവും സുനിശ്ചിതവുമാണെന്നും ഹദ്റത്ത് അഹ്മദ്(അ) തന്റെ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിശദീകരിച്ചു. വെളിപാട് വചനങ്ങളിലൂടെ പ്രകടമാകാതെ കണ്ട് അത് സംശയത്തിൽ നിന്ന് പൂർണമായി മുക്തമാവുകയോ പൂർണമായ ദൃഢവിശ്വാസത്തിലേക്ക് നയിക്കുകയോ ഇല്ല. കാരണം, ആന്തരിക പ്രചോദനങ്ങളാണ്

വെളിപാടുകളെങ്കിൽ ഓരോ മനുഷ്യനും താൻ അപ്രകാരം പ്രചോദിതനായിരിക്കുന്നു എന്ന് കരുതാവുന്നതും അങ്ങനെ സ്വയം വഞ്ചിതനായിക്കൊണ്ട് മനുഷ്യരാശിയെ വഴിതെറ്റിക്കുന്നതുമാണ്. വെളിപാടിനെക്കുറിച്ചുള്ള ഈ തെറ്റായ ധാരണയ്ക്ക് പ്രചാരം സിദ്ധിച്ചതു കാരണം ഇത്തരത്തിലുള്ള പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. സന്ദേഹങ്ങളും തെറ്റിധാരണകളും ഉന്മൂലനം ചെയ്യുക എന്നതാണ് വെളിപാടു കൊണ്ടുദ്ദേശിക്കുന്നത്. അതു വാക്കുകളിലൂടെ വെളിപ്പെടാതിരുന്നാൽ സംശയത്തിന്റെ, സന്ദേഹത്തിന്റെ പ്രവിശാലമായ കവാടങ്ങൾ വീണ്ടും തുറക്കപ്പെടും. അങ്ങനെ വരുമ്പോൾ വെളിപാടിനെയും മനുഷ്യന്റെ ആന്തരിക പ്രചോദനങ്ങളെയും വേർതിരിച്ചറിയാനുള്ള മാർഗമില്ലാതെ വരുന്നു. സവിശേഷമായ തേജസ്സും പ്രതാപവും അടങ്ങിയ വാക്കുകളിലാണ് വെളിപാട് ഇറങ്ങുന്നതെന്ന് അവിടുന്ന് വിശദീകരിച്ചു. രണ്ടു വ്യക്തികൾ തമ്മിൽ സംഭാഷണം സാധ്യമാകുന്നതു പോലെ ദൈവവും മനുഷ്യനും തമ്മിലും സംഭാഷണം സാധ്യമാണ്. മറ്റൊരു തെളിവിന്റെയും ആവശ്യമില്ലാത്ത വിധത്തിലുള്ള ഒരു ദൃഢവിശ്വാസത്തിലേക്ക് വെളിപാടു ലഭിക്കുന്ന വ്യക്തി എത്തിച്ചേരുന്നു.

ദൈവം നാവു കൊണ്ടാണോ സംസാരിക്കുന്നത് എന്ന ചോദ്യത്തിന് അദ്ദേഹം മറുപടി നല്കിയത് തന്റെ ഇംഗിതവും ഇഷ്ടവും പ്രകടിപ്പിക്കാൻ ദൈവത്തിന് ഭൗതിക മാർഗങ്ങളുടെ ആവശ്യമില്ല എന്നാണ്. അവൻ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത് ഭൗതികഹസ്തങ്ങൾ കൊണ്ടല്ലല്ലോ. ഭൗതിക നേത്രങ്ങൾ കൂടാതെ അവൻ കാണുകയും ചെയ്യുന്നു. അതുപോലെ, അവൻ സംസാരിക്കുന്നതും ഭൗതികനാവിന്റെ സഹായമില്ലാതെയാണ്. ദൈവം സംസാരിക്കുന്നു എന്നു ഞങ്ങൾ പറയുമ്പോൾ അവൻ നാവുകൊണ്ടാണ് സംസാരിക്കുന്നത് എന്നർഥമാക്കുന്നില്ല. മറിച്ച്, വചനങ്ങളുടെ രൂപത്തിൽ പ്രകടമാവും വിധത്തിലുള്ള ചലനം ഉണ്ടാക്കാൻ അവൻ പ്രകൃതിക്ക് കല്പന നല്കുകയാണ് ചെയ്യുന്നത്. വെളിപാട് ലഭിക്കുന്ന വ്യക്തി ആ വചനങ്ങൾ കേൾക്കുന്നു. ദൈവത്തിന് വചനങ്ങളുടെ ആവശ്യമില്ല; മനുഷ്യന് അവയുടെ ആവശ്യമുണ്ട്. വെളിപാടുകൾ വചനങ്ങളുടെ രൂപത്തിൽ ലഭിക്കുന്നു എന്ന് കേവലം വാദിക്കുകയല്ല ഹദ്റത്ത് അഹ്മദ്(അ) ചെയ്തത്; അദ്ദേഹം അത് തെളിയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആത്മീയ ചൈതന്യത്തിൽ നിന്ന് ഗുണം സിദ്ധിച്ച ആയിരക്കണക്കിനാളുകൾക്ക് അത്തരം വെളിപാടു

കൾ ലഭിക്കുമാറായി. ഈ പ്രബന്ധം എഴുതുന്ന വിനീതനും അത്തരം അനുഭവങ്ങൾ പലവട്ടം ഉണ്ടായിട്ടുണ്ട്.

വെളിപാടിന്റെ സ്വഭാവത്തെപ്പറ്റി ഹദ്റത്ത് അഹ്മദ്(അ) നല്കിയ വിശദീകരണത്തിന് ലോകം അദ്ദേഹത്തോട് വർദ്ധിച്ച തോതിൽ കടപ്പെട്ടിരിക്കുന്നു. കാരണം, വെളിപാട് മനസ്സിന്റെ ആന്തരിക പ്രചോദനം മാത്രമാണെന്ന് വിശദീകരിച്ചു കൊണ്ട് എല്ലാ മതഗ്രന്ഥങ്ങളുടെയും ആധികാരികതയെ തുടച്ചു മാറ്റുന്ന വിധത്തിൽ മതത്തിന്റെ മേലുള്ള ആക്രമണത്തെ ചെറുക്കാനുള്ള മാർഗം പ്രദാനം ചെയ്തത് അദ്ദേഹമാണ്. ദൈവസാക്ഷാത്കാരത്തിന്റെ പ്രതീക്ഷ ഉയർത്തിക്കൊണ്ട് ആ മാർഗത്തിൽ കാലിടറുന്നവരുടെ ചുവടുകൾ അദ്ദേഹം ദ്രുതഗതിയിലാക്കി.

## എല്ലാ സമുദായത്തിലും പ്രവാചകൻ ആവിർഭവിച്ചിട്ടുണ്ട്

ദൈവിക മനുഷ്യനുമായി ബന്ധപ്പെട്ട മറ്റൊരു സുപ്രധാന ചോദ്യവുമുണ്ട്. അതു മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിനെയും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിനെയും സ്വാധീനിക്കുന്നതാണ്. ഏതു സമൂഹമാണ് വെളിപാടിന്റെ ഗുണഭോക്താവായിരിക്കുന്നത്? ഏതു തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം അവരെ വെളിപാടിന്റെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തത്? ഈ ചോദ്യത്തിനുള്ള പരിഹാരം കാണാതെ ദൈവാസ്തിക്യത്തെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ) ചെയ്ത സമുദ്ധാരണം അപൂർണമാവുകയെയുള്ളൂ. ഈ ചോദ്യത്തെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞത് സർവലോകങ്ങളുടെയും പരിപാലകനായ ദൈവത്തിന്റെ മാർഗദർശനത്തെ ഒരു പ്രത്യേക സമുദായത്തിൽ മാത്രം പരിമിതപ്പെടുത്താൻ കഴിയില്ല എന്നാണ്. മാനവരാശിക്കാകമാനം പരിപാലകനായ അവൻ എല്ലാവർക്കും ചിന്തിക്കാനുള്ള മനസ്സ് തന്നരുളിയിരിക്കുന്നു. ഒരു സമുദായത്തെയും തന്റെ മാർഗദർശനത്തിൽ നിന്ന് അവൻ തടയുന്നവനല്ല. അവൻ വിശുദ്ധ ഖുർആനിൽ പറയുന്നു:

*"ഒരു താക്കീതുകാരൻ വന്നിട്ടില്ലാത്ത ഒരു സമൂഹവുമില്ല"*

എല്ലാ സമൂഹങ്ങളിലും എല്ലാ കാലങ്ങളിലും അവൻ ദൂതന്മാരെ അയച്ചിട്ടുണ്ട്. സൂര്യൻ ഭൂമിയെ മുഴുവൻ പ്രകാശത്താൽ പ്രശോഭിതമാക്കുന്നതു പോലെ ഭൂമിയിലെ ഇരുളടഞ്ഞ ഓരോ കോണും വെളിപാടിന്റെ ദിവ്യവെളിച്ചത്താൽ ദീപ്തമായിരുന്നിട്ടുണ്ട്. ഒരു പ്രത്യേക

സമൂഹത്തിൽ വെളിപാടിന്റെ ദിവ്യവെളിച്ചം നമുക്ക് കണ്ടെത്താനാകുന്നില്ലെങ്കിൽ ഒരു പ്രവാചകനും അവരിൽ ആവിർഭവിച്ചിട്ടില്ല എന്നത് അർഥമാക്കുന്നില്ല. അവർ തങ്ങളുടെ സാമൂഹിക സമ്പ്രദായങ്ങളെ നിർജീവമാക്കിയിരിക്കുന്നു എന്നാണ് അത് അർഥമാക്കുന്നത്. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഇന്ത്യയിലെ പ്രവാചകന്മാരായ ശ്രീകൃഷ്ണന്റെയും ശ്രീരാമന്റെയും ശ്രീബുദ്ധന്റെയും പേർഷ്യയിലെ പ്രവാചകനായ സ്വരാഷ്ട്രരുടെയും സത്യത്തെ സാക്ഷ്യപ്പെടുത്തുകയും അവരെ നിഷേധിക്കുന്നത് ഒരർഥത്തിൽ ദൈവാനുഗ്രഹത്തിന്റെ സാർവജനീനതയെ നിരസിക്കലാണെന്നും പ്രസ്താവിച്ചു. മറ്റൊരു മതത്തിലോ പ്രസ്ഥാനത്തിലോ കാണപ്പെടാത്ത തത്ത്വം ആണിത്. സത്യം പറഞ്ഞാൽ, വെളിപാട് തങ്ങളുടെ സ്വന്തം മതസ്ഥാപകരിൽ മാത്രം പരിമിതപ്പെട്ടിരിക്കുന്നു എന്നാണ് ഭൂരിപക്ഷം ജനങ്ങളും വിശ്വസിക്കുന്നത്. മറ്റു മതവിഭാഗങ്ങളിലെ ജനങ്ങൾക്കും വെളിപാട് ഇറങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കുന്നവർ പോലും വിശ്വസിക്കുന്നത് അത് ആ മതസ്ഥാപകർ മാനവരാശിക്ക് ചെയ്ത സേവനത്തിന് ബഹുമാനസൂചകമായി ലഭിച്ചതാണ് എന്നാണ്, അല്ലാതെ ദൈവാനുഗ്രഹം സാർവജനീനമായതു കൊണ്ടല്ല. ആ മതസ്ഥാപകർ സദ്വൃത്തരും മനുഷ്യസേവനത്തിനായി ജീവിതം ഉഴിഞ്ഞു വെച്ചവരെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ദൈവദാസരാണെന്ന് അദ്ദേഹം വിശുദ്ധ ഖുർആനിൽ നിന്ന് സ്ഥാപിച്ചു. മാത്രമല്ല, ദൈവിക ഗുണങ്ങളും ദൈവവചനങ്ങളും സാക്ഷ്യപ്പെടുത്തുന്നത് എല്ലാ സമുദായങ്ങളിലും, അവരുടെ പാരമ്പര്യം സംരക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, പ്രവാചകന്മാർ അവതീർണരായിട്ടുണ്ട് എന്നാണ്. പ്രവാചകന്മാർ മുഖേന സന്മാർഗം സ്വീകരിക്കുക എന്നത് മാനവികതയുടെ അവകാശമാണ്. അതൊരിക്കലും ദൈവം അവഗണിക്കുന്നതല്ല. മാനവരാശിയുടെ ആഭ്യന്തര ബന്ധങ്ങളെ ഐക്യത്തിലും മൈത്രിയിലും ഊട്ടിയുറപ്പിക്കുമാറ് ഈ സിദ്ധാന്തം എല്ലാ സമൂഹങ്ങൾക്കും വേണ്ടി ദൈവസ്നേഹത്തിന്റെ കവാടങ്ങൾ തുറന്നിട്ടിരിക്കുകയാണ്. എല്ലാ മതസ്ഥാപകരെയും ആക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതിൽ നിന്ന് ഇത് സംരക്ഷിക്കുകയും ചെയ്യുന്നു.

## വിശുദ്ധ ഖുർആൻ സമ്പൂർണ നിയമസംഹിത

മനുഷ്യമനസ്സ് വികാസം പ്രാപിച്ചത് അനുക്രമമായിട്ടാണെന്നും ആ വികാസത്തിലെ ഓരോ ഘട്ടത്തിലും സർവജ്ഞനും കാരുണ്യ

വാനുമായ ദൈവം അനുയോജ്യമായ അധ്യാപനങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരുന്നുവെന്നും ഹദ്റത്ത് അഹ്മദ്(അ) ചൂണ്ടിക്കാണിച്ചു. മനുഷ്യമനസ്സ് പൂർണമായ വികാസം പ്രാപിക്കുകയും മനുഷ്യസമൂഹങ്ങൾ പരസ്പരം ബന്ധപ്പെടുന്ന വിനിമയോപാധികൾ വികസിക്കുകയും ജനസമൂഹം ഒരു രാജ്യം എന്നപോലെ പുരോഗതി പ്രാപിക്കുകയും ചെയ്തപ്പോൾ അവസാന നിയമവാഹകനായ പ്രവാചകനെ, മുഹമ്മദ് നബി(സ)യെ അവസാനത്തെ സമ്പൂർണ നിയമസംഹിതയുമായി അല്ലാഹു അയച്ചു. അതായത്, എല്ലാ കാലഘട്ടത്തിലേക്കും ആവശ്യമായ അധ്യാപനങ്ങളടങ്ങുന്ന വിശുദ്ധ ഖുർആൻ. എന്നിരുന്നാലും വെളിപാടിന്റെയും ആത്മീയോന്നതിയുടെയും കവാടങ്ങൾ എന്നെന്നേക്കുമായി തുറന്നിട്ടിരിക്കുന്നു. പുതിയ ന്യായപ്രമാണം വെളിപ്പെടുന്നതല്ല. അതേസമയം വിശുദ്ധ ഖുർആനിൽ മറഞ്ഞിരിക്കുന്ന ആത്മീയ നിധിയെ വെളിപ്പെടുത്തുകയും ദൈവസായൂജ്യത്തിന്റെ വാതിലുകൾ മനുഷ്യരാശിക്കു തുറന്നു കൊടുക്കുകയും ചെയ്യുന്ന പ്രവാചകന്മാർ ആവിർഭവിച്ചു കൊണ്ടിരിക്കുന്നതാണ്. കാരണം, സമ്പൂർണ ന്യായപ്രമാണം ഉണ്ടായിരിക്കെ പുതിയ ന്യായപ്രമാണത്തിന്റെ ആവശ്യമില്ല. എങ്കിലും, മനുഷ്യന് സദാ ദൈവസായൂജ്യത്തിന്റെ ആവശ്യകതയുണ്ട്. പുതിയ ന്യായപ്രമാണം ഇനി ഉണ്ടാവുകയില്ലെങ്കിലും ആത്മീയ സമ്പൂർത്തിയാൽ സ്വായത്തമാകുന്ന പ്രവാചകത്വത്തിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു; അതു ശാശ്വതമായി തുറന്നിട്ടിരിക്കേണ്ടതുമാണ്. എന്തെന്നാൽ, നമ്മുടെ പൂർവികരുടെ പരിപാലകനായിരുന്നതു പോലെ ദൈവം നമ്മുടെയും പരിപാലകനാണ്.

വിശുദ്ധ ഖുർആൻ അവസാനത്തെ സമ്പൂർണ ന്യായപ്രമാണമാണെന്ന് സിദ്ധാന്തിക്കുമ്പോൾ മനുഷ്യൻ ധൈഷണികമായി അവസാന ഘട്ടത്തിലെത്തിയെന്നോ ഇനിയൊരു പ്രയാണം സാധ്യമല്ലെന്നോ അതർഥമാക്കുന്നില്ലെന്ന് ഹദ്റത്ത് അഹ്മദ്(അ) സൂക്ഷ്മമായി വിലയിരുത്തുകയും വിശദീകരിക്കുകയും ചെയ്തു. മനുഷ്യാത്മാവ് ഈ ലോകത്തും പരലോകത്തും പുരോഗതിയുടെ മാർഗത്തിൽ അനസ്യൂതം മുന്നോട്ട് ഗമിച്ചു കൊണ്ടിരിക്കുന്നു. ഒരു ന്യായപ്രമാണം എത്ര കണ്ട് സമ്പൂർണമാണോ അത്ര കണ്ട് അതു പഠനമുന്നേറ്റത്തെ സഹായിക്കേണ്ടതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വെളിപാടു ഗ്രന്ഥങ്ങളുടെ അന്ത:സത്തയെക്കുറിച്ച് അദ്ദേഹം പ്രതിപാദിച്ചപ്പോൾ അവയുടെ സത്യതയെക്കുറിച്ചുള്ള സത്യാന്വേഷിക

ളുടെ മനോഭാവത്തിൽ തന്നെ വിപ്ലവം സൃഷ്ടിക്കപ്പെട്ടു. അതിപ്രകാരമാണ്: ദൈവവചനവും അവന്റെ പ്രവൃത്തിയും തമ്മിൽ സാദൃശ്യം ഉണ്ടാകണമല്ലോ. ദൈവികകർമങ്ങളുടെ അളവറ്റ രഹസ്യകലവറയെ പൂർണമായി കണ്ടെത്താൻ പ്രപഞ്ചോത്പത്തി മുതൽ നാളിതു വരെ മാനവകുലത്തിന് സാധിച്ചിട്ടില്ല. ഇതേ പോലെ, ദൈവവചനവും  ജ്ഞാനത്തിന്റെയും പഠനത്തിന്റെയും അക്ഷയമായ ഖജനാവ് ആകേണ്ടതാണ്.  അതു തീർന്നു പോകുന്ന പക്ഷം മനുഷ്യൻ തന്റെ ജീവിതത്തിലെ ഒരു ഭാഗം കഴിച്ചു തീർക്കുന്ന ഭൗതികപ്രപഞ്ചത്തിൽ ദൈവം എണ്ണമറ്റ നിധികൾ സൂക്ഷിക്കുകയും എന്നാൽ ആത്മീയ പ്രപഞ്ചമാകുന്ന സമ്പൂർണ ന്യായപ്രമാണത്തിലെ നിധികൾ പെട്ടെന്ന് തീർന്നു പോവുകയും ചെയ്തു എന്ന് വിശ്വസിക്കാൻ ഒരുവൻ നിർബന്ധിതനാകും. എന്നാൽ സംഗതി അതല്ല. ഭൗതിക പ്രപഞ്ചത്തെക്കാൾ എണ്ണമറ്റ നിധികൾ ഉൾക്കൊള്ളുന്നതാണ് വിശുദ്ധ ഖുർആൻ. അതിനു വേണ്ടി ആത്മാർഥമായി അന്വേഷിക്കുന്നവരുടെ മുൻപാകെ അതു തുറക്കപ്പെടുകയും ചെയ്യുന്നു. ധൈഷണികതയുടെ വിശാലമായ അനന്ത ചക്രവാളങ്ങളിലേക്ക് നയിക്കുന്ന ഈ നവസിദ്ധാന്തത്തിൽ ആഴത്തിൽ ചിന്തിച്ചാൽ മിക്കവർക്കും ബൗദ്ധികരസം നുകരാൻ സാധിക്കുന്നതാണ്. വിശുദ്ധ ഖുർആൻ പഠനത്തിൽ ഈ സിദ്ധാന്തം പ്രയോഗവത്ക്കരിച്ചതിന്റെ ഫലമായി ഞാൻ അനുഭവിച്ച ആനന്ദം പറഞ്ഞറിയിക്കാനാവില്ല. വിശുദ്ധഖുർആൻ പഠനത്തിന്റെ വിശാലതയെയും വ്യാപ്തിയെയും കുറിച്ച് ചിന്തിക്കുമ്പോൾ ഈ പ്രപഞ്ചം വെറും മണൽതരി മാത്രമാണ്. വിശുദ്ധ ഖുർആൻ നമ്മുടെ മുൻപിൽ  തുറന്നു കാട്ടുന്ന ആത്മീയ പ്രപഞ്ചത്തിന്റെ ഒരു മൂലയോളം വരില്ല ഈ മൊത്തം പ്രപഞ്ചം. ഖുർആന്റെ ഈ ദിവ്യാദ്ഭുതം അതിന്റെ സത്യത്തിനുള്ള ശക്തമായ തെളിവാണ്. ഒരാൾ എത്ര തന്നെ പഠിപ്പുള്ളവനാണെങ്കിലും, നേരത്തെ തന്നെ ആവശ്യങ്ങൾ നിറവേറ്റാനോ ഭാവികാലങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനോ അയാൾക്കാവില്ല. കാരണം, സാഹചര്യങ്ങൾ അനസ്യൂതം മാറിക്കൊണ്ടിരിക്കുകയാണ്. മനുഷ്യൻ ഭാവിയിൽ ഏതൊക്കെ സാഹചര്യങ്ങളിലൂടെയാണ് കടന്നു പോവുകയെന്നും നവീനമതപ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന ഏതൊക്കെ ശാസ്ത്രവിജ്ഞാനങ്ങളാണ് അവൻ കണ്ടെത്തുകയെന്നും അവന്റെ ധിഷണാശക്തി എത്ര മാത്രം പുരോഗതി പ്രാപിക്കുമെന്നും ഏതു വിധത്തിലുള്ള ആത്മീയ ആഹാരമാണ് അവന് ആവശ്യമായി വരുക എന്നും ആർക്കാണ് ഊഹിക്കാനാവുക?

അതുകൊണ്ട്, ദൈവികഗ്രന്ഥം സമ്പൂർണ അധ്യാപനങ്ങൾ ഉൾക്കൊള്ളുന്നതും എല്ലാ കാലത്തേക്കും അനുയോജ്യമായതും ആത്മീയരോഗങ്ങൾക്കുള്ള ശമനൗശധമായിക്കൊണ്ട് എല്ലാ കാലത്തേക്കും ധാർമികവും ആധ്യാത്മികവുമായ അഭിവൃദ്ധിക്കുവേണ്ട സംവിധാനം ചെയ്യുന്നതുമായ ഗ്രന്ഥം ആയിരിക്കേണ്ടതാണ്. എന്തെന്നാൽ, മനുഷ്യപുരോഗതിയുടെ തത്ത്വജ്ഞാനമാണ് അതു വിശദീകരിക്കുന്നത്. നിരന്തരം പരിവർത്തനോന്മുഖമായ ഒരു അസ്തിത്വത്തിന്റെ വികാസ തത്ത്വത്തിൽ നൈപുണ്യം നേടുക എന്നത് മനുഷ്യബുദ്ധിക്കതീതമാണ്.

ഇസ്ലാമികധ്യാപനങ്ങൾ ചിലപ്പോൾ വിമർശിക്കപ്പെടാറുണ്ട് എന്നത് നിസ്സന്ദേഹമാണ്. എന്നാൽ, ഹദ്റത്ത് അഹ്മദ്(അ) സ്ഥാപിച്ചതു പോലെ, ഇസ്ലാമിനെതിരെ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങളെല്ലാം തന്നെ ഗൗരവാവഹമായ ചിന്തയുടെ അഭാവത്താലോ വിവേകത്തിനുമേൽ വികാരത്തെ ആധിപത്യം പുലർത്താൻ അനുവദിച്ചതു കൊണ്ടോ ആണ്. സമ്പൂർണമായ അധ്യാപനങ്ങളാണ് ഇസ്ലാം അവതരിപ്പിക്കുന്നത്. വികാരത്തിന് അടിപ്പെടാതെ കണ്ട് യുക്തിയുടെയും ഗാഢചിന്തയുടെയും തീർപ്പിന് വിട്ടു കൊടുത്താൽ തന്നെ മനുഷ്യന്റെ ധാർമികവും ആത്മീയവുമായ ഉത്ക്കർഷത്തിന് അനുഗുണമായ മറ്റൊരു നിയമസംഹിത കണ്ടെത്താനാവില്ല. എന്നാൽ മുൻപത്തെക്കാളുപരിയായി ഇസ്ലാമിനെ അപകീർത്തിപ്പെടുത്താനുള്ള ശ്രമം നടന്നു കൊണ്ടിരിക്കുന്നു.

## ജിഹാദ് ഇസ്ലാമിൽ

വാളു കൊണ്ട് മതം പ്രചരിപ്പിക്കാൻ ഇസ്ലാം അനുവദിക്കുന്നുവെന്നാണ് അതിനെതിരെ ഉന്നയിക്കപ്പെടുന്ന ഒരാരോപണം. എന്നാൽ വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നത് ഇങ്ങനെയാണ്:

"മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യതിരിക്തമായിരിക്കുന്നു. എല്ലാ മനുഷ്യർക്കും ഇവ രണ്ടിനെയും വ്യവച്ഛേദിച്ച് അറിയാൻ സാധിക്കുന്നതാണ്."

ഇസ്ലാമിനെ നശിപ്പിക്കുകയും മുസ്ലിംകളെ തങ്ങളുടെ മതം ഉപേക്ഷിക്കാൻ നിർബന്ധം ചെലുത്തുകയും ചെയ്യുക എന്ന ലക്ഷ്യം വെച്ചു കൊണ്ട് യുദ്ധം ചെയ്യുന്ന ആളുകളോട് മാത്രം യുദ്ധം ചെയ്യാനുള്ള അനുവാദമാണ് ഇസ്ലാം മുസ്ലിംകൾക്ക് നല്കുന്നത്.

ഈയൊരു ലക്ഷ്യം മുന്നിൽ വെച്ചു കൊണ്ട് യുദ്ധനടപടികൾ തുടർന്നു കൊണ്ടു പോകുന്നവരോട് യുദ്ധം തുടർന്നു കൊണ്ടു പോകാൻ ഇസ്‌ലാം അനുവാദം നല്കുന്നു. ശത്രുക്കൾ യുദ്ധം അവസാനിപ്പിക്കാൻ തയ്യാറായാൽ മുസ്‌ലിംകളും ക്ഷണത്തിൽ യുദ്ധം അവസാനിപ്പിക്കേണ്ടതാണ്. ശത്രുവിനെ പൂർണമായും നിഷ്കാസനം ചെയ്യാനും അനാവശ്യമായി ജീവഹാനി വരുത്താനും ഉദ്ദേശിച്ചു കൊണ്ട് പ്രതികാര വാഞ്ഛയും അമർഷവും കാരണത്താൽ മാത്രം ശത്രുവിന്റെ ഭാഗത്തു നിന്നുള്ള സന്ധിസമാധാനശ്രമങ്ങളെ മുസ്‌ലിംകൾ നിരസിക്കരുത്. ഈ നിർദേശങ്ങളുടെ വെളിച്ചത്തിൽ വാളു കൊണ്ട് മതം പ്രചരിപ്പിക്കാൻ ഇസ്‌ലാം അനുവാദം നല്കുന്നു എന്നു പറയാനാവുമോ? നബി തിരുമേനി(സ) ചെയ്ത എല്ലാ യുദ്ധങ്ങളും പ്രതിരോധയുദ്ധങ്ങളായിരുന്നു. ഇസ്‌ലാമിനെ നശിപ്പിക്കാൻ വേണ്ടി ഇറങ്ങിപ്പുറപ്പെട്ട ശത്രുക്കൾക്കെതിരെയായിരുന്നു ആ യുദ്ധങ്ങളൊക്കെയും. ഒരാൾ സത്യമതത്തെ നശിപ്പിക്കാൻ വാളുമേന്തി തുനിഞ്ഞിറങ്ങുമ്പോൾ ആ മതത്തിലെ അനുയായികൾ അവന് സവിനയം കീഴ്പ്പെട്ടു കൊണ്ട് തന്റെ ജീവത്യാഗം മുഖേന ആ ബുദ്ധിമോശത്തെ ആദരിക്കണമെന്ന പാഠം നല്കലാണോ ഒരു സത്യമതത്തിന്റെ ധർമം എന്നു പറയുന്നത്? സത്യമതത്തിന് തീർച്ചയായും അത്തരം പാഠം നല്കാൻ കഴിയില്ല. സത്യത്തെയും സന്മാർഗത്തെയും ബലികഴിപ്പിച്ചു കൊണ്ട് ദുർമാർഗത്തെയും അധർമത്തെയും നിരന്തരം വ്യാപിക്കാൻ അനുവദിക്കുന്നതിന് തുല്യമായിരിക്കും അത്.

## ഇസ്‌ലാമും അടിമത്തവും

അടിമത്തസമ്പ്രദായത്തിന്റെ ഏറ്റവും വലിയ ശത്രുവായിരുന്ന ഇസ്‌ലാമിനെക്കുറിച്ച് അത് അടിമത്തത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ് മറ്റൊരാരോപണം. മനുഷ്യനെ അടിമത്തത്തിലേക്ക് തരം താഴ്ത്തുന്ന സമ്പ്രദായം ഇസ്‌ലാമിനു മുൻപ് നിലനിന്നിരുന്നു. അവയെല്ലാം ഇസ്‌ലാം അവസാനിപ്പിക്കുകയാണുണ്ടായത്. അകാരണമായി ജനങ്ങളെ പിടിച്ച് അടിമകളാക്കുകയും ഗോത്രപരമോ ദേശപരമോ ആയ ശത്രുതയാലോ ഭൗതിക ലക്ഷ്യത്തിനായുള്ള യുദ്ധങ്ങളിൽ തടവുകരായി പിടിക്കുന്നവരെയോ അടിമകളാക്കുകയും ചെയ്യുന്നതിനെ ഇസ്‌ലാം വിരോധിക്കുന്നു. ഏതെങ്കിലും മതവിശ്വാസം ബലത്കാരേണ തള്ളാനോ കൊള്ളാനോ ലക്ഷ്യം വെച്ചു കൊണ്ട് വാളുമേന്തി യുദ്ധത്തിനു വരുന്ന ശത്രുസൈന്യ

ത്തിൽ നിന്ന് കിട്ടുന്ന യുദ്ധതടവുകാരെ അടിമകളാക്കാനുള്ള അനുവാദം മാത്രമാണ് അതു നല്കുന്നത്. ഒരു വിശ്വാസം ബലാത്കാരേണ അടിച്ചേൽപ്പിക്കുന്ന ഹീനകൃത്യം മനുഷ്യത്വരഹിതമാണെന്ന കാര്യം നിസ്സന്ദേഹമാണല്ലോ. അങ്ങനെ ശിക്ഷിക്കപ്പെടുന്നവർ മനുഷ്യരുടെ ആരാധനാസ്വാതന്ത്ര്യത്തെ വാൾ മുഖേന ബലാത്കാരപൂർവം ഹനിക്കാനും സാത്താന്റെ അടിമത്തത്തിൽ ഏൽപിക്കാനുമാണ് ശ്രമിച്ചിരുന്നതെന്ന് മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനെ ജുഗുപ്സാവമായി കാണുന്നവർ മനസ്സിലാക്കേണ്ടതാണ്. അവൻ തന്റെ ലക്ഷ്യത്തിൽ വിജയിച്ചിരുന്നെങ്കിൽ ലക്ഷക്കണക്കിനാളുകൾ സത്യം പരിത്യജിക്കാൻ നിർബന്ധിക്കപ്പെട്ട് ശാശ്വതമായ ഇരുട്ടിലേക്ക് തള്ളപ്പെട്ടേനെ. അങ്ങനെയുള്ള വ്യക്തി താൻ ചെയ്ത തെറ്റിനെക്കുറിച്ച് പശ്ചാത്തപിക്കുകയും തന്റെ മനോഭാവത്തിൽ ദു:ഖിക്കുകയും ചെയ്യുന്നതു വരെ സ്വതന്ത്രനാക്കപ്പെടാൻ അർഹനാണോ? അടിമത്തം എന്നാൽ എന്താണ്? താൻ ചെയ്ത കുറ്റത്തിന് ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ട് യുദ്ധത്തിന് വേണ്ടി ചെലവായ ഒരു പങ്ക് അടയ്ക്കുന്നതു വരെ ഒരാളെ അയാളുടെ സ്വാതന്ത്ര്യത്തിൽ നിന്നും തടഞ്ഞു വയ്ക്കലാണത്. യുദ്ധതടവുകാരായി പിടിക്കുകയും അവരെക്കൊണ്ട് ജോലി ചെയ്യിക്കുകയും ചെയ്യുന്നത് വിലക്കുന്ന ധാർമികമോ രാഷ്ട്രീയോ ആയ മറ്റു വല്ല കാരണവും ഉണ്ടോ? വിചിത്രകരമെന്ന് പറയട്ടെ, ഭീമമായ യുദ്ധ നഷ്ടപരിഹാരം നല്കുന്നതു വരെ മുഴുവൻ രാജ്യങ്ങളെയും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ അടിമത്തത്തിൽ വയ്ക്കുന്നത് അനുവദനീയമായി കരുതപ്പെടുന്നു. അതേസമയം, മേൽ വിവരിച്ച പ്രകാരം യുദ്ധത്തിൽ പങ്കെടുത്ത കുറ്റത്തിന് തടവിലാക്കപ്പെടുകയും യുദ്ധത്തിൽ ചെലവായതിന് ഒരു പങ്കു നല്കുന്നതു വരെ അവർക്ക് സ്വാതന്ത്ര്യം നിഷേധിക്കുകയും ചെയ്യുന്നതിനെ മനുഷ്യത്വരഹിതമെന്ന് പറഞ്ഞ് അപലപിക്കുകയും ചെയ്യുന്നു. അടിമയാക്കപ്പെട്ട ഓരോ യുദ്ധത്തടവുകാരനും യുദ്ധ ച്ചെലവിന്റെ ഒരു പങ്ക് അടച്ചുകൊണ്ട് സ്വതന്ത്രനാകാമെന്നും ഇസ്‌ലാം വ്യവസ്ഥ ചെയ്യുന്നു. ഒരു അടിമ അടിമത്തത്തെക്കാൾ സ്വാതന്ത്ര്യത്തിനാണ് പ്രാമുഖ്യം നല്കുന്നതെങ്കിൽ അയാളോ അയാളുടെ ബന്ധുക്കളോ നാട്ടുകാരോ അവർ അക്രമിച്ച രാജ്യത്തിന് യുദ്ധച്ചെലവെന്നോണം ഒരു തുക മോചനദ്രവ്യം നല്കി അയാളെ സ്വതന്ത്രനാക്കാത്തത് എന്തുകൊണ്ട്?

## ഇസ്‌ലാമും പലിശയും

പലിശ വാങ്ങുന്നതും കൊടുക്കുന്നതും വിരോധിച്ചു കൊണ്ടുള്ള ഇസ്‌ലാമിക അധ്യാപനവും വിമർശിക്കപ്പെടുന്നുണ്ട്. അതേസമയം പലിശ ലോകവ്യവസ്ഥിതിയുടെ സാമൂഹ്യവും നാഗരികവുമായ സ്വാഭാവിക അടിത്തറയല്ല. അതിനെ ഒരടിത്തറയായി അവലംബി ച്ചിരിക്കുന്നുവെന്നു മാത്രം. ഖുർആൻ പറയുന്നതു പോലെ, ആധു നികകാലത്ത് നടന്ന പല യുദ്ധങ്ങൾക്കും ഉത്തരവാദി പലിശയാ ണെന്ന് അല്പമൊന്ന് ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. പലിശ യ്ക്ക് കടം കൊടുക്കാൻ ഗവൺമെന്റുകൾക്ക് സാധിക്കാതെ വന്നാ ൽ അവർ ഒരിക്കലും തന്നെ ഒരു യുദ്ധത്തിന് ഒരുങ്ങി പുറപ്പെടുമാ യിരുന്നില്ല. എന്തെന്നാൽ, ഏതൊരു യുദ്ധത്തിനും പണം അത്യാവ ശ്യമാണ്. പ്രത്യേകിച്ചും ആധുനിക കാലത്ത് യുദ്ധം ഭീമമായ സാമ്പ ത്തികത്യഗം ആവശ്യപ്പെടുന്നുണ്ട്. പലിശാധിഷ്ഠിതമായ വായ്പ മുഖേന ആവശ്യമായ തുക ശേഖരിക്കാൻ ഗവൺമെന്റുകൾക്ക് കഴി യാതെ വന്നാൽ ഒരു നശീകരണ യുദ്ധത്തിന് അല്പമൊന്ന് ചിന്തി ക്കാതെ ധൃതി കാണിക്കുകയില്ല. നേരിട്ടുള്ള നികുതി കെട്ടൽ ജന ങ്ങൾക്ക് ഭാരമായിത്തീരുന്നു. ഒരു മഹായുദ്ധത്തിലേക്ക് കുതിച്ചു പായാനോ അതിനു വേണ്ടി ഭീമമായ ചെലവു വഹിക്കാനോ അവർ സന്നദ്ധരാവുകയില്ല തന്നെ. യുദ്ധത്തിന്റെ അനിവാര്യത ഒഴിവാക്കാ വുന്ന മാർഗങ്ങൾ അവർ അവലംബിക്കുന്നതാണ്.

അതുപോലെ, പലിശ കൊടുക്കുന്നതും വാങ്ങുന്നതും നിരോധി ക്കുന്ന പക്ഷം രാജ്യത്തിന്റെ സമ്പത്ത് ചില വ്യക്തികളിൽ മാത്രം ഒരുമിച്ചു കൂടപ്പെടുകയില്ല. ഇസ്‌ലാമിക രാഷ്ട്രങ്ങളിലെ പോലെ അതു പൊതുവായ നിലയിൽ പക്ഷപാതരഹിതമായി സമൂഹ ത്തിൽ വിതരണം ചെയ്യപ്പെടുന്നതും അങ്ങനെ സമ്പത്ത് വിപുലവും തുല്യവുമായ രീതിയിൽ വീതം ചെയ്യപ്പെടുന്നതുമാണ്. അങ്ങനെ വാണിജ്യത്തിന്റെയും വ്യവസായത്തിന്റെയും മേധാവികൾ ലാഭ വിഹിതം നല്കാമെന്നുള്ള വ്യവസ്ഥയിൽ ഒരു വലിയ ജനവിഭാഗ ത്തിൽ നിന്ന് പണം കടം വാങ്ങാൻ നിർബന്ധിതരാകുന്നതാണ്. അതവരെ ഒരു കൂട്ടുകച്ചവടത്തിലേക്ക് ആയിരിക്കും നയിക്കുക.

## ഇസ്‌ലാമും ബഹുഭാര്യത്വവും

ബഹുഭാര്യത്വത്തെക്കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനവും വിമർ ശന വിധേയമായിട്ടുണ്ട്. എന്നാൽ, ധാർമികവും രാഷ്ട്രീയവും

സാമൂഹികവും വർഗപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ഉയരുമ്പോൾ ബഹുഭാര്യത്വം നിർദേശിക്കുന്ന പരിഹാരം മാത്രമാണ് തൃപ്തികരമെന്ന് കാണാവുന്നതാണ്. ഉദാഹരണമായി, താൻ വിവാഹം ചെയ്ത സ്ത്രീക്ക് ഭ്രാന്തോ മറ്റു സ്ഥിരമായ രോഗമോ ബാധിച്ചാൽ എന്തു മാർഗമാണ് അയാളുടെ മുന്നിലുള്ളത്? ദുരിത ങ്ങളുടെയും രോഗങ്ങളുടെയും ഒരു പരമ്പര വിട്ടേച്ചു പോകുമാറ് തന്റെ കുട്ടികളുടെ അമ്മയാവാൻ അനുവദിക്കണമോ? മനുഷ്യത്വത്തോടുള്ള ദ്രോഹമാവില്ലേ അത്? സന്താനരഹിതനായി തുടർന്നു കൊണ്ട് രാജ്യത്തിന് നഷ്ടം വരുത്തി വയ്ക്കണമോ? അധാർമിക ജീവിതം നയിച്ചു കൊണ്ട് സമൂഹത്തിനും ധാർമികതയ്ക്കും കോട്ടം വരുത്തി വയ്ക്കണമോ? അല്ലെങ്കിൽ ദുരിതവും നിസ്സഹായാവസ്ഥയും അഭിമുഖീകരിക്കുന്ന തന്റെ ഭാര്യക്ക് വലിയ തോതിൽ അനുകമ്പയും ശ്രദ്ധയും ആവശ്യമായ ഘട്ടത്തിൽ അവളെ വിവാഹമോചനം ചെയ്തുകൊണ്ട് അനുതാപത്തിന്റെയും നീതിയുടെയും എല്ലാ പരിഗണനകളെയും ബലികഴിക്കണമോ? അത്തരം സാഹചര്യങ്ങളിൽ ബഹുഭാര്യത്വമല്ലാതെ, പ്രകൃതിയുടെയും സമൂഹത്തിന്റെയും ധാർമികതയുടെയും ആവശ്യങ്ങൾ തുല്യമായി നിറവേറ്റുന്ന മറ്റു വല്ല പരിഹാരവും ഉണ്ടോ? വാസ്തവത്തിൽ, ബഹുഭാര്യത്വത്തെ അപലപിക്കുകയും അതിന്റെ ആവശ്യകതയെ നിരാകരിക്കുകയും ചെയ്യുന്നവർ പ്രകൃതിയുടെ ആവശ്യങ്ങളെയും മനുഷ്യനിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങളെയും അവഗണിക്കു കയോ യഥാർഥ ധാർമികതയെക്കാൾ ഉപരിപ്ലവമായ ധാർമിക മോടിക്ക് മുൻഗണന നല്കുകയോ ആണ് ചെയ്യുന്നത്. ബഹുഭാര്യാധർമം അവലംബിക്കുന്ന പക്ഷം ഭർത്താവിൽ ചുമത്തപ്പെടുന്ന ഉത്തരവാദിത്വങ്ങളെയും നിയന്ത്രണങ്ങളെയും കുറിച്ച് അവർ അറിഞ്ഞിരുന്നെങ്കിൽ ഒരു മനുഷ്യൻ ചിലപ്പോൾ വഹിപ്പാൻ നിർബന്ധിതനാകുന്ന കനത്ത ഭാരമാണ് ബഹുഭാര്യത്വമെന്നും സുഖലോലുപതയ്ക്കുള്ള ഉപകരണമല്ലെന്നും തിരിച്ചറിഞ്ഞേനെ.

## വിവാഹമോചനം ഇസ്‌ലാമിൽ

അതുപോലെത്തന്നെ, വിവാഹമോചനതത്ത്വത്തെക്കുറിച്ച് വിമർശകർ തിരിച്ചറിയാതെ പോകുന്ന ഒരു കാര്യമുണ്ട്. ഭാര്യാഭർത്താക്കന്മാരുടെ പ്രകൃതങ്ങൾ തമ്മിൽ ചില കേസുകളിൽ വളരെയേറെ പൊരുത്തക്കേടുകൾ ഉണ്ടായിരിക്കും. എത്രത്തോളമെന്നാൽ ഒരുമിച്ചു ജീവിക്കുക തീയും വെള്ളവും ഒരുമിച്ചു ചേരുന്നതിനു

സമാനമായിരിക്കും. അതവർ രണ്ടുപേരുടെയും നാശത്തിലേ കലാശിക്കൂ. എന്തെന്നാൽ, ഈ രണ്ടു പദാർഥങ്ങളും കൂട്ടിച്ചേർക്കപ്പെട്ടാൽ തീ അണഞ്ഞുപോവുകയും വെള്ളം ബാഷ്പീകരിക്കപ്പെടുകയും ചെയ്യുന്നതാണ്. പിന്നെ നനഞ്ഞ ചാരം മാത്രമായിരിക്കും അവ ശേഷിക്കുക. ഇതേപോലെ, ഈ ദമ്പതികളെ ഒരുമിച്ച് ജീവിപ്പിക്കാൻ നിർബന്ധിക്കുകയാണെങ്കിൽ ഒന്നുകിൽ അവർ അവരുടെ ജീവിതങ്ങൾ പരിപൂർണമായും തകർത്ത് തരിപ്പണമാക്കുകയോ ധാർമികതയുടെ അതിർവരമ്പുകൾ ലംഘിക്കുക വഴി സമൂഹത്തിന് ഭീഷണിയായിത്തീരുകയോ ചെയ്യുന്നതാണ്. അവരുടെ സ്വഭാവം തലാഖിനെ എതിർക്കുന്നവരുടെ വാദങ്ങൾക്ക് ലജ്ജാകരമായ വിശദീകരണമാവുകയും ചെയ്യും. ഇതും ഇതുപോലെ ഇസ്‌ലാമിക പാഠങ്ങൾക്കെതിരെയുള്ള മറ്റ് ആരോപണങ്ങളും അറിവില്ലായ്മയുടെയും ധാരണാരാഹിത്യത്തിന്റെയും ഫലമായാണ് ഉണ്ടായിട്ടുള്ളത്. എന്തെന്നാൽ ഇസ്‌ലാമിക പാഠങ്ങൾ ഇതരമതങ്ങളെ അപേക്ഷിച്ച് ദയയുടെയും യുക്തിയുടെയും മാനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണ്. അവ എല്ലാ കാലത്തെയും ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കുമുള്ള സമ്പൂർണവും പരിപൂർണവുമായ പരിഹാരങ്ങൾ നല്കുന്നു.

## ധാർമിക പാഠങ്ങൾ

ദൈവത്തെയും അവന്റെ വെളിപാടുകളെയും സംബന്ധിച്ച് പ്രബലമായിരുന്ന തെറ്റിധാരണകളെ ഹദ്റത്ത് അഹ്മദ്(അ) വിപാടനം ചെയ്തതിന്റെയും ഈ ചോദ്യങ്ങൾക്ക് അദ്ദേഹം വിശദീകരിച്ച സമുന്നത പാഠങ്ങളുടെയും ചില ഉദാഹരണങ്ങൾ മുന്നിൽ വെച്ചു കഴിഞ്ഞതിനാൽ ഇനി ഞാൻ വളരെ ചുരുങ്ങിയ നിലയിൽ മനുഷ്യജീവിതത്തിന്റെ മറ്റുചില വശങ്ങളുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ഭാഗങ്ങളിലേക്ക് ശ്രദ്ധ കൊണ്ടുവരാം.

മാനുഷിക ധാർമിക മൂല്യങ്ങളെക്കുറിച്ചുള്ള പൂർണമായ പാഠങ്ങൾ ഉൾക്കൊള്ളുന്നതുവരെ ഒരു മതത്തിനും അതു പരിപൂർണമാണെന്ന് വാദിക്കാൻ കഴിയുകയില്ല. ധാർമിക ഗുണങ്ങൾ ആത്മീയതയുടെ ഭാഗമല്ലെങ്കിലും അവ ധാർമികതയിലേക്കുള്ള ആദ്യ ചുവടുകൾ തന്നെയാണ്. പരിപൂർണമായ ധാർമിക മൂല്യങ്ങൾ കൂടാതെ ഒരു മനുഷ്യന് ആത്മീയതയിൽ പൂർണത കൈവരിക്കാൻ കഴിയില്ല. ധാർമികതയെക്കുറിച്ച് വാഗ്ദത്ത ഹദ്റത്ത്(അ) അതിശയകരമായ തത്ത്വങ്ങളാണ് നല്കിയിരിക്കുന്നത്. അവയുടെ പഠനം

ധാർമിക പാഠങ്ങൾ അന്വേഷിച്ച് ലോകം അന്നേവരെ ഇരുട്ടിൽ തപ്പുക മാത്രമായിരുന്നെന്ന് ഒരു ഞെട്ടലോടെ അംഗീകരിപ്പിക്കുന്നു. ഈ ചെറു ലേഖനത്തിന്റെ പരിധിയിൽ നിന്നുകൊണ്ടു മുഴുവൻ പ്രശ്നത്തിന്റെയും സമഗ്ര വിശകലനം സാധ്യമല്ലാത്തതിനാൽ ഈ തത്ത്വങ്ങളുടെ ചില കാര്യങ്ങളിലേക്ക് മാത്രം സംക്ഷേപമായ വിവരണം നല്കുന്നതാണ്.

ആദ്യത്തെ കാര്യം ധാർമിക ഗുണങ്ങളുടെ നിർവചനവുമായി ബന്ധപ്പെട്ടതാണ്.

ധാർമിക ഗുണങ്ങളുടെ സ്വഭാവത്തെ തെറ്റായാണ് മനസ്സിലാക്കിയിരുന്നതെന്നും ഇതു മനുഷ്യകുലത്തെ ഗൗരവപരമായ അബദ്ധത്തിലേക്ക് നയിച്ചിരിക്കുകയാണെന്നും മത ഗ്രന്ഥങ്ങളിൽ സുദീർഘമായ വ്യർഥസംവാദങ്ങൾക്ക് കാരണമായിരിക്കുകയുമാണെന്ന കാര്യത്തിലേക്ക് അദ്ദേഹമാണ് ആദ്യമായി ലോകശ്രദ്ധയെ തിരിച്ചത്. മൃഗീയതയ്ക്കും ധാർമികതയ്ക്കും മധ്യേ ഒരു ഘട്ടമുണ്ടെന്നുള്ളത് ജനങ്ങൾ തിരിച്ചറിയാതെ പോകുന്നു. മൃഗീയത എന്നത് ശിക്ഷണത്തിലെ പിഴവുകൾ, അസുഖം, ശീലം, അജ്ഞത, ദുഷിച്ച നിയ്യത്ത് എന്നിവ കാരണത്താൽ തികച്ചും സ്വാർഥ ലക്ഷ്യങ്ങളോടെ സ്വാർഥ താത്പര്യങ്ങൾക്കായി മറ്റുള്ളവരുടെ വികാരങ്ങൾക്ക് ഒരു വിലയും നല്കാതെ ചെയ്യുന്ന മാനുഷികാവസ്ഥയെ കുറിക്കുന്നതാണ്. എന്നാൽ ഇത് മനുഷ്യന്റെ നൈസർഗികമായ അവസ്ഥയല്ല, കാരണം മറ്റുള്ളവർക്ക് നന്മ ചെയ്യാൻ പ്രേരിപ്പിക്കുന്ന പല സ്വാഭാവിക വികാരങ്ങളും മനുഷ്യനിൽ നിക്ഷിപ്തമാണ്. ഇതിനെ ജനങ്ങൾ നല്ല ധാർമിക മൂല്യങ്ങളായി തെറ്റിധരിച്ചിരിക്കുന്നു. ഉദാഹരണത്തിന്, മറ്റുള്ളവരുടെ ദൗർഭാഗ്യങ്ങളിൽ പ്രകൃത്യാ മനുഷ്യൻ വേദനിക്കുന്നു. അവന് സദ്പെരുമാറ്റത്തിലേക്കും സത്യത്തിലേക്കും ചായ്വുണ്ട്. എന്തെന്നാൽ, മനുഷ്യൻ ഒരു സാമൂഹിക ജീവിയായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഈ വികാരങ്ങളെല്ലാം തന്നെ ഒരു സമൂഹത്തിൽ അംഗങ്ങളായിരിക്കുന്നതിന് അനിവാര്യമാണ്. പൂർണമായ ഏകാന്തതയിൽ ഒരുവിധ ശിക്ഷണവും നല്കപ്പെടാത്ത ഒരു കുഞ്ഞു പോലും പെരുമാറ്റത്തിൽ ഈ വികാരങ്ങൾ പ്രകടിപ്പിക്കുന്നുവെന്നത് ഈ വികാരങ്ങൾ നൈസർഗിക വാസനകൾ മാത്രമാണെന്നും ധാർമികതയിൽ നിന്ന് വിഭിന്നമാണെന്നും വ്യക്തമാക്കുന്നു. ഉദാഹണമായി, പ്രീതിയും അപ്രീതിയും ഒരു പോലെ സഹജവികാരങ്ങളാണ്. രണ്ടിനെയും നല്ലതെന്നോ ചീത്തതെന്നോ

പറയാൻ കഴിയില്ല. എന്തെന്നാൽ ഒന്ന് നല്ലതും മറ്റേത് ചീത്തയുമാണെന്ന് പറയുന്ന പക്ഷം ദൈവം നമ്മുടെ പ്രകൃതത്തിൽ തിന്മയും സഹജമാക്കിയിരിക്കുന്നെന്ന് സമ്മതിക്കേണ്ടിവരും. അതാകട്ടെ, ദൈവനിന്ദയുമാണ്. മാത്രവുമല്ല നമ്മുടെ അനുഭവവും ഈ തത്ത്വം തെറ്റാണെന്ന് കാണിക്കുന്നു. എന്തെന്നാൽ, അക്രമം, തിന്മ തുടങ്ങിയ കാര്യങ്ങളോടുള്ള വെറുപ്പ് അങ്ങേയറ്റം ശ്ലാഘനീയമാണ്. വെറുപ്പിന്റെ എല്ലാ വികാരവും തിന്മയാണെന്ന് കരുതുന്നതായാൽ തെറ്റ് ചെയ്യുന്നതിനോടുള്ള വെറുപ്പും ഒരു തിന്മയായി കരുതേണ്ടിവരുന്ന ബുദ്ധിശൂന്യതയിലേക്കാണെത്തുക.

അതിനാൽ ഹദ്റത്ത് അഹ്മദ്(അ) ദയ, ക്ഷമ, സ്നേഹം, സഹായം, ലാളിത്യം എന്നീ ഗുണങ്ങളെ ഉപദേശിക്കുന്ന മതം നൈസർഗിക വികാരങ്ങളെ നിരത്തിപ്പറയുകമാത്രമാണെന്നും ഇത് ഒരു വിധത്തിലും ധാർമികാനുശാസനകളാകുന്നില്ലെന്നും വിശദീകരിക്കുകയുണ്ടായി. ഈ സഹജ വികാരങ്ങളെ നിയന്ത്രിക്കാനും അതിനെ ശരിയായി ഉപയോഗിക്കാനുള്ള നിർദേശങ്ങളും കൃത്യമായ നിയമങ്ങളും വിസ്തരിക്കുന്ന ഒരു മതത്തിന് മാത്രമേ ധാർമിക അനുശാസനകൾ നല്കുന്നതായി അവകാശപ്പെടാനാവൂ. അതായത് ചില സഹജവാസനകളെ പ്രയോഗ വല്ക്കരിക്കലും മറ്റുള്ളവയെ അടിച്ചമർത്തുന്നതും ധാർമികതയല്ല. ധാർമികത എന്നാൽ ബോധപൂർവം ഉദ്ദിഷ്ട ലക്ഷ്യത്തോടെയും ശരിയായ അവസരങ്ങളിൽ ഈ വികാരങ്ങളെ ഉപയുക്തമാക്കുകയും അനഭിലഷണീയമായ ഓരോ സാഹചര്യത്തിലും നിയന്ത്രിക്കലുമാണ്. മനുഷ്യമനസ്സിനെ പ്രകൃതി ചോദനകൾ ആവസിക്കുന്ന ഒരു ദേശമായി ക്കണ്ടാൽ ഇത് വ്യക്തമാക്കാനാകും. ഇനി ധാർമികാനുശാസനങ്ങളുടെ ധർമം എന്നത് അവയിൽ ചിലതിനെ തൂക്കിലേറ്റുകയും മറ്റു ചിലതിനെ തോന്നിയതു പോലെ ചെയ്യാൻ കയറൂരി വിടലുമല്ല. എന്തെന്നാൽ അത് ഭരണമല്ല അരാജകത്വമാണ്. നേരെമറിച്ച്, അതിന്റെ ചുമതല ഓരോന്നിന്റെ പ്രവർത്തനത്തിനും പരിധി നിശ്ചയിക്കലും ഒന്നിനെയും പരിധി ലംഘിക്കാൻ അനുവദിക്കാതിരിക്കലുമാണ്. ഇക്കാരണത്താലാണ് മനുഷ്യപ്രവൃത്തികളെ ധാർമികമെന്നു വിശേഷിപ്പിക്കുകയും മൃഗങ്ങളുടെ സമാനപ്രവൃത്തികളെ അത്തരത്തിൽ വിശേഷിപ്പിക്കാതിരിക്കുകയും ചെയ്യുന്നത്. മൃഗം പലപ്പോഴും ദയ കാണിക്കുന്നു എന്നാൽ അത് സഹജബോധത്താൽ പ്രേരിതമായതിനാൽ അതിനെ ആരും ധാർമികതയെന്ന് വിളിക്കാറില്ല.

ഏതെങ്കിലുമൊരു പ്രകൃതിചോദനയെപ്പോലും അടിച്ചമർത്തുന്ന മതം തിന്മയെ തടഞ്ഞു ധാർമികത പ്രചോദിപ്പിക്കുകയല്ല, മറിച്ച് ധാർമികത തകർത്ത് സമൂഹത്തെ നശിപ്പിക്കുകയാണ്. ഓരോ സഹജവികാരത്തെയും ഉപയുക്തമാക്കേണ്ട ശരിയായ സമയവും സന്ദർഭവും ചൂണ്ടിക്കാട്ടുന്ന മതത്തിന് മാത്രമാണ് യഥാർഥ ധാർമികത സ്ഥാപിക്കാൻ കഴിയുക.

മതത്തിന്റെ ധാർമികാനുശാസനങ്ങളെ കുറിച്ച് അദ്ദേഹം നല്കുന്ന രണ്ടാമത്തെ തത്ത്വം ഇതാകുന്നു: ഓരോ ധാർമികഗുണവും പാലിക്കേണ്ട സമയസന്ദർഭങ്ങൾ കാണിച്ചു തരുന്നതു കൂടാതെ ഒരു മതം ഓരോ പ്രകൃതി ചോദനയുടേയും ശരിയായതോ തെറ്റായതോ ആയ പ്രയോഗം മൂലം ഉണ്ടാകാൻ സാധ്യതയുള്ള നല്ലതും ചീത്തയുമായ വിവിധ ധാർമിക അവസ്ഥകളെ കുറിച്ച് വിശദീകരിക്കുകയും വേണം. അല്ലാത്ത പക്ഷം ജനങ്ങൾ ആശയകുഴപ്പത്തിലാവുകയും തുടക്കത്തിൽ തന്നെ ശ്രമം ഉപേക്ഷിച്ച് കളയുകയോ ഒരിക്കലും ലക്ഷ്യത്തിലേക്കെത്താൻ സാധ്യതയില്ലാത്ത പാത പിന്തുടരുകയോ ചെയ്യുന്നു. അത് ഇംഗ്ലീഷ് പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥി ഓക്സ്ഫേഡ് നിഘണ്ടു ഹൃദ്യസ്ഥമാക്കാൻ മുതിരുന്നത് പോലെയായിത്തീരും. അവർ സമയവും പ്രയത്നവും അതിനായി ചിലവഴിക്കും. എന്നാൽ ഒരു ഫലവുമുണ്ടാവുകയില്ല. അതിനാൽ പുരോഗതിയുടെ ഏത് പടിയിലുള്ള മനുഷ്യർക്കും ഉപദേശങ്ങളിൽ നിന്ന് ഫലമെടുക്കാൻ ഉതകുന്ന രീതിയിൽ ധാർമികഗുണങ്ങളുടെ വിവിധ അവസ്ഥകൾ വ്യക്തമാക്കേണ്ട ചുമതല മതത്തിനുണ്ട്.

മതം വ്യക്തമാക്കേണ്ട മൂന്നാമത്തെ തത്ത്വമായി അദ്ദേഹം സ്ഥാപിച്ചിരിക്കുന്നത് ഓരോ ധാർമികാനുശാസനവും ഏതടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കലാണ്. എന്തെന്നാൽ ഈയൊരറിവിന്റെ അഭാവത്തിൽ ഉന്നത ധാർമിക നിലവാരം കരസ്ഥമാക്കാനാവശ്യമായ സ്ഥിരപരിശ്രമത്തിനുള്ള ഉത്സാഹം മനുഷ്യന് അനുഭവപ്പെടുകയില്ല. നാലാമതായി അദ്ദേഹം ഉപദേശിക്കുന്നത് മതം എല്ലാ നല്ലതും ചീത്തയുമായ പ്രവണതകളുടെ സ്രോതസ്സ് ചൂണ്ടിക്കാട്ടണമെന്നും തിന്മയുടെ വഴികളെ അടച്ചുകളയാനും നന്മയുടെതിനെ വിശാലമാക്കാനും പഠിപ്പിക്കണമെന്നുമാണ്. എന്തെന്നാൽ, ദുഷ്പ്രവണതകളെ തടയുന്നത് വരെ തിന്മയെ നശിപ്പിക്കാൻ കഴിയില്ല. ഈ പ്രശ്നത്തെ അഭിമുഖീകരിക്കാത്ത മതത്തിന്റെ ധാർമിക പാഠങ്ങൾ

അപൂർണമാണ്. പ്രായോഗിക പ്രവർത്തനം വിശദീകരിക്കാത്തിടത്തോളം അമൂർത്ത സിദ്ധാന്തങ്ങൾക്കൊണ്ട് ഒരു പ്രയോജനവുമില്ല. ഹദ്റത്ത് അഹ്മദ്(അ) ധാർമികോപദേശങ്ങൾ സംബന്ധിച്ച ഈ തത്ത്വങ്ങൾ ചൂണ്ടിക്കാട്ടുക മാത്രമല്ല വിശുദ്ധ ഖുർആൻ വിശദമായി പ്രതിപാദിക്കുന്നുണ്ടെന്നും മനുഷ്യന്റെ ധാർമിക ഉദ് ഗ്രഥനത്തിന്റെ ഈ എല്ലാ വശങ്ങളും സ്പഷ്ടമാക്കുന്നുണ്ടെന്നും വിശദീകരിച്ചു. അങ്ങനെ ഇസ്‌ലാമിന് മാത്രമേ മനുഷ്യകുലത്തിന് യഥാർഥ ധാർമിക മാർഗനിർദേശം നല്കാൻ കഴിയൂവെന്നും സ്ഥാപിച്ചു.

സമ്പൂർണ മതത്തിന്റെ മറ്റൊരു ധർമം മനുഷ്യജീവിതത്തിന്റെ സാമൂഹികവശങ്ങളെ നിയന്ത്രിക്കുന്ന തത്ത്വങ്ങൾ നിർദേശിക്കലാണ്. ഇവ പാലിക്കുകവഴി രാഷ്ട്രീയവും സാംസ്കാരികതയും സമ്പൂർണമാകുകയും ലോകത്ത് ശാന്തിയും ന്യായവും സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ഹദ്റത്ത് അഹ്മദ്(അ) ഇസ്‌ലാമികാധ്യാപനങ്ങളുടെ ഈ വശങ്ങളെ വിശദീകരിക്കുകയും അതിലടങ്ങിയിരിക്കുന്ന മനോഹര സത്യങ്ങൾ ലോകത്തിന് കാണിച്ചുകൊടുക്കുകയും ഈ പാഠങ്ങളെ കുറിച്ച് അന്ന് നിലവിലിരുന്ന തെറ്റിദ്ധാരണകൾ നീക്കം ചെയ്യുകയുമുണ്ടായി. പുനരുദ്ധരിക്കപ്പെട്ടതും ശരിയായ രീതിയിൽ വാർത്തെടുക്കപ്പെട്ടതുമായ സമൂഹത്തിൽ മാത്രമേ ഒരു വ്യക്തിക്ക് തന്റെ ധാർമിക ഗുണങ്ങൾ ഏറ്റവും നല്ല രീതിയിൽ പ്രകടമാക്കാൻ കഴിയൂ എന്ന് അല്പമൊന്നു ചിന്തിച്ചാൽ മനസ്സിലാക്കാം. കാരണം ഒരു സാധാരണ മനുഷ്യന് ഒരു പരിധിവരെയുള്ള ത്യാഗങ്ങൾ മാത്രമേ ചെയ്യാൻ കഴിയൂ. അതിനപ്പുറം അയാൾക്ക് പോവാൻ കഴിയില്ല. അതിൽ കൂടുതൽ അയാളിൽ നിന്ന് പ്രതീക്ഷിക്കുന്നത് കൂടുതൽ ഭാരം ചുമത്തലും ക്ഷമ പരീക്ഷിക്കലുമാണ്. ഇതിന്റെ ഫലം, ആദ്യം അയാളെ പരിഭ്രമിപ്പിക്കലും അവസാനത്തിൽ പൂർണമായും ആത്മനിയന്ത്രണം നഷ്ടപ്പെടുത്തിക്കലുമാകും. അതിനാൽ ഒരു വ്യക്തിയുടെ ധാർമിക ഗുണങ്ങളുടെ പുരോഗമനത്തിന് ഒരു സമുദ്ധരിച്ച സംവിധാനം അത്യാവശ്യമാണ്. അല്ലാത്ത പക്ഷം ഉയർന്ന ധാർമിക ഗുണങ്ങൾ ചുരുക്കം ചില വ്യക്തികളിൽ മാത്രം ഒതുങ്ങിപ്പോകും.

മനുഷ്യജീവിതത്തിന്റെ ഈ അവസ്ഥയെക്കുറിച്ച് ഇസ്‌ലാം വിശദമായിത്തന്നെ പ്രതിപാദിപ്പിക്കുന്നു. ഹദ്റത്ത് അഹ്മദ് (അ) ഈ ഇസ്‌ലാമിക പാഠങ്ങളെ വളരെയധികം വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ലേഖനത്തിന്റെ പരിധിയിൽ നിന്ന് ചുരുങ്ങിയ രീതിയിലെ

ഇതിനെ കുറിച്ച് സംസാരിക്കാനാകൂ എന്നത് വ്യക്തമാണല്ലോ. ഭരണാധികാരിയുടെയും പ്രജകളുടെയും അവകാശങ്ങളും കടമകളും, സ്വതന്ത്രമായ നീതിന്യായവ്യവസ്ഥ, മനുഷ്യാവകാശങ്ങളുടെ പാലനം, യജമാനനും ഭൃത്യനും തമ്മിലുള്ള ബന്ധം, അവർക്കിടയിൽ ഉയരുന്ന പ്രശ്നപരിഹാര നടപടികൾ, ഒരു മുസ്ലിം പൗരന്റെ ധർമങ്ങൾ, ദരിദ്രരുടെ അവകാശങ്ങൾ, വിവിധ മതങ്ങളും വിവിധ ഭരണകൂടങ്ങളും തമ്മിലുള്ള ബന്ധങ്ങൾ എന്നിവയെക്കുറിച്ച് ഇസ്ലാം വളരെ വിശാലമായി പ്രതിപാദിച്ചിട്ടുണ്ട്. മാത്രമല്ല, ഈ കാര്യത്തിൽ ഇസ്ലാം മറ്റെല്ലാ മതങ്ങളിൽ നിന്നും വ്യതിരിക്തമായി നിലകൊള്ളുന്നുവെന്ന് ഒരാൾക്ക് സമ്മതിക്കേണ്ടിവരും ഈ വശത്തെക്കുറിച്ച് ഞാൻ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാം എന്ന ഗ്രന്ഥത്തിൽ വിശദമായി കൈകാര്യം ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് അഹ്മദ്(അ) വിശദീകരിച്ച തത്ത്വങ്ങൾ ചുരുക്കത്തിൽ പ്രതിപാദിക്കുന്നതാണ്. അധികാരിയും പ്രജയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഒന്നാമതായി സർക്കാർ പൊതുജനത്തിന്റെ സേവകരാണ്. എപ്പോഴും സ്വയം അങ്ങനെത്തന്നെ കണക്കാക്കണം. വാഗ്ദത്ത മസീഹ് (അ) ആത്മീയ സ്ഥാനങ്ങൾക്ക് ഉടമയാണ് എന്നിട്ടും തന്നെക്കുറിച്ച് പറയുന്നു.

നിങ്ങളെനിക്കായി ഇരിപ്പിടം നീക്കിയിടരുത്. കാരണം ഞാൻ സേവനം ചെയ്യാനാണ് നിയോഗിതനായിരിക്കുന്നത്. ഈ ചുരുങ്ങിയ വാക്കുകളിലൂടെ ഭരണാധികാരിയുടെ രണ്ട് മഹാതത്ത്വങ്ങളാണ് അദ്ദേഹം കാട്ടിത്തന്നിരിക്കുന്നത്. സർക്കാർ പൊതുജനത്തിന്റെ സേവകരാണ്. അവർക്ക് വിശ്രമമില്ല. അധികാരം ചുമതലപ്പെട്ടവർ എപ്പോഴും നിർബന്ധമായും ചുമതലകൾക്കായി സ്വന്തം സുഖങ്ങൾ ത്യാഗം ചെയ്യുകയും ജനഹിതത്തിനായി മുഴുവൻ സമയവും ചെലവഴിക്കുകയും ചെയ്യേണ്ടതാണ്. അദ്ദേഹം പലപ്പോഴും ഈ അറബി പഴഞ്ചൊല്ല് ഉരുവിടാറുണ്ടായിരുന്നു.

“ഒരു രാജ്യത്തിന്റെ അധിപൻ അതിന്റെ സേവകനാണ്.” സ്വന്തം സുഖങ്ങൾ ത്യാഗം ചെയ്യലും മറ്റുള്ളവരുടെ സുഖത്തിനായി പ്രവർത്തിക്കലും അദ്ദേഹത്തിന്റെ കടമയാണ്. ഒരവസരത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ കാണാനായി ചിലയാളുകൾ വന്നു. എന്നിട്ട് ആചാരപ്രകാരം വിനയത്തോടെ അദ്ദേഹം ഇരുന്ന പായയിൽ നിന്ന് അല്പം ദൂരത്തിരുന്നു. ഇതിൽ അതൃപ്തി പ്രകടിപ്പിച്ച് അദ്ദേ

ഹം അരുളി "ഈ ആളുകളെ കുറിച്ച് അദ്ഭുതം തോന്നുന്നു; മസീഹ് അവതീർണനായി എന്നിട്ടും അവർ പഴയ സമ്പ്രദായങ്ങൾ കൈവിടുന്നില്ല. വന്ന് എന്റെ അരികിലിരിക്കുക."

രണ്ടാമതായി, ഇസ്‌ലാമിക രീതിയനുസരിച്ച് ഒരു രാജ്യത്തിന്റെ ഭരണം ജനങ്ങളുടെ നിർദേശങ്ങൾക്കനുസരിച്ചാണ് നടത്തേണ്ടത്. ഹദ്റത്ത് അഹ്മദ്(അ) എല്ലാ കാര്യത്തിലും സഹാബാക്കളോട് നിർദേശം ആരായുകയും ഏതൊരാൾക്കും അഭിപ്രായം പറയാൻ അവസരം നല്കുകയും കൂടിയാലോചനയുടെ പ്രാധാന്യം വ്യക്തമാക്കാനായി ചിലപ്പോഴൊക്കെ വ്യത്യസ്തമായ അഭിപ്രായമുണ്ടായിരുന്നാലും സഹാബാക്കളുടെ നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു. അങ്ങനെ ലോകത്ത് ഇസ്‌ലാം ആദ്യമായി നിലവിൽ കൊണ്ട് വന്ന യഥാർഥ ജനാധിപത്യ ആത്മാവിനെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു.

മൂന്നാമതായി, കലഹങ്ങളിലേക്ക് നയിക്കാനും പൊതുസമാധാനം നശിപ്പിക്കാനും സാധ്യതയുള്ള സാമുദായിക കലഹങ്ങൾ പരിഹരിക്കലും സർക്കാറിന്റെ  ഉത്തരവാദിത്വമാണെന്ന് പറഞ്ഞുവെച്ചു. സാമുദായിക കലഹങ്ങളിലേക്ക് അദ്ദേഹം പലപ്പോഴും സർക്കാറിന്റെ ശ്രദ്ധ ക്ഷണിക്കുകയും മധ്യസ്ഥം വഹിച്ച് കുഴപ്പങ്ങളിൽ പരിഹാരം നടത്തി സമൂഹത്തിൽ ശാന്തിയും സമാധാനവും നിലവിൽ വരുത്തണമെന്ന നിർദേശം വെക്കുകയും ചെയ്തു. എന്നാൽ അഭിപ്രായ സ്വാതന്ത്ര്യത്തിലോ വ്യക്തികളുടെ അവകാശത്തിലോ കൈകടത്തുന്നതിനെ അദ്ദേഹം ഒരിക്കലും അംഗീകരിച്ചില്ല. തീർച്ചയായും ഇസ്‌ലാം വ്യക്തികളുടെ അവകാശ സംരക്ഷണം പഠിപ്പിക്കുന്നു. എത്രത്തോളമെന്നാൽ, ഓരോ തൊഴിലാളിക്കും അവന്റെ അധ്വാനത്തിന്റെ മുഴുവൻ മൂല്യവും ഉറപ്പു വരുത്തേണ്ടത് സർക്കാറിന്റെ ചുമതലയായാണ് ഇസ്‌ലാം കാണുന്നത്. ഓരോ ഭരണകൂടവും മുഴു സമൂഹത്തെയും ബാധിക്കാനിടയുള്ള എല്ലാ പ്രശ്നത്തിലും ശ്രദ്ധിക്കാൻ നിർബന്ധിതമാണ്. എന്നാൽ ആദ്യകാല ഇസ്‌ലാമിക ചരിത്രം പരിശോധിക്കുകയാണെങ്കിൽ ചിലപ്പോൾ തൊഴിലാളികൾ ഒറ്റക്ക് അവർക്ക് മുഴുവൻ വേതനവും ലഭിക്കുന്നില്ലെന്ന പരാതിയുമായി സർക്കാറിനെ സമീപിച്ചതായും സർക്കാർ എപ്പോഴും അവരുടെ പ്രശ്നങ്ങളിൽ ശ്രദ്ധിച്ചിരുന്നതായും കാണാം.

ഒരു വശത്ത് ഹദ്റത്ത്(അ) പാവപ്പെട്ടവരുടെ അവകാശങ്ങൾക്ക് പ്രത്യേക ഊന്നൽ നല്കുമ്പോൾ മറുവശത്ത് ഒരു മനുഷ്യൻ സ്വന്തം

കഴിവുകളാൽ ആർജിച്ചത് അവനിൽ നിന്ന് തട്ടിമാറ്ററുതെന്നും പഠിപ്പിച്ചു. ലോകത്തിന്റെ പുരോഗതിക്ക് കഴിവുകളും നൈപുണ്യവും ഉപയോഗപ്പെടുത്തിയുള്ള മത്സരം ആവശ്യമാണെന്ന് അദ്ദേഹം കരുതുന്നു. എന്നാൽ രാജ്യത്തിന്റെ സമ്പത്ത് കയ്യിലുള്ളവർ ഇസ്‌ലാം തിട്ടപ്പെടുത്തിയ നിശ്ചിത വിഹിതം പാവപ്പെട്ടവരുടെ നന്മക്കായി ചിലവഴിക്കുകയും വ്യക്തിപരമായ ആഗ്രഹങ്ങൾക്കല്ലാതെ പൊതുനന്മക്കായി ഉപയോഗിക്കുകയും ചെയ്യണം. അതായത്, സ്വത്ത് സമ്പാദിച്ച് കൂട്ടി വെക്കുന്നതിലല്ല, വിതരണം ചെയ്യുന്നതിലാണ് ആനന്ദം കണ്ടെത്തേണ്ടത്. ഈ കാര്യത്തിൽ ഇസ്‌ലാമിക പാഠങ്ങൾ അനുപമമായി നിലകൊള്ളുന്നു. സ്വകാര്യസ്വത്തുക്കളെക്കുറിച്ചുള്ള തത്ത്വങ്ങൾ ഇസ്‌ലാം അംഗീകരിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. അതേ സമയം മറ്റുള്ളവരുടെ അധ്വാനത്തിന്റെ സംഭാവനകളില്ലാതെ ഒരാൾക്ക് സമ്പന്നനാവാൻ കഴിയില്ലെന്നും അത് തിരിച്ചറിയുന്നുണ്ട്. നിശ്ചയമായും സ്വത്തിന്റെ ഒരു ഭാഗം നീക്കി വെച്ച് സർക്കാരിലൂടെ അത് സ്വത്ത് സമ്പാദനത്തിലുള്ള പാവപ്പെട്ടവരുടെ സംഭാവനകൾക്ക് പകരമായി കൊടുക്കുകയും വേണം. എല്ലാ ജനങ്ങൾക്കും ജീവിതവിഭവങ്ങൾ ഉറപ്പു വരുത്തൽ ഒരു ഭരണകൂടത്തിന്റെ ചുമതലയാണെന്നുള്ള നിർദേശവും അതു മുന്നോട്ട് വെയ്ക്കുന്നു.

അന്തർദേശീയ ബന്ധങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തികൾ ധാർമികതയുടെ ആധിപത്യത്തിൽ ബന്ധിതരായതുപോലെത്തന്നെ ദേശങ്ങളും ഭരണകൂടങ്ങളും ധാർമിക കല്പനകൾക്ക് വിധേയരാണെന്ന് മനസ്സിലാക്കുന്നത് വരെ ഈ ബന്ധങ്ങൾ തൃപ്തികരമായി മാറുകയില്ല എന്നദ്ദേഹം വ്യക്തമാക്കി. മിക്കവാറും എല്ലാ അന്താരാഷ്ട്ര കലഹങ്ങളും വ്യക്തികൾ പാലിക്കേണ്ടുന്ന ധാർമിക നിലവാരം ഭരണകൂടങ്ങൾക്ക് ബാധകമല്ലെന്ന തെറ്റായ സിദ്ധാന്തത്തിന്റെ ഫലങ്ങളാണ്.

ലോകസമാധാനത്തിനായി ഓരോ രാജ്യത്തെ പ്രജയും താന്താങ്ങളുടെ സർക്കാരുമായി സഹകരിക്കലും പ്രധാനമാണെന്നദ്ദേഹം അരുളി. അവരുടെ അവകാശങ്ങൾ നേടാനും സംരക്ഷിക്കാനുമുള്ള നടപടികൾ കൈകൊള്ളുന്നതിന് ഒരു തടസ്സവുമില്ല. എന്നാൽ അതിനായി പൊതു സമാധാനമോ സർക്കാറിന്റെ അധികാരം വിഘ്നപ്പെടുത്തുന്നതോ ധാർമികമായി മോശപ്പെട്ടതോ ആയ രീതികൾ അവലംബിക്കാൻ പാടില്ല. അതുപോലെത്തന്നെ ആത് മാർത്ഥമായി

ഏതെങ്കിലും മതങ്ങളിൽ വിശ്വസിക്കുന്ന ജനങ്ങളുള്ളിടത്തോളം -ആചാരവേളകളിൽ മതത്തിന്റെ മേലങ്കി അണിയുന്നവരാൽ മാത്ര മല്ലല്ലോ ഈ ലോകം നിർമിക്കപ്പെട്ടിരിക്കുന്നത്- മതപരമായ വ്യത്യാസങ്ങൾ ഉടലെടുത്തു കൊണ്ടേയിരിക്കുമെന്നും യഥാർഥ ഐക്യം ലോകത്തിലെ മിക്കവാറും ജനങ്ങൾ ഒരൊറ്റ വിശ്വാസ ത്തിൽ ബന്ധിപ്പിക്കപ്പെടുമ്പോൾ മാത്രമേ നിലവിൽ വരൂ എന്നും അദ്ദേഹം വിശ്വസിച്ചു. ആയതിനാൽ പ്രപഞ്ചത്തിൽ സമാധാനം സ്ഥാപിക്കാനായി ദൈവം തന്നെ അയച്ചുവെന്നും തന്നിലൂടെ ഒരു വിശ്വാസത്തിലേക്ക് മനുഷ്യർ സംഘടിതരാകുമെന്നും അങ്ങനെ ആന്തരികവും ബാഹ്യവുമായ ശാന്തി നിലവിൽ വരുമെന്നും അവ കാശപ്പെടുന്നു.

ഇന്നത്തെ അവസ്ഥയിൽ നിന്ന് പുരോഗമനമുണ്ടാക്കാനായി താഴെപ്പറയുന്ന നിർദേശങ്ങൾ മുന്നോട്ട് വച്ചു.

1. അനുയായികളുടെ ഹൃദയം വ്രണപ്പെടുന്ന രീതിയിൽ മത സ്ഥാപകരെയും മതനേതാക്കളെയും പരാമർശിക്കരുത്.

2. മതപ്രചാരണത്തിൽ മിഷണറിമാർ തങ്ങളുടെ മതത്തിന്റെ സൗന്ദര്യം വിശദീകരിക്കുന്നതിൽ പരിമിതപ്പെടുകയും മറ്റു മത ങ്ങളെ ആക്രമിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. മറ്റു മതത്തിന്റെ പാളിച്ചകൾ കണ്ടു പിടിക്കുന്നത് ഒരു വിധത്തിലും സ്വന്തം മതത്തി ന്റെ സത്യത വെളിപ്പെടുത്തില്ല. അവരവരുടെ പാഠങ്ങളുടെ ഔന്നി ത്യം കാണിക്കുന്നതിലൂടെ മാത്രമേ മതത്തിന്റെ സത്യം സ്ഥാപിക്കാ ൻ കഴിയൂ; അല്ലാതെ മറ്റു മതങ്ങളുടെ കുറവുകൾ പരാമർശിച്ചല്ല.

3. തങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങളിൽ നിന്ന് നേരിട്ടുദ്ധരിക്കാൻ കഴിയാത്ത ഒരു സിദ്ധാന്തവും ഒരു മതാനുയായികളും തങ്ങളുടെ തത്ത്വസംഹിതയായി മുന്നോട്ട് വെക്കരുത്. തത്ത്വവും അതിന്റെ തെളിവും വെളിപാടു ഗ്രന്ഥത്തിൽ നിന്ന് തന്നെ എടുത്തുകാട്ടണം. ഈ ഒരു സിദ്ധാന്തം പൂർണമായി പാലിക്കാത്തിടത്തോളം മത ത്തിന്റെ സത്യത്തിൽ തീരുമാനമെടുക്കാൻ കഴിയില്ല. എന്തെന്നാൽ അത്തരം നിബന്ധനയുടെ അഭാവത്തിൽ ഒരു പ്രത്യേക മതത്തി ന്റേതെന്ന് അവകാശപ്പെടുന്ന അധ്യാപനങ്ങൾ ആ മതത്തിന്റെ ഗ്രന്ഥത്തിലുള്ളത് തന്നെയോ അതോ ഇതര മതപഠനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നതോ അതോ കാലത്തിന്റെ ചിന്താധാരയിൽ നിന്ന് ഉയർന്നതോ എന്ന് മനസ്സിലാക്കാൻ കഴിയില്ല. ഒരോ മതത്തി ന്റെ വക്താവും അവരുടെ വെളിപാടു ഗ്രന്ഥങ്ങളിൽ നിന്ന് മാത്രം

അധ്യാപനങ്ങളും വാദങ്ങളും എടുത്തു കാണിക്കുന്നതായാൽ പൊതുജനത്തിന് തീരുമാനമെടുക്കാൻ എളുപ്പമാവുകയും സത്യം എളുപ്പത്തിൽ പ്രകടമാവുകയും ചെയ്യും. ദൈവം നമ്മുടെ മാർഗ നിർദേശത്തിനായി ഇറക്കിയ മതത്തിൽ തന്നെ ആവശ്യമായ എല്ലാ പാഠങ്ങളും ഉണ്ടാവണമെന്നതും നിർബന്ധമാണ്. അല്ലാത്ത പക്ഷം ആ മതം നമ്മെ സഹായിക്കുന്നതിന് പകരം അതിന്റെ സത്യം വെളിപ്പെടുത്താനായി നമ്മുടെ സഹായം ആവശ്യമായി വരുമെന്നതിൽ ഒരു സംശയവുമില്ല.

4. വിവിധ മതങ്ങളെ കുറിച്ച് വാദിക്കുന്നവർ അവരവരുടെ മത പാഠങ്ങളെക്കുറിച്ച് വെറുതെ വിശദീകരിക്കുന്നതിന് പകരം ആ പാഠങ്ങൾ പ്രവൃത്തിയിൽ കൊണ്ടു വരുന്നതിന്റെ ഫലങ്ങൾ കാണിച്ചു കൊടുക്കുക വഴി ജനങ്ങൾക്ക് ഈ പാഠങ്ങൾക്കൊണ്ട് എന്തെങ്കിലും ഫലമുണ്ടോയെന്ന് തീരുമാനിക്കാൻ കഴിയും. ഒരു മരുന്നിന്റെ ഫലം അത് ഒരു രോഗം ചികിത്സിക്കുന്നതിലൂടെ വ്യക്തമാക്കാമെങ്കിൽ എന്തുകൊണ്ട് മതാധ്യാപനങ്ങൾ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിൽ വിജയിക്കുന്നതിലൂടെ തെളിയിച്ചുകൂടാ?

ശാന്തിയും സൗഹാർദവും വർദ്ധിപ്പിക്കാനുള്ള ഇസ്ലാമികപാഠങ്ങളുടെ ചില ഉദാഹരണങ്ങൾ മാത്രമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ ഞാൻ മുമ്പേ സൂചിപ്പിച്ചത് പോലെ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാം എന്ന എന്റെ ഗ്രന്ഥത്തിൽ മനുഷ്യ ജീവിതത്തിന്റെ ഈ ഒരു വശവുമായി ബന്ധപ്പെട്ടുകൊണ്ട് ഇസ്ലാം വിശദമായ അധ്യാപനങ്ങൾ നല്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. അത് ഒരു അന്തർദേശീയ കൗൺസിൽ പോലും വരച്ചു കാട്ടുകയും അത് ഏത് തത്ത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് പറഞ്ഞു വെക്കുകയും ചെയ്യുന്നു. ഈ തത്ത്വങ്ങൾ ഇന്നത്തെ ലീഗ് ഓഫ് നേഷൻസ് നിലകൊള്ളുന്നവയിൽ നിന്നും വ്യത്യസ്തമാണെങ്കിലും ഈ തത്വങ്ങൾ പരിശോധിച്ചാൽ അവ കൂടാതെ ഒരു അന്തർദേശീയ കൗൺസിലിനും നില നില്ക്കാൻ കഴിയില്ലെന്ന നിഗമനത്തിലായിരിക്കും എല്ലാവരും എത്തിച്ചേരുക.

## മരണാനന്തര ജീവിതം

മരണത്തിനു ശേഷം ഒരു ജീവിതം ഉണ്ടെന്നുള്ളത് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുമുതൽ വിശ്വസിച്ചു വരുന്ന ഒന്നാണ്. എല്ലാ മതങ്ങളും മനുഷ്യന് അത്തരമൊരു ജീവിതത്തിന്റെ പ്രതീക്ഷ നല്കു

ന്നുമുണ്ട്. മരണാനന്തര ജീവിതത്തെക്കുറിച്ച് പൊതുവെ സമൂഹത്തിൽ പ്രചരിച്ച വിശ്വാസങ്ങളിൽ ഹദ്റത്ത് അഹമദ്(അ) ഉളവാക്കിയ സ്വാധീനം പരാമർശിക്കാതിരുന്നാൽ എന്റെ വിഷയും അപൂർണമായിത്തീരുന്നതാണ്. എന്നാൽ ഇതൊരു ഗഹനമായ വിഷയമായതു കൊണ്ട് ഒരു നീണ്ട വിശദീകരണം ആവശ്യപ്പെടുന്നുണ്ട്. എങ്കിലും വിശദാംശങ്ങളിലേക്ക് കടക്കാതെ മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ട ചില വിഷയങ്ങളെ ചുരുങ്ങിയ നിലയിൽ ഞാൻ പ്രതിപാദിച്ചു കൊള്ളാം. കൂട്ടത്തിൽ ഈ വിഷയത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ കാഴ്ചപ്പാടും അദ്ദേഹം നിർദേശിച്ച പരിഹാര മാർഗവും പ്രതിപാദിക്കുന്നതാണ്.

ഇതുസംബന്ധമായി ഉയർന്നു വരുന്ന ആദ്യത്തെ ചോദ്യം മരണാനന്തര ജീവിതം സംഭവിക്കുന്നതെങ്ങനെ എന്നുള്ളതാണ്. മരണാനന്തര ജീവിതം എന്നത് ഇഹലോകത്ത് ജീവിക്കുന്ന ഭൗതിക ശരീരത്തിന്റെ ജീവിതമല്ല. അത് ശരീരത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് ആയിരിക്കുകയില്ല; അത്മാവിന്റെ ഉയിർത്തെഴുന്നേല്പ് ആയിരിക്കും. ഭൗതിക ശരീരം ഇഹലോകത്തേക്ക് വേണ്ടിയുള്ളതും ഇവിടെത്തന്നെ അവസാനിക്കുന്നതുമാണ്. പരലോകത്ത് ആത്മാവിന് ആത്മീയ സുഖദു:ഖങ്ങൾ അനുഭവവേദ്യമാകുന്നതിന് ആത്മീയ ശരീരം നല്കപ്പെടുന്നതായിരിക്കും.

മരണാനന്തര ജീവിതം ആരംഭിക്കുന്നതെപ്പോൾ എന്നതാണ് രണ്ടാമത്തെ ചോദ്യം. മരണത്തിനു ശേഷം ഉടനെത്തന്നെ മരണാനന്തര ജീവിതം ആരംഭിക്കുന്നുവെന്നാണ് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞിട്ടുള്ളത്. ആയിരക്കണക്കിനു വർഷങ്ങൾക്കു ശേഷമുള്ള ഇടവേളയിലെ സവിശേഷ സമയത്ത് നടക്കുന്നതല്ല ഇത്. ഈ ജീവിതത്തെ മൂന്നു ഘട്ടങ്ങളിലായി തരംതിരിക്കാം. ഖബറിലെ ജീവിതമാണ് ഒന്നാമത്തെ ഘട്ടം. അതിനെ മനുഷ്യന്റെ ഭ്രൂണാവസ്ഥയുമായി സാദൃശ്യപ്പെടുത്താവുന്നതാണ്. ആ ഘട്ടത്തിൽ മനുഷ്യാത്മാവ് പലവിധത്തിലുള്ള പരിവർത്തനങ്ങൾക്ക് വിധേയമാവുകയും പുതിയ ശക്തികളും കഴിവുകളും വികസിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഭ്രൂണാവസ്ഥകളിലെ ഒരു ഘട്ടത്തിൽ ആത്മാവ് അതിൽ ഉദ്ഭൂതമാകുന്നതു പോലെ മനുഷ്യാത്മാവ് മറ്റൊരാത്മാവിനെ ഉത്ഭൂതമാക്കുകയും മനുഷ്യാത്മാവ് ശരീരമായി വർത്തിക്കുകയും ചെയ്യുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ആത്മാവ് ഒരു പുതുജന്മം അനുഭവിക്കുമാറാകുന്നു. അനന്തരം രണ്ടാം ഘട്ടം

ആരംഭിക്കുന്നു. അതിനെ ഉയിർത്തെഴുന്നേൽപ്പ് എന്ന് വിളിക്കാം. ഇതിനെ ശിശുവിന്റെ ജനനത്തോട് സാദൃശ്യപ്പെടുത്താവുന്നതാണ്. ഈ ഘട്ടത്തിൽ മനുഷ്യാത്മാവ് രണ്ടാം ജീവിതത്തിലെ അവസ്ഥകൾ അനുഭവിക്കുമെങ്കിലും ഒരു ശിശുവിനെപ്പോലെ അപൂർണമായിട്ടായിരിക്കും ആ അവസ്ഥകളെ അതു തിരിച്ചറിയുന്നത്. ഈ ഘട്ടത്തിനു ശേഷമാണ് മൂന്നാം ഘട്ടം ആരംഭിക്കുന്നത്. അതിനെ പക്വതയാർന്ന യുവാവിനോട് സാദൃശ്യപ്പെടുത്താവുന്നതാണ്. ഈ ഘട്ടത്തിൽ ആത്മാവ് മരണാനന്തര അവസ്ഥകളെ പൂർണമായി തിരിച്ചറിയുകയും സ്വർഗവാസിയോ നരകവാസിയോ ആയിത്തീരുകയും ചെയ്യുന്നു.

## സ്വർഗനരകങ്ങൾ

സ്വർഗനരകങ്ങളുടെ സ്വഭാവം എന്താണെന്നതാണ് മൂന്നാമത്തെ ചോദ്യം. മരണത്തിനു മുൻപ് ഒരാൾ നയിച്ച ജീവിതത്തിന്റെ സ്വഭാവമാനുസരിച്ച് സുഖമോ ദു:ഖമോ അനുഭവിക്കുന്ന സമാന ശ്രേണികളാണ് സ്വർഗനരകങ്ങൾ എന്നാണ് ഹദ്റത്ത് അഹ്മദ്(അ) ഇതിനു നല്കിയിരിക്കുന്ന ഉത്തരം. ഇവ ഭൗതികമായ സംഗതികളല്ല. കാരണം നമ്മുടെ ഭൗതിക ശരീരത്തിന് അവ അനുഭവവേദ്യമാവുകയില്ല. അവ പൂർണമായും ആത്മീയമെന്ന് പറയാവതുമല്ല. കാരണം, ആ ജീവിതത്തിലും മനുഷ്യന് ഒരു ആത്മീയ ശരീരം ലഭിക്കുന്നുണ്ട്. ഇഹലോകത്ത് മനുഷ്യന് സ്വായത്തമായിരുന്ന ആത്മാവിന് ഒരു കവചമായിട്ടാണ് അതു വർത്തിക്കുന്നത്. തുടർന്ന് അത് മുൻപത്തെക്കാൾ സുന്ദരവും മൃദുലവുമായിത്തീരുന്നതാണ്. ആ ജീവിതത്തിൽ ആത്മീയ ശരീരത്തിന് സ്വായത്തമായിട്ടുള്ള കഴിവിനനുസരിച്ചായിരിക്കും മരണാനന്തരമുള്ള സുഖ ദു:ഖങ്ങൾ.

സ്വർഗനരകങ്ങൾ ശാശ്വതമാണോ, അതല്ല പരിമിത കാലത്തേക്ക് മാത്രമുള്ളതാണോ എന്നതാണ് നാലാമത്തെ ചോദ്യം. ഇതിന് ഹദ്റത്ത് അഹ്മദ്(അ) നല്കിയ മറുപടി ഇപ്രകാരമാണ്: മനുഷ്യാത്മാവിന് ശാശ്വതമായ ജീവിതമായിരിക്കും ലഭിക്കുക. സ്വർഗം മനുഷ്യന് അഭിവൃദ്ധിയുടെ അനന്തമായ വാതായനങ്ങൾ തുറന്നു കൊടുക്കുന്നതാണ്. അതേസമയം, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് പൂർണത പ്രാപിക്കുക എന്ന ലക്ഷ്യത്തിനായതിനാൽ നരക ശിക്ഷ ശാശ്വതമായിരിക്കുകയില്ല. എന്തെന്നാൽ, നരകം ശാശ്വതമായാൽ മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം പരാജയമായി ഭവിക്കുന്നതാണ്. ചിലർ ശാശ്വതമായ നിലയിൽ അപൂർണാവസ്ഥയിൽ

ആയിരിക്കും. നരകം എന്നത് ഒരു ഹോസ്പിറ്റൽ പോലെയാണ്. ഈ ലോകത്ത് മനുഷ്യൻ ചെയ്ത കർമത്തിന്റെ ഫലമെന്നോണം അവനെ ബാധിക്കുന്ന ആത്മീയ രോഗങ്ങൾ കാരണം സ്വർഗീയ സുഖം അനുഭവിക്കാൻ കഴിയാതെ വരുമ്പോൾ അവ ചികിത്സിച്ചു ഭേദമാക്കുന്ന സ്ഥലം. ഉദാഹരണമായി കണ്ണിനു സുഖമില്ലാത്ത ഒരാൾക്ക് സൂര്യപ്രകാശം ഏൽക്കുമ്പോൾ അസ്വസ്ഥതയുണ്ടാകുമല്ലോ. അയാൾ സുഖം പ്രാപിക്കുന്നതു വരെ അയാളെ ഇരുട്ടുമുറിയിൽ പാർപ്പിക്കുകയായിരിക്കും ചെയ്യുക. നരകത്തിൽ വെച്ച് ആത്മീയ രോഗങ്ങൾ സുഖപ്പെട്ടു കഴിഞ്ഞാൽ ദൈവകാരുണ്യം അയാളെ സ്വർഗത്തിലേക്ക് നയിക്കുന്നു. അങ്ങനെ പുതിയ ജീവിതത്തിൽ പുരോഗതിയുടെ മാർഗത്തിലേക്ക് പുതുതായി അയാൾ പുനരാനയിക്കപ്പെടുന്നു. ഒരാൾ വിശ്വാസിയോ അവിശ്വാസിയോ ആയിക്കോട്ടെ, അയാളുടെ ആത്മീയവസ്ഥ എന്തുമായിക്കൊള്ളട്ടെ അവസാനം ദൈവത്തിന്റെ കാരുണ്യത്തിനു കീഴിൽ വരാത്ത, മനുഷ്യാസ്തിത്വത്തിന്റെ പരമ ലക്ഷ്യമായ ആ ശാശ്വതഗേഹത്തിൽ പ്രവേശിക്കാത്ത ഒരാളും അവശേഷിക്കുകയില്ല. ചുരുക്കത്തിൽ, ഹദ്റത്ത് അഹ്മദ്(അ) ഇസ്‌ലാമികധ്യാപനങ്ങളിൽ കടന്നു കൂടിയിട്ടുള്ള എല്ലാ അബദ്ധ വിശ്വാസങ്ങളെയും നീക്കിക്കൊണ്ട് വിശുദ്ധ ഖുർആന്റെ തനതായ അധ്യാപനങ്ങൾ ലോകത്തിനു മുൻപാകെ സമർപ്പിക്കുകയാണ് ചെയ്തത്. അതിനെ എതിർക്കാൻ ആരാലും സാധ്യമായിരുന്നില്ല.

## സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ

ഇവിടെ ന്യായമായും ഒരു ചോദ്യം ഉന്നയിക്കപ്പെടാം. ഹദ്റത്ത് അഹ്മദി(അ)ന്റെ സത്യത്തിനുള്ള വ്യക്തിപരമായ തെളിവുകളെന്തൊക്കെയാണ്? സമ്പൂർണമായ അധ്യാപങ്ങൾ ഒരു പ്രവാചകന്റെ സത്യത്തിനുള്ള തെളിവാണ് എന്നത് ശരിതന്നെ. പക്ഷേ, എല്ലാ മനുഷ്യരും അധ്യാപനങ്ങളുടെ സമ്പൂർണതയെ ഉൾക്കൊള്ളാൻ ആവശ്യമായ യുക്തി ബോധം ഉള്ളവരല്ല. അതുകൊണ്ടു തന്നെ തെളിവുകളെല്ലാം തന്നെ ഒരു ശരാശരി യുക്തിബോധമുള്ളവന് സത്യം തീരുമാനിച്ചുറപ്പിക്കാൻ തക്ക വിധത്തിലുള്ളതായിരിക്കേണ്ടതാണ്. ഇതിനുത്തരമായി പറയട്ടെ, ഏതെല്ലാം തെളിവുകൾ മുഖേന മുൻകാലപ്രവാചകന്മാരുടെ സത്യം സ്ഥാപിതമാകുന്നുവോ അവയെല്ലാം ഹദ്റത്ത് അഹ്മദി(അ)ന് സിദ്ധിച്ചിട്ടുണ്ട്. മുൻകാല പ്രവാചകന്മാർ ചെയ്ത എല്ലാ ദൃഷ്ടാന്തങ്ങളും അവിടുന്ന് കാണി

ച്ചിട്ടുണ്ട്. ഒരു പ്രവാചകന്റെ സത്യത്തിനുള്ള ഏറ്റവും വലിയ തെളിവ് ആ പ്രവാചകന്റെ സ്വന്തം ജീവിതവിശുദ്ധിയാണ്. നിരീക്ഷിക്കാൻ അവസരം ലഭിച്ചവർക്കെല്ലാം സത്യം ബോധ്യപ്പെടുമാറ് ഏകമാനമായ പരിശുദ്ധിയും ദൈവഭക്തിയുമാണ് ഒരു പ്രവാചകന്റെ ജീവിതത്തിൽ നിന്ന് പ്രകടമാകുന്നത്.

ജനങ്ങൾക്ക് അവരുടെ കുറ്റങ്ങളെക്കുറിച്ച് കേവലം അറിവില്ല എന്നല്ല ഞാൻ ഉദ്ദേശിച്ചത്. തെറ്റുകുറ്റങ്ങളൊന്നും ചെയ്തതായി തെളിയിക്കപ്പെടാത്ത ലക്ഷക്കണക്കിന് ആളുകൾ ലോകത്തുണ്ടല്ലോ. ഞാനുദ്ദേശിച്ചത് ജനങ്ങൾ പരീക്ഷിച്ചറിഞ്ഞ സത്യത്തിന്റെ അടിസ്ഥാനത്തിൽ ആ വ്യകതി ഒരു തിന്മയും ചെയ്തിട്ടില്ലെന്നും ഒരു ദുഷ്പ്രവൃത്തിയും അദ്ദേഹത്തിൽ നിന്ന് പ്രതീക്ഷിക്കാവതല്ലെന്നും ആത്മവിശ്വാസത്തോടെ പറയാം എന്നാണ്. ഇതിനു തെളിവായിക്കൊണ്ട് യേശു പറയുന്നതിങ്ങനെ: "എന്നിൽ പാപം ആരോപിക്കാൻ നിങ്ങളിൽ ആർക്കു കഴിയും? ഞാൻ സത്യം പറയുന്നെങ്കിൽ എന്തുകൊണ്ട് നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ല." (യോഹന്നാൻ 8:46) ഒരു അസത്യവും അദ്ദേഹത്തിനെതിരിൽ തെളിയിക്കപ്പെടുകയില്ല എന്നല്ല അദ്ദേഹം ഇതുകൊണ്ടുദ്ദേശിച്ചത്. മറിച്ച്, ഒരു വ്യാജം പോലും പറയാത്ത പാവനമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത് എന്ന ബോധ്യം ജനങ്ങൾക്കുണ്ടായിരുന്നു എന്നാണ്. ആ ഒരറിവ് അവർക്കുണ്ടായിരിക്കെ ദൈവത്തെപ്പറ്റി അദ്ദേഹം പറഞ്ഞത് എന്തുകൊണ്ട് അവർ സ്വീകരിച്ചില്ല എന്നാണ് അദ്ദേഹം ചോദിക്കുന്നത്. മനുഷ്യനെസ്സംബന്ധിച്ച് വ്യാജം പറയാത്തവൻ ദൈവത്തെസ്സംബന്ധിച്ച് വ്യാജം പറയാൻ ധൈര്യപ്പെടുകയില്ല. നബി (സ)തിരുമേനിയുടെ വാദവും ഇതുതന്നെയായിരുന്നു.

فَقَدْ لَبِثْتُ فِيكُمْ عُمُرًا مِّنْ قَبْلِهِ ۚ أَفَلَا تَعْقِلُونَ (യൂനുസ്10:17)

ഇതിനു മുൻപ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ. എന്നിട്ടും നിങ്ങൾ എന്തുകൊണ്ട് എന്നെ വ്യാജവാദിയെന്ന് പറയുന്നതിൽ നിന്ന് വിട്ടു നില്ക്കുന്നില്ല? അതായത്, എന്റെ ഓരോ പ്രവൃത്തിയും എന്റെ ജീവിതത്തിലെ ഓരോ നിമിഷവും നിങ്ങളുടെ കൺമുൻപാകെയുണ്ട്. സത്യം മാത്രമേ ഞാൻ മുറുകെപ്പിടിച്ചിട്ടുള്ളുവെന്നും കളവു പറയുക എന്നത് എന്നാൽ അസാധ്യമാണെന്ന കാര്യവും നിങ്ങൾക്ക് അറിയാം. പിന്നെ നിങ്ങ ൾക്കെങ്ങനെ എന്നെ വ്യാജവാദിയെന്ന് മുദ്രകുത്താൻ കഴിയും? യേശുവി

നേക്കാൾ വ്യക്തവും പ്രൗഢവുമായ വാദമാണിത്. ഹദ്റത്ത് അഹ്മദ്(അ) ഇതേ വാക്കുകളിൽ തന്നെയാണ് തന്റെ ശത്രുക്കളെ വെല്ലുവിളിച്ചത്. തന്റെ മുഴുവൻ ജീവിതവും അവരുടെ കൺമുൻപാകെയാണ് അദ്ദേഹം ചെലവഴിച്ചത്. എന്നിട്ടും അദ്ദേഹം കറ്റുകെട്ടുകാരനെന്ന് പറയുന്നതിൽ നിന്ന് അവരെന്തു കൊണ്ട് വിട്ടു നില്ക്കുന്നില്ല എന്ന് ചോദിക്കാൻ ദൈവം അദ്ദേഹത്തോട് ആജ്ഞാപിച്ചു. ഒരുപദേശമെന്നോണം ദൈവം പറയുന്നു: അവർ നിന്നെ കാണുന്നുവെങ്കിലും കാണാനുള്ള കണ്ണില്ലാതായിപ്പോയതെങ്ങനെ? അതായത് വിസ്മയാവഹമായ നിന്റെ ജീവിതപരിശുദ്ധി കണ്ടിട്ടും അവർക്കെങ്ങനെയാണ് നിന്നെ സംശയിക്കാനാവുക?

ഈ വെളിപാടനുസരിച്ച് ഹദ്റത്ത് അഹമദ്(അ) തന്റെ ശത്രുക്കളുടെ മുൻപാകെ ഒരു ചാലഞ്ച് വെച്ചുവെങ്കിലും ആരും തന്നെ വെല്ലുവിളി സ്വീകരിച്ച് മുന്നോട്ടു വന്നില്ല. അദ്ദേഹത്തിന്റെ ജീവിതം പരിശുദ്ധിയുടെയും പരമഭക്തിയുടെയും സാക്ഷ്യമാണെന്ന് ബദ്ധവൈരികൾ പോലും സമ്മതിക്കുന്നു. ഹിന്ദുക്കളും സിക്കുകാരുമായി ഒരുപാട് സുഹൃത്തുക്കൾ അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ, മതത്തിന്റെ കാര്യത്തിൽ കഠിന വിരോധികളായിരുന്നു അവർ. എന്നാൽ, നിഷ്കളങ്കവും നിരുപമവുമായ സ്വഭാവത്തിനുടമയായിരുന്നു അദ്ദേഹമെന്ന വസ്തുത ഇവരെല്ലാവരും ഐകകണ്ഠമായി സാക്ഷ്യപ്പെടുത്തുന്നു. വയോധികനായ ഒരു സിക്കുകാരൻ അദ്ദേഹത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അയാളുടെ കണ്ണു നിറയുമായിരുന്നു. അദ്ദേഹം പരിശുദ്ധ പ്രകൃതമുള്ള പുണ്യവാളനാണ് എന്നാണ് അയാൾ വിശേഷിപ്പിക്കുന്നത്. ഇന്ത്യ മുഴുവൻ സഞ്ചരിച്ച് അദ്ദേഹത്തിനെതിരിൽ ഉലമാക്കളെ കൊണ്ട് കുഫ്റ് ഫത്‌വ തയ്യാറാക്കുകയും സർക്കാരിനെയും ജനങ്ങളെയും അദ്ദേഹത്തിനെതിരെ തിരിക്കാൻ വേണ്ടി ധാർമികതയുടെ എല്ലാ നിയമങ്ങളെയും അതിർലംഘിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ ബദ്ധവൈരിയായ മുഹമ്മദ് ഹുസൈൻ ബട്ടാലവി ഇശാഅത്തുസ്സുന്ന എന്ന തന്റെ പത്രത്തിൽ ഇപ്രകാരം എഴുതുന്നു:

കുട്ടിക്കാലം മുതൽ എനിക്ക് അദ്ദേഹത്തെ(ഹദ്റത്ത് അഹ്മദിനെ) അറിയാം. തന്റെ സമയം കൊണ്ടും സമ്പത്ത് കൊണ്ടും തൂലിക കൊണ്ടും നാവു കൊണ്ടും നിരന്തരം ഇസ്‌ലാമിനു വേണ്ടി അദ്ദേഹം ചെയ്ത മാതൃകാപരമായ സേവനം ഇസ്‌ലാമിന്റെ കഴിഞ്ഞ പതിമൂന്നു നൂറ്റാണ്ടുകളിൽ കണ്ടെത്താൻ കഴിയില്ല.

സമാനതകളില്ലാത്ത അദ്ദേഹത്തിന്റെ ജീവിത പരിശുദ്ധിയും സ്വഭാവമഹിമയും അദ്ദേഹത്തിന്റെ വാദത്തിനുള്ള ശക്തമായ തെളിവാണ്.

വചന രൂപത്തിലുള്ള വെളിപാടിൽ വിശ്വസിച്ച അദ്ദേഹം ദൈവം തന്നോട് സംസാരിക്കുന്നു എന്ന് വാദിച്ചു. അദ്ദേഹം വാദിച്ചിരുന്നത് വെറും ആത്മപ്രചോദനമായിരുന്നെങ്കിൽ അദ്ദേഹത്തിന് തന്റെ വാദത്തിൽ പിഴവു പറ്റി എന്നു പറയുന്നത് പ്രസക്തമായേനെ. എന്നാൽ തനിക്ക് വചന രൂപത്തിൽ വെളിപാടിറങ്ങുന്നു എന്ന് അദ്ദേഹം വാദിച്ചതിനാൽ അദ്ദേഹം തന്റെ വാദത്തിൽ സത്യവാനല്ലെങ്കിൽ ഒന്നുകിൽ അദ്ദേഹം ഒരു കറ്റുകെട്ടുകാരനോ അല്ലെങ്കിൽ ഭ്രാന്തനോ ആണെന്ന് വിശ്വസിക്കാനെ തരമുള്ളു. എന്നാൽ അദ്ദേഹത്തിന്റെ സമ്പൂർണ ജീവിതം ഈ രണ്ടു നിരീക്ഷണങ്ങളെയും ഖണ്ഡിക്കുന്നതാകയാൽ അദ്ദേഹം തന്റെ വാദത്തിൽ പൂർണമായും സത്യവാനാണെന്ന് പറയേണ്ടിയിരിക്കുന്നു.

അദ്ദേഹത്തിന്റെ സത്യത്തിനുള്ള ശക്തമായ മറ്റൊരു തെളിവ്, ദൈവത്തിൽ കറ്റുകെട്ടിപ്പറയുന്നവൻ ഒരിക്കലും വിജയിക്കുകയില്ലെന്ന ദൈവികഗ്രന്ഥങ്ങളുടെ ഏകാഭിപ്രായമാണ്. ബൈബിൾ പറയുന്നു:

*" എന്നാൽ ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കയോ അന്യദൈവങ്ങളുടെ നാമത്തിൽ പ്രസ്താവിക്കയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കേണം."* (ആവർത്തനം 18:20)

വീണ്ടും പറയുന്നു: *അതു കൊണ്ടു യഹോവ: ഞാൻ അയക്കാതെ എന്റെ നാമത്തിൽ പ്രവചിക്കയും ഈ ദേശത്ത് വാളും ക്ഷാമവും ഉണ്ടാകയില്ലെന്ന് പറകയും ചെയ്യുന്ന പ്രവാചകന്മാരെക്കുറിച്ച് ഇപ്രകാരം അരുളി ചെയ്യുന്നു: വാൾ കൊണ്ടും ക്ഷാമം കൊണ്ടും ആ പ്രവാചകന്മാർ മുടിഞ്ഞു പോകും.*(യിരേമ്യാവു 14:15)

വീണ്ടു എഴുതിയിരിക്കുന്നു: *ആരെങ്കിലും ഇനി പ്രവചിക്കുമ്പോൾ അവനെ ജനിപ്പിച്ച അപ്പനും അമ്മയും അവനോട്: യഹോവയുടെ നാമത്തിൽ ഭോഷ്കു സംസാരിക്കുന്നതു കൊണ്ടു നീ ജീവനോടിരിക്കയില്ല എന്നു പറകയും അവനെ ജനിപ്പിച്ച അപ്പനും അമ്മയും അവൻ പ്രവചിക്കയിൽ തന്നെ അവനെ കുത്തിക്കളകയും ചെയ്യും.* (സെഖർയ്യാവ് 13:3)

വിശുദ്ധ ഖുർആനും ഇതേകാര്യം പറയുന്നുണ്ട്.

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ ۝٤٥ لَأَخَذْنَا مِنْهُ بِالْيَمِينِ ۝٤٦
ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ ۝٤٧

"ഞാൻ പറയാത്ത വല്ല സംഗതിയും ഇദ്ദേഹം നമ്മിൽ ആരോപിച്ച് പറഞ്ഞിട്ടുണ്ടെങ്കിൽ നാം വലതു കൈകൊണ്ട് അദ്ദേഹത്തെ പിടിക്കുകയും അദ്ദേഹത്തിന്റെ ജീവനാഡി അറുത്തുകളയുകയും ചെയ്തേനെ.'' (69:45-47)

വാക്കുകൾ കെട്ടിച്ചമച്ചുകൊണ്ട് അവ ദൈവിക വെളിപാടാണെന്ന് ലോകത്തോട് പറയുന്ന മനുഷ്യൻ വിജയം വരിക്കാൻ അനുവദിക്കുന്നതല്ലെന്നും അയാളുടെ പ്രസ്ഥാനം ലോകത്ത് സ്ഥിരപ്രതിഷ്ഠ നേടുന്നതിനു മുൻപേ മുറിച്ചു മാറ്റപ്പെടുമെന്നുമാണ് ഈ വചനങ്ങൾ വ്യക്തമാക്കുന്നത്. ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദവുമായി ഇതിനെ നാം പരിശോധനാവിധേയമാക്കുമ്പോൾ അദ്ദേഹത്തിന്റെ സത്യത നമുക്ക് ബോധ്യമാകുന്നു. കാരണം, തന്റെ നാല്പതാമത്തെ വയസ്സിലാണ് തനിക്ക് വെളിപാട് ലഭിക്കുന്നുവെന്ന് ആദ്യമായി അദ്ദേഹം വാദിക്കുന്നത്. ഈ വാദം പ്രസിദ്ധീകരിച്ചതിനു ശേഷം മുപ്പത്തിനാലോ മുപ്പത്തഞ്ചോ വർഷത്തോളം അദ്ദേഹം ജീവിച്ചു; പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഒരു സമൂഹം സ്ഥാപിച്ചുകൊണ്ട് സാധാരണഗതിയിൽ തന്റെ ജീവിതം പൂർത്തിയാക്കുകയും ചെയ്തു. മരണത്തിനു മുൻപേ താൻ പ്രസിദ്ധീകരിച്ച പ്രവചനമനുസരിച്ചാണ് അദ്ദേഹം മരണപ്പെട്ടത്. മരണത്തിന് രണ്ടര വർഷം മുമ്പേ രണ്ടര ഇറക്ക് ജീവജലം മാത്രമേ അവശേഷിക്കുന്നുള്ളു എന്ന് അദ്ദേഹത്തിന് ദൈവത്തിൽ നിന്ന് അറിയിപ്പ് ലഭിച്ചിരുന്നു.

സഹോദരീസഹോദരന്മാരേ,

ജീവിച്ചിരിക്കുന്ന ഒരു ദൈവം മാനുഷ്യനെ മന:പൂർവം ചില വചനങ്ങൾ മെനഞ്ഞുണ്ടാക്കാനും, അവ ദൈവത്തിൽ നിന്നുള്ള വെളിപാടാണെന്നോണം പ്രസിദ്ധീകരിച്ച് താൻ തടയപ്പെടുമെന്നോ ശിക്ഷിക്കപ്പെടുമെന്നോ ഗൗനിക്കാതെ സൃഷ്ടികളെ വഴികേടിലാക്കാനും അനുവദിക്കുമെന്ന് ചിന്തിക്കാനാകുമോ? അങ്ങനെയാണെങ്കിൽ മതത്തിനും സന്മാർഗത്തിനും എന്ത് സുരക്ഷയാണുള്ളത്? തെറ്റായ ചിന്തകൾക്ക് അടിപ്പെട്ട ഒരു മനോരോഗിയുടെയോ അല്ലെങ്കിൽ തന്റെ മനോവ്യാപാരത്തിന്റെ ഫലമായി ഉയിർ കൊള്ളുന്ന സ്വന്തം ആശയങ്ങളാണ് വെളിപാടുകളെന്ന് കരുതുന്ന ആളുടെയോ അവസ്ഥ ഒരളവോളം ക്ഷന്തവ്യമായതും കഠിനശിക്ഷയ്ക്ക് അർഹമല്ലാത്തതുമാകാം. എന്നാൽ തനിക്ക് വചന രൂപത്തിൽ വെളിപാട് ലഭിക്കുന്നു എന്ന് ഒരാൾ വാദിക്കുമ്പോൾ അയാളുടെ വാദം വ്യാജമാണെങ്കിൽ അയാളൊരു ഭ്രാന്തനോ മന:പൂർവം കറ്റുകെട്ടിപ്പറയുന്ന ആളോ ആയിരിക്കും. അത്തരം വാദിയുടെ കാര്യത്തിൽ അയാൾ ഭ്രാന്തനല്ലെന്ന് തെളിയുകയും ഒരു നീണ്ട കാലം വരെ തന്റെ വാദത്തിൽ ഉറച്ചു നില്ക്കുകയും ആ കാലത്തിനിടയിൽ തന്റെ ദൗത്യം പൂർത്തീകരിക്കുകയും ചെയ്യുമ്പോൾ നാം അദ്ദേഹത്തെ സദ്വൃത്തനായ മനുഷ്യനായും ദൈവദൂതനായും അംഗീകരിക്കേണ്ടതാണ്.

മുൻകാല പ്രവാചകന്മാരുടെ കാലത്ത് വെളിപ്പെട്ടതു പോലെ ഇദ്ദേഹത്തിന്റെ കാലത്തും ദിവ്യാടയാളങ്ങൾ മുഖേന അല്ലാഹു ഈ മഹാത്മാവിന്റെ വാദത്തെ സാക്ഷ്യപ്പെടുത്തുകയും പിന്തുണയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയിരത്തിലേറെ അടയാളങ്ങൾ അത്തരത്തിലുണ്ടെങ്കിലും ബാഹ്യമായ തെളിവുകൾ ആവശ്യമില്ലാത്ത ചില ഉദാഹരണങ്ങൾ ഞാൻ ഇവിടെ വിവരിക്കാം.

ഒന്നാമതായി ഞാനെടുക്കുന്നത് രചനാപരമായ അദ്ഭുത ദൃഷ്ടാന്തമാണ്. ജീവിതകാലത്ത് അതു തന്റെ സത്യത്തിനുള്ള സാക്ഷ്യമായിരുന്നെന്ന് മാത്രമല്ല, എക്കാലത്തേക്കും അദ്ദേഹത്തിന്റെ വാദത്തിനുള്ള പ്രബലമായ തെളിവു കൂടിയാണ്. പഞ്ചാബിലെ അറിയപ്പെടാത്ത ഒരു ഗ്രാമത്തിലാണ് അദ്ദേഹം ജീവിച്ചത്. സ്കൂളിലോ മതപഠന കേന്ദ്രത്തിലോ അദ്ദേഹം പഠിച്ചിട്ടില്ല. വീട്ടിൽ ഉസ്താദുമാരെ വെച്ച് പ്രാഥമിക വിദ്യാഭ്യാസമാണ് അദ്ദേഹത്തിന് നല്കപ്പെട്ടത്. അറേബ്യയിൽ നിന്നും എത്രയോ ദൂരെ, അതും അറബിയെ

ക്കാൾ പേർഷ്യൻ ഭാഷ കൂടുതൽ പ്രചാരത്തിലുള്ള രാജ്യത്താണ് അദ്ദേഹം ജീവിച്ചത്. അദ്ദേഹം ജനിക്കുമ്പോൾ പഞ്ചാബിൽ സിക്കു ഭരണമായിരുന്നു. വിദ്യാഭ്യാസത്തെ അവർ കഠിനമായി എതിർത്തു. ആ സാഹചര്യത്തിലാണ് അറബി മാതൃഭാഷയായിട്ടുള്ളവരെ പോലും വെല്ലുന്ന തരത്തിൽ അല്ലാഹു തനിക്ക് അറബി ഭാഷ യിൽ അഗാധജ്ഞാനം തന്നരുളിയിരിക്കുന്നുവെന്ന് അദ്ദേഹം വിളംബരം ചെയ്തത്. ഈ വിളംബരത്തെ തുടർന്ന് അറബിയിൽ അനേകം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. തന്റെ വാദത്തിൽ സംശയാലുക്കളാണെങ്കിൽ സാഹിത്യശൈലിയിലും ഭാഷാശുദ്ധിയിലും രചനാവൈഭവത്തിലും അർഥങ്ങളുടെ അഗാധതയിലും ഔന്നത്യത്തിലും തന്നോട് കിടപിടക്കുന്ന വിധത്തിൽ അറബിയിൽ ഗ്രന്ഥം രചിക്കാൻ അറേബ്യ, ഈജിപ്ത്, സിറിയ എന്നീ രാജ്യങ്ങളിലടക്കമുള്ള തന്റെ എതിരാളികളെ അദ്ദേഹം ക്ഷണിച്ചു. എന്നാൽ ഇന്നേ വരെ ആരും തന്നെ ആ വെല്ലുവിളി സ്വീകരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ഇപ്പോഴും നിലവിലുണ്ട്. ആ ഗ്രന്ഥങ്ങളെ കിടപിടിക്കാനാവില്ലെന്നും അവയോട് കിടപിടിക്കുന്ന രചന നടത്താൻ ഉദ്യമിക്കുന്നവനെതിരിൽ ദൈവഹസ്തം ചലിക്കുമെന്നുമാണ് നമ്മുടെ വാദം.

ഇനിയുള്ളത് അദ്ദേഹത്തിന്റെ പ്രവചനങ്ങളാണ്; തന്റെ മിഷൻ വിജയിക്കുമെന്ന് പ്രഖ്യാപിച്ചു കൊണ്ട് പ്രസിദ്ധം ചെയ്തവ. മനുഷ്യചിന്തയ്ക്കതീതമായ നിലയിലാണ് അവ പുലർന്നത്. തന്റെ വാദങ്ങൾ പ്രസിദ്ധം ചെയ്യുമ്പോൾ അങ്ങനെ അറിയപ്പെടാത്ത വ്യക്തിയായിരുന്നു അദ്ദേഹം. തീർച്ചയായും അദ്ദേഹം ആദരണീയ കുടുംബത്തിൽപ്പെട്ട വ്യക്തിയായിരുന്നു. എങ്കിലും, ഞാൻ മുൻപു പ്രസ്താവിച്ചതു പോലെ, തന്റെ പിതാവിന്റെ മരണത്തോടെ തന്റെ പൈതൃകസ്വത്തിലെ ഒരുവലിയ ഭാഗം നഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ നാടായ ഖാദിയാനാണെങ്കിൽ വിദ്യാഭാസപരമോ വാണിജ്യപരമോ ആയ ഒരു കേന്ദ്രമായിരുന്നില്ല. വല്ല ഭരണവകുപ്പിന്റെയും ആസ്ഥാനവുമായിരുന്നില്ല. രണ്ടായിരം മനുഷ്യാത്മാക്കളടങ്ങുന്ന ചെറുഗ്രാമമായിരുന്നു അത്. പതിനൊന്ന് മൈൽ ദൂരെയാണ് റയിൽവേസ്റ്റേഷനുള്ളത്. ആഴ്ചയിൽ രണ്ടു പ്രാവശ്യം മാത്രമാണ് തപാൽ എത്തിയിരുന്നത്. അവിടത്തെ സ്കൂളധ്യാപകൻ തന്നെയായിരുന്നു പോസ്റ്റ്മാസ്റ്ററും പോസ്റ്റൽ ക്ലർക്കും പ്യൂണുമെല്ലാം. നിത്യവൃത്തിക്ക് സ്വയം മാർഗം കണ്ടെത്തിയിരുന്ന കർഷകരായിരുന്നു അവിടത്തെ നിവാസികൾ. ജീവിതത്തിന്റെ അടിസ്ഥാനാ

വശ്യങ്ങൾ പോലും നിർവഹിക്കാൻ പറ്റിയ ചന്ത അവിടെ ഉണ്ടായിരുന്നില്ല. ആ ഗ്രാമത്തിലെ ചില ജനങ്ങളാൽ തന്നെ അറിയപ്പെടാതെ ഏകാന്തനായി ജീവിതം നയിച്ചു കൊണ്ടിരിക്കെയാണ് ഈ ദിവ്യവെളിപാട് അദ്ദേഹം പ്രസിദ്ധീകരിക്കുന്നത്:

"ലോകത്ത് ഒരു താക്കീതുകാരൻ വന്നു; ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ ദൈവം അദ്ദേഹത്തെ സ്വീകരിക്കുകയും പ്രബലമായ ദൃഷ്ടാന്തങ്ങളോടെ അദ്ദേഹത്തിന്റെ സത്യം സ്ഥാപിക്കുകയും ചെയ്യുന്നതാണ്. ദൈവത്തിന്റെ സഹായം എത്തുകയും നീ അറിയപ്പെടുകയും ജനങ്ങളാൽ ആദരിക്കപ്പെടുകയും ചെയ്യുന്ന സമയം സമാഗതമായിരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ നീയല്ല; ദൈവം തന്നെയാണ്. നീ പറയുക, സത്യം വന്നെത്തിയിരിക്കുന്നു. ഇതിനെ എതിർക്കുന്ന എല്ലാം പരാജയപ്പെടും. എന്തെന്നാൽ, അസത്യത്തിന് സത്യത്തെ അതിജയിക്കാനാവില്ല. അല്ലാഹുവാണ് ഈ ദൂതനെ സന്മാർഗത്തോടും സത്യജ്ഞാനത്തോടും അയച്ചിരിക്കുന്നത്; ഇസ്‌ലാമിനെ മറ്റുമതങ്ങളുടെ മേൽ വിജയിപ്പിക്കുന്നതിനു വേണ്ടി. താനും തന്റെ പ്രവാചകരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു. അവന്റെ ദൂതനും അദ്ദേഹത്തിന്റെ അനുയായികളും ദുർബലരും നിസ്സഹായരുമാണെങ്കിലും അവരാണ് ഒടുവിൽ വിജയം വരിക്കുക. കേൾക്കുക, ദൈവസഹായം സമീപസ്ഥമായിരിക്കുന്നു. വിദൂര രാജ്യങ്ങളിൽ നിന്നും ആളുകൾ നിന്റെ അടുക്കൽ വരുന്നതാണ്. നാം നിനക്ക് മഹത്തായ വിജയം തന്നരുളുന്നതാണ്. ജനങ്ങൾ നിന്റെയടുക്കൽ വരുമ്പോൾ അവരോട് നിസ്സംഗഭാവം കാണിക്കരുത്. അവരെ ഉപദേശിക്കുന്നതിൽ നീ ക്ഷീണിക്കുകയുമരുത്. നീ നിന്റെ ഭവനത്തെ വിശാലമാക്കുക. ജനങ്ങൾ വലിയതോതിൽ നിന്റെയടുക്കൽ വരുന്നതാണ്. പലരും സ്വഭവനം വിട്ട് ,ദുനിയാവിനേക്കാൾ നിന്നോടുള്ള സ്നേഹത്തിന് മുൻഗണന നല്കിക്കൊണ്ട് നിന്റെ സമീപത്ത് താമസിക്കുന്നതാണ്. അവരുടെ സ്നേഹത്തിന്റെയും ആത്മാർഥതയും ആഴവും പരപ്പും നിനക്കറിയില്ല. അവരുടെ നയനങ്ങളിൽ നിന്ന് കണ്ണീരൊഴുകും. നിനക്ക് അനുഗ്രഹമുണ്ടാവാൻ അവർ പ്രാർഥിക്കും. ദൈവം നിന്റെ നാമത്തെ ഉയർത്തുന്നതാണ്. ആകാശഭൂമികൾ എന്റേതായിരിക്കു ന്നതു പോലെ നിന്റേതുമായിരിക്കും. അതായത് ആകാശത്തിലെ മാലാഖമാരും ഭൂമിയിലെ മനുഷ്യരും നിന്നെ സഹായിക്കാൻ ഒരുങ്ങുന്നതാണ്. നിന്റെ പൂർവികരുടെ നാമം

ആദരിക്കപ്പെട്ടിരുന്നെങ്കിലും വിസ്മരിക്കപ്പെടുന്നതാണ്. നിന്റെ കുടുംബം ഇനി നിന്റെ പേരിലായിരിക്കും അറിയപ്പെടുക. പേർഷ്യൻ വംശക്കാരനായ ഒരാൾ (അതായത് വാഗ്ദത്ത മസീഹ്) ഇസ്ലാമിന്റെ എതിരാളി കളെ ജയിച്ചടക്കുന്നതാണ്. എല്ലാ കാലത്തേക്കും കാരുണ്യമായിട്ടാണ് നാം നിന്നെ അയച്ചിരിക്കുന്നത്. വിജയത്തിന്റെ ദിനം വന്നെ ത്തിയിരിക്കുന്നതിൽ സന്തോഷിച്ചു കൊള്ളുക. മഹത്ത്വത്തിന്റെ മഹാസ്തൂപങ്ങളിൽ മുസ്ലിംകളുടെ ചുവടുകൾ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. നിന്റെ എല്ലാ പദ്ധതികളും ആഗ്രഹങ്ങളും ദൈവം പൂർത്തീകരിക്കുന്നതാണ്. മറ്റു മതങ്ങളെക്കാൾ ബൃഹത്തായ അനുചരവൃന്ദ ത്തെ നാം നിനക്ക് നല്കുന്നതാണ്. ലോകത്തിന്റെ കോണുകളോളം നാം നിന്റെ നാമം എത്തിക്കും. എല്ലാ രാജ്യങ്ങളും നിന്റെ കൊടിക്കീഴിൽ അണിചേരും. രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽ നിന്ന് അനുഗ്രഹം തേടും. മുന്നൂറ് വർഷത്തിനുള്ളിൽ എല്ലാ പാശ്ചാത്യ രാജ്യങ്ങളും ഇസ്ലാം സ്വീകരിക്കുന്നതാണ്. മറ്റു മതങ്ങളുടെ അനുയായികൾ എണ്ണത്തിൽ വളരെ കുറവായിരിക്കും."

അനുയായി ആയി ഒരാൾ പോലും ഇല്ലാത്ത സമയത്താണ് അദ്ദേഹത്തിന് ഈ വെളിപാടുകൾ ലഭിക്കുന്നത്. ജനങ്ങളും സർക്കാരും അദ്ദേഹത്തിന് എതിരായിരുന്നപ്പോഴാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. ഒരു മതത്തിന്റെ വിജയത്തിലേക്ക് പൊതുവായ നിലയിൽ പങ്കു വഹിക്കുന്ന ഘടകങ്ങളും, അഹ്മദിയ്യാ പ്രസ്ഥാനം അഭിമുഖീകരിച്ചിട്ടുള്ളതും അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നതുമായ പ്രയാസങ്ങളെയും മുന്നിൽ വെയ്ക്കുമ്പോഴാണ് ഈ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതിന്റെ പ്രസക്തി ഒരുവന് പൂർണമായി ബോധ്യമാവുക.

ഒരു മതത്തിന്റെ വിജയത്തിന് പൊതുവേ പങ്കുവഹിക്കുന്ന ഘടകങ്ങൾ ഇവയാണ്:

ഒന്ന്, നിയമസംഹിതയുടെ അഭാവം: ഒരു സമൂഹത്തിന് സമ്പൂർണമായ ഒരു നിയമസംഹിതയുള്ള മതമില്ലെങ്കിൽ, സമ്പൂർണ നിയമസംഹിതയുള്ള ഒരു മതം അതിനു നല്കപ്പെടുമ്പോൾ ആദ്യമൊക്കെ ആ പുതിയമതത്തെ അത് എതിർക്കുമെങ്കിലും തങ്ങളെക്കാൾ മികച്ചതാണ് ആ വ്യവസ്ഥയെന്ന് കാണുമ്പോൾ സ്വാഭാവികമായും അതു സ്വീകരിക്കാൻ ആ സമൂഹം തയ്യാറാകുന്നു. ആ മതത്തിന്റെ അധ്യാപനങ്ങളെക്കുറിച്ച് ആ സമൂഹം നിരന്തം കേൾക്കുമ്പോൾ

അവരുടെ കാതുകൾക്ക് അത് പരിചിതമായി ഭവിക്കുന്നതോടെ എതിർപ്പിനിടയാക്കുന്ന കാരണം ഇല്ലാതായി താമസിയാതെ തന്നെ അവർ അത് സ്വീകരിക്കുന്നു. സമൂഹം ഒന്നടങ്കം ആ വിശ്വാസത്തെ സ്വീകരിക്കുന്നു. തങ്ങളുടേതായ ഒരു സമ്പൂർണ നിയമസംഹിതയില്ലാത്ത സമൂഹങ്ങളിൽ ഇങ്ങനെയുള്ള മതം അവതരിപ്പിക്കപ്പെടുന്നതിന് ഉദാഹരണങ്ങൾ കാണാം. വായു ഇല്ലാത്ത സ്ഥലത്ത് നാലുഭാഗത്തു നിന്നും വായു വന്ന് നിറക്കപ്പെടുന്ന പ്രകൃതിനിയമം പോലെയാണ് അത്തരം പ്രതികൂല സാഹചര്യങ്ങളിൽ ഒരു മതം വിജയിക്കുന്നത്.

രണ്ട്, പ്രതിഷേധം: ഒരു മതത്തിന്റെ ഇടപെടലുകളോ യുക്തിശൂന്യമായ കാർക്കശ്യമോ പുരോഹിതരുടെ പീഡനങ്ങളോ അവരുടെ ഭൗതികമോ ബൗദ്ധികമോ ആയ അഭിവൃദ്ധിക്ക് തടസ്സം സൃഷ്ടിക്കുകയോ ചെയ്യുന്നതു കാരണം ജനങ്ങളിൽ വെറുപ്പുളവാകുന്നു. അക്രമത്തിൽ നിന്ന് രക്ഷിക്കുകയും യാതൊരുവിധ ക്രൂരതകളും തടസ്സങ്ങളുമില്ലാതെ പുരോഗതിയുടെ മാർഗം അവലംബിക്കാൻ അനുവദിക്കുകയും ചെയ്യുന്ന ഒരു മതം അതിനു പകരം നില്ക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. അത്തരം സാഹചര്യങ്ങളിൽ പുതിയ മതങ്ങൾക്ക് സ്വീകാര്യത ലഭിക്കാനുള്ള സാധ്യതകളേറെയാണ്. ക്രിസ്തുമതവും ബുദ്ധമതവും ഇതിനുദാഹരണങ്ങളാണ്.

മൂന്ന്, ആധുനിക ചിന്തയുടെ പ്രസാരണം; മതം അംഗീകരിക്കാത്തതും പുരോഹിതന്മാരെ പ്രകോപിപ്പിക്കുന്നതുമായ പുതിയ ആശയങ്ങളും പുതിയ മാർഗങ്ങളും ജനങ്ങളിൽ പ്രചരിക്കുമ്പോൾ അക്രമങ്ങളും പീഡനങ്ങളും ഇല്ലെങ്കിൽ തന്നെയും തങ്ങളുടെ മതസിദ്ധാന്തങ്ങൾക്കെതിരാണല്ലോ പ്രവർത്തിക്കുന്നതെന്ന ചിന്ത അവരെ അലോസരപ്പെടുത്തുന്നു. ആ സന്ദർഭത്തിൽ ജനങ്ങൾ നേരത്തെ അവലംബിച്ച പുതിയ ആശയാദർശങ്ങളെ മതത്തിന്റെ രൂപത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ ആ മതത്തിന് ഊഷ്മളമായ സ്വീകാര്യത ലഭിക്കുന്നു.......

മതസ്ഥാപകന്റെ വ്യക്തിത്വം; ഒരു മതസ്ഥാപകൻ ആ സമൂഹത്തിൽ നേരത്തെ തന്നെ ഒരു സ്വാധീന സ്ഥാനം വഹിക്കുന്നതിനാൽ ആ മതത്തിന്റെ പ്രചാരണത്തിനു വേണ്ടി ആ സമൂഹത്തിലെ എല്ലാ മാർഗോപാധികളെയും അദ്ദേഹം ഉപയോഗിക്കുന്നു. ഉദാഹരണമായി ആ വ്യക്തി ഒരു ആധ്യാത്മിക പുരുഷന്റെ പിൻഗാമിയാവുകയോ ഒരു സമൂഹത്തിൽ അധികാരസ്ഥാനം ലഭിക്കുകയോ

ചെയ്യുമ്പോൾ. അങ്ങനെയുള്ള വ്യക്തിയാൽ സ്ഥാപിക്കപ്പെടുന്ന മതം അയാൾ നയിക്കുന്ന സമൂഹത്താൽ താമസിയാതെ തന്നെ സ്വീകരിക്കപ്പെടുന്നു. തന്റെ മതം പ്രചരിപ്പിക്കുന്നതിനു വേണ്ട എല്ലാ സംവിധാനവും അയാളുടെ മുന്നിലുണ്ടാവുകയും തന്റെ പ്രസ്ഥാനത്തെയും ആചാരസമ്പ്രദായങ്ങളെയും തന്റെ ലക്ഷ്യം കരസ്ഥമാക്കാൻ ഉപയോഗിക്കുകയും ചെയ്യുന്നു. അങ്ങനെ ആ വ്യക്തിയുടെ ഉദ്യമങ്ങൾ എളുപ്പമായിത്തീരുന്നു. ഒരു മതത്തിലെ ജനങ്ങളുടെ പ്രതീക്ഷകളെല്ലാം ഒരു കുടുംബത്തിലെയോ ഗോത്ര ത്തിലെയോ വ്യക്തിയുമായി ബന്ധപ്പെട്ടതാണെങ്കിൽ ആ വ്യക്തി യിൽ നിന്ന് സമാനരീതിയിലുള്ള പ്രയോജനങ്ങൾ ലഭിക്കാവുന്ന താണ്.

നാല്,സ്ഥലം: ഒരു മതം ഉദ്ഭവിക്കുന്നത് പൊതുസന്ദർശന കേന്ദ്ര ങ്ങളിലാണെങ്കിൽ അത് ആ മതത്തിന് ഏറെ ഗുണം ചെയ്യും. ഉദാഹ രണമായി, രാജ്യത്തെ തലസ്ഥാനമാകാം വാണിജ്യകേന്ദ്രങ്ങളാകാം മതസങ്കേതങ്ങളാവാം, വലിയ തുറമുഖമാവാം. അതല്ലെങ്കിൽ ശാസ് ത്രീയമോ പുരാവസ്തു സംബന്ധമോ രാഷ്ട്രീയമോ മതപരമോ സാമൂഹികമോ ബൗധികമോ ആയ നിലയിൽ ആകർഷിക്കപ്പെടുന്ന സ്ഥലമാവാം. അത്തരം സ്ഥലങ്ങളിൽ ഉദയം ചെയ്യുന്ന മതങ്ങൾ പൊടുന്നനെ ജനശ്രദ്ധയാകർഷിക്കുകയും അതിന്റെ പ്രചാരണ ത്തിന് കാരണമാകുകയും ചെയ്യുന്നു.

ആറ്, സമ്പർക്കം: ഒരു മതത്തിന്റെ വ്യാപനത്തിൽ പങ്കു വഹി ക്കുന്ന മറ്റൊരു ഘടകം ജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തി കവുമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ടു നില്ക്കുന്നതാണ്. ഈ യൊരു ബന്ധം കാരണമായി ആ മതത്തിനു സ്വീകാര്യത ലഭി ക്കുന്നു.

ഏഴ്, ദു:സ്വാതന്ത്ര്യം: സമൂഹത്തിന്റെ പരിഷ്ക്കരണത്തിന് ആത് മീയ അനുശാസനകളിൽ ഊന്നൽ നല്കാതെ വെറും ഒരു പ്രത്യേക ആദർശത്തിലോ ഏതെങ്കിലും വ്യക്തിയോടുള്ള അനുസരണ പ്രതിജ്ഞയിലോ മാത്രം ശ്രദ്ധയുന്നുകയും അനുയായികളെ അവ രുടെ ഇഷ്ടം പോലെ പ്രവർത്തിക്കാൻ വിടുകയും ചെയ്യുമ്പോൾ സ്വതന്ത്രമായി വിഹരിക്കാൻ അനുവദിക്കുന്നതിനാൽ ഒരു കൂട്ടം ആളുകൾ അതിനെ സ്വീകരിക്കാൻ ഉടനടി തയ്യാറാകുന്നു.

എട്ട്, ഭ്രമത്തെ ഉത്തേജിപ്പിക്കൽ: വീര്യമുള്ള മയക്കുമരുന്നുകളാ ലോ മെസ്മെരിസത്തിന്റെ ശക്തിയാലോ ചില മതങ്ങൾ സ്വീകാ

ര്യത നേടുന്നു. അതല്ലെങ്കിൽ സൂക്ഷ്മാവബോധമില്ലാത്ത മനസ്സിനു മുൻ പാകെ മനുഷ്യസങ്കല്പത്തിലെ സ്വർഗീയനുഭൂതികളും നര കത്തിലെ കാല്പനിക കഠോരതകളും അവതരിപ്പിച്ചു അനുയായിക ൾക്ക് മതത്തിന്റെ പ്രഭാവത്തിൽ നിന്ന് വിട്ടുമാറാനാകത്ത വിധം അവരെ ശക്തമായി സ്വാധീനിക്കുന്നു. എന്നല്ല, മറ്റുള്ളവരെ കെണി യിലകപ്പെടുത്തുക വരെ ചെയ്യുന്നു.

ഒരു മതത്തിന്റെ പ്രചാരണത്തിൽ മുഖ്യ പങ്കു വഹിക്കുന്ന ഈ ഘടകങ്ങളൊന്നും തന്നെ ഹദ്റത്ത് അഹ്മദിന് സിദ്ധിച്ചിരുന്നില്ല എന്ന് അദ്ദേഹത്തിന്റെ ജീവിതം പരിശോധിച്ചാൽ വ്യക്തമാകും. അതു ലഭിക്കാൻ വേണ്ടി അദ്ദേഹം ശ്രമിക്കുകയുമുണ്ടായില്ല. അദ്ദേ ഹം ആഗതനാകുമ്പോൾ ആഫ്രിക്കയിലും മറ്റു വിദൂര ദ്വീപുകളി ലുമുള്ള ഗോത്രവർഗങ്ങളൊഴികെ എല്ലാവരും ചില വ്യവസ്ഥാപിത മതവുമായി ബന്ധപ്പെട്ടവരായിരുന്നു. ഇനി അപ്രകാരം ബന്ധം ഇല്ലാത്തവർ ഉണ്ടായിരുന്നെങ്കിൽ തന്നെ അവരുടെ എണ്ണം തു ലോം കുറവായിരുന്നു. വർഗസമൂഹങ്ങളെ സൃഷ്ടിക്കാൻ കഴിയാ ത്ത വിധം ചിന്നിച്ചിതറിയിരിക്കുകയാണവർ. രണ്ടാമത്തെ ഘടക മായ പ്രതിഷേധവും അദ്ദേഹത്തിന് ലഭ്യമായിരുന്നില്ല. കാരണം, ആധുനിക സംസ്കാരം അപാരമായ നിലയിലാണ് മനുഷ്യ മനസ്സു കളുടെ മേൽ സ്വാധീനം ചെലുത്തിയിരുന്നത്. പുരോഹിതന്മാരും മതവക്താക്കളും ഈ സ്വാധീനത്തെ നേരിടുന്നതിനു പകരം ആ സംസ്കാരത്തിനുതകുന്ന വിധം തങ്ങളുടെ മതത്തെ വാർത്തെടു ക്കുകയും ആധുനിക ചിന്തയുടെ കുത്തൊഴുക്കിൽ നിസ്സഹായ രായി ഭവിക്കുകയുമാണുണ്ടായത്. വിവിധ മതാനുയായികൾ തങ്ങ ളുടെ നേതാക്കളുടെ പ്രവർത്തനങ്ങളിൽ തൃപ്തരല്ല. കാരണം, അവർ തങ്ങളുടെ മതവക്താക്കളെയും പുരോഹിതന്മാരെയും തങ്ങ ളുടെ ആഗ്രഹനിവൃത്തിക്ക് തടയിടാതെ, കടിഞ്ഞാണില്ലാത്ത ജീവി തം ആവോളം സുഖിച്ചു തീർക്കാൻ വിട്ടിരിക്കുന്നതായി കാണുന്നു. ചില രാജ്യങ്ങളിൽ തന്നെ വ്യവസ്ഥാപിത മതത്തെ ചൊല്ലി അതൃപ് തിയുള്ളതായി കാണാം. എന്നാൽ ഹദ്റത്ത് അഹ്മദ്(അ) ജനിച്ച രാജ്യത്ത് അദ്ദേഹത്തിന്റെ ആദ്യത്തെ സംബോധിത ജനതയായി രുന്ന സുന്നികൾക്ക് വ്യവസ്ഥാപിതമായ പൗരോഹിത്യത്തിന്റെ അഭാവം കാരണം അത്തരം അതൃപ്തികളൊന്നും ഉണ്ടായിരുന്നില്ല. അവരുടെ പീഡനങ്ങളാണ് പൊതുവെ അതൃപ്തി ജനിപ്പിക്കാ റുള്ളത്.

ഈ രണ്ടു ഘടകങ്ങളും ഒരു പൊയ്മതത്തിന്റെ വ്യാപനത്തിന് ആക്കം കൂട്ടുക മാത്രമല്ല, ഒരു സത്യമതത്തിന്റെ ആവിർഭാവത്തിനും കാരണമാകുന്നുണ്ട്. തനിക്ക് ന്യായമായും പ്രയോജനപ്പെടുത്താവുന്ന ഈ രണ്ടു ഘടകങ്ങളും ലഭ്യമല്ലാത്ത കാലത്താണ് ഹദ്റത്ത് അഹ്മദ്(അ) ആഗതരായത്. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ ദൗത്യം മുൻകാല പ്രവാചകന്മാരെക്കാൾ പ്രയാസകരമായിരുന്നു. അവർക്കു ലഭിച്ച ആനുകൂല്യങ്ങൾ പോലും അദ്ദേഹത്തിന്റെ കാലത്ത് ഉണ്ടായിരുന്നില്ല.

മേൽ പ്രസ്താവിച്ച കാര്യങ്ങളിൽ മൂന്നാമത്തേത് ആധുനിക ചിന്തയുടെ പ്രസാരണമാണ്. വ്യാജമതങ്ങളുടെ വക്താക്കൾ ഉപയോഗിക്കുന്ന സൂത്രങ്ങളാണിവ. സത്യപ്രവാചകനായ ഹദ്റത്ത് അഹ്മദി(അ)ന്റെ കാര്യത്തിൽ അവ പ്രയോഗവത്ക്കരിക്കുന്നത് അനുവദനീയമായിരുന്നില്ല. നേരെമറിച്ച്, ഒരു ഭാഗത്ത് മതത്തെ അന്ധവിശ്വാസങ്ങളുടെ മാറാപ്പുകളായി ഗണിക്കുന്ന എല്ലാ ആശയങ്ങളെയും അദ്ദേഹം ഖണ്ഡിക്കുകയും മറുഭാഗത്ത് ഭൗതികവാദസംസ്കാരത്തിന്റെ ഉപോൽപ്പന്നമായ ദുഷ്പ്രവണതകളെ എതിർക്കുകയും ചെയ്തു. ലോകത്ത് നിരന്തരം തന്റെ ഗുണങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന എന്നെന്നും ജീവിച്ചിരിക്കുന്ന ദൈവത്തിലേക്ക് ജനങ്ങളെ കൊണ്ടു വരികയും, ദിവ്യദൃഷ്ടാന്തങ്ങളിൽ അവരെ വിശ്വസിപ്പിക്കുകയും, മലക്കുകളുടെ അസ്തിസ്ത്വത്തെയും ദുആ സ്വീകാര്യതയെയും ബോധ്യപ്പെടുത്തുകയും, വചനരൂപത്തിലുള്ള വെളിപാടിന്റെ സാധ്യതയെ സ്ഥാപിക്കുകയും, മരണാനന്തരജീവിതത്തെ സംബന്ധിച്ച ഇസ്ലാമികധ്യാപനങ്ങൾ തൃപ്തികരമായി വിശദീകരിക്കുകയും, ഇസ്ലാമികസംസ്കാരത്തിന്റെ ചട്ടങ്ങളെ ലോകത്തിന് സമർപ്പിക്കുകയും ചെയ്യുക എന്നത് ശ്രമകരമായ ഉദ്യമമാണ്. എന്നാൽ, ഈ ഉദ്യമം ഹദ്റത്ത് അഹ്മദ്(അ) നിരന്തരമായ പ്രയത്നത്താൽ സധീരം നിർവഹിച്ചു. ഈ ആദർശങ്ങൾ ആധുനികസംസ്കാരത്തിന്റെ പ്രണേതാക്കൾക്ക് ഉൾക്കൊള്ളാനാകില്ലെന്ന സംഗതി അദ്ദേഹത്തെ ഒരുനിലയിലും സ്വാധീനിച്ചില്ല.

ഒരു മതത്തിന്റെ പ്രചാരണത്തിൽ പങ്കുവഹിക്കുന്ന നാലാമത്തെ ഘടകം അതിന്റെ സ്ഥാപകർ അലങ്കരിക്കുന്ന ഉന്നതമായ സ്ഥാനമാണ്. ഈ നിലയിലും ഹദ്റത്ത് അഹ്മദി(അ)ന് സവിശേഷ ആനുകൂല്യമൊന്നും ലഭിച്ചിട്ടില്ല. മതപരമായി വല്ല സ്വാധീനവുമുള്ള

കുടുംബത്തിൽപ്പെട്ട വ്യക്തിയല്ല അദ്ദേഹം. ഒരു സാധാരണ മാന്യ കുടുംബത്തിലെ അംഗമായിരുന്നു അദ്ദേഹം. സുന്നികൾ ആദര വോടെ നോക്കിക്കാണുകയും ശിയാക്കൾ സവിശേഷമായി ബഹു മാനിക്കുകയും ചെയ്യുന്ന സയ്യിദ് എന്ന നബി(സ)യുടെ വംശ പരമ്പരയിൽ പെട്ട ആളായിരുന്നില്ല അദ്ദേഹം. വാഗ്ദത്ത പരിഷ് ക്കർത്താവ് അല്ലെങ്കിൽ അവസാന കാലത്ത് ആഗതനാകുന്ന ദൈ വദൂതൻ സയ്യിദ് വംശത്തിൽപ്പെട്ടവനായിരിക്കുമെന്ന് ഇരുകൂട്ടരും വിശ്വസിക്കുന്നു. അതുകൊണ്ട് കുലീന കുടുംബവുമായോ അല്ലെ ങ്കിൽ മതപരമായി പ്രതീക്ഷ വെച്ചു പുലർത്തുന്ന ഒരു കുടുംബ വുമായോ അദ്ദേഹത്തിന്റെ വിജയത്തെ ചേർത്തു വയ്ക്കാൻ സാധി ക്കുകയില്ല. ചിന്താപരമായി പ്രയോജനം ലഭിക്കും വിധം അദ്ദേഹം ഒരു വിജ്ഞാനകേന്ദ്രത്തിൽ നിന്നും വിദ്യ അഭ്യസിച്ചിരുന്നില്ല. ഒരു സൂഫിയുടെയോ മതനേതാവിന്റെയോ ഭരണവർഗത്തിന്റെയോ എതെങ്കിലും മതവിഭാഗത്തിന്റെ ഖലീഫയുടെയോ അനുയായി ആയിരുന്നില്ല. അതുകൊണ്ടു തന്നെ വല്ല സമൂഹവും അദ്ദേഹത്തെ സ്വീകരിക്കാൻ കാരണം അദ്ദേഹത്തിനു മുൻപേ തന്നെ ലഭിച്ചിരുന്ന അധികാരവും സ്വാധീനവുമാണെന്നോ മറ്റുള്ളവരിൽ തന്റെ ആശയ ങ്ങൾ പ്രചരിപ്പിക്കാൻ അതിലെ മാർഗങ്ങളെ ഉപയോഗപ്പെടുത്തി യെന്നോ പറയാൻ സാധിക്കില്ല.

അഞ്ചാമത്തെ ഘടകം, പ്രസ്ഥാനത്തിന്റെ കേന്ദ്രം സ്ഥിതി ചെയ്യു ന്ന സ്ഥലമാണ്. ഇതുസംബന്ധമായി, ഖാദിയാൻ സ്ഥിതിചെയ്യുന്ന സ്ഥലത്തെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. ഹദ്റത്ത് അഹ്മദ്(അ) ജനിക്കുകയും ജീവിക്കുകയും ചെയ്ത ആ സ്ഥലമാണ് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ കേന്ദ്രം. ഇത് ഒരു രാജ്യത്തിന്റെ തലസ്ഥാനമോ പ്രവിശ്യയോ ആയിരുന്നില്ല. വാണി ജ്യപരമോ വ്യവസായപരമോ മതപരമോ ആയ നിലയിൽ അതൊരു കേന്ദ്രമേ ആയിരുന്നില്ല. ബുദ്ധിപരമോ രാഷ്ട്രീയമോ സാമൂഹി കമോ ആയ പ്രസ്ഥാനങ്ങളുമായും അതിനു ബന്ധമുണ്ടായിരുന്നില്ല. റെയിൽവേസ്റ്റേഷനിൽ നിന്നും 11 മൈൽ ദൂരം സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ഗ്രാമമായിരുന്ന അതിന് അഭിമാനിക്കാനായി കല്ലു പതിച്ച റോഡുപോലും ഉണ്ടായിരുന്നില്ല. ആ നിലയിൽ ഇന്നും അതിന്റെ സ്ഥിതി പ്രസ്ഥാനത്തിന്റെ ആദ്യകാലങ്ങളെക്കാൾ ഒട്ടും മെച്ചപ്പെട്ടതല്ല. രാജ്യത്തെ ഏറ്റവും താഴ്ന്ന തരം പ്രവിശ്യയായി ഗണിക്കപ്പെടുന്ന ഒരു പ്രവിശ്യയിലാണ് അത് സ്ഥിതിചെയ്യുന്നത്.

സമുദ്രത്തിൽ നിന്നുള്ള അതിന്റെ ദൂരം, വിനോദസഞ്ചാരികളെ സന്ദർശിക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തുന്നു.

ആറാമത്തെ ഘടകം, ഒരു മതത്തിൽ നിന്നുള്ള രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ പ്രതീക്ഷയാണ്. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ കാര്യത്തിൽ അത് തീർത്തും ഇല്ലാത്ത അവസ്ഥയായിരുന്നു. എല്ലാ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നും ഹദ്റത്ത് അഹ്മദ്(അ) കണിശമായി വിട്ടു നിന്നു. ഒരോ രാജ്യത്തിലെ ജനങ്ങളും തങ്ങളുടെ ഭരണകർത്താക്കളോട് കൂറും സഹകരണവും കാണിക്കണമെന്നതാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ ആദർശം. പൗരസ്ത്യ ചക്രവാളങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ ഉദയസൂര്യൻ അതിന്റെ പ്രഭാകിരണങ്ങളോടെ ഉദിച്ചുയരുന്നതും കണ്ണും നട്ടിരിക്കുന്ന ഭാരതത്തിന്റെ പുത്രന്മാർക്ക് ഈ ആദർശം വെറുപ്പുളവാക്കിയതെങ്ങനെ എന്ന് എളുപ്പം മനസ്സിലാക്കാവുന്നതെയുള്ളു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സത്യം ബോധ്യമായിട്ടും അതിൽ ചേരാൻ മടിച്ചു നില്ക്കാനുള്ള കാരണം അതിന്റെ രാഷ്ട്രീയദർശനമാണെന്ന് എനിക്ക് നിസ്സങ്കോചം പറയാൻ സാധിക്കും. സാമ്പത്തിക നേട്ടം കൊയ്യാമെന്നുള്ള പ്രതീക്ഷയും തികച്ചും അസ്ഥാനത്താണ്. കാരണം, പരമ്പരാഗത പ്രസ്ഥാനങ്ങൾക്കു മാത്രമേ അത്തരത്തിലുള്ള പ്രതീക്ഷ വെച്ചു പുലർത്താൻ സാധിക്കുകയുള്ളു. നേരെമറിച്ച്, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ കാര്യത്തിലാണെങ്കിൽ വലിയൊരളവിൽ സാമ്പത്തിക ത്യാഗം വഹിക്കുന്നവരാണവർ. ജമാഅത്ത് ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ട സ്ഥലങ്ങളിൽ ഓരോ അഹ്മദിയും തന്റെ വരുമാനത്തിന്റെ പത്തിലൊന്നുമുതൽ മൂന്നിലൊന്നു വരെ തുക ജമാഅത്തിന്റെ വരുമാനത്തിലേക്കായി നല്കുന്നു.

ഒരു മതത്തിന്റെ പ്രചാരണത്തിൽ പങ്കുവഹിക്കുന്ന ഏഴാമത്തെ ഘടകം ദു:സ്വാതന്ത്ര്യമാകുന്നു. അതായത് അതിന്റെ അനുയായികൾക്ക് പ്രവർത്തിക്കാൻ പൂർണസ്വാതന്ത്ര്യം നല്കുന്നു. കേവലം ഒരു പ്രത്യേക ആദർശത്തിൽ മാത്രം വിശ്വസിക്കുന്നതിലോ മതസ്ഥാപകന്റെ അനുചരവൃന്ദത്തിൽ ചേരുന്നതിലോ അത് ഊന്നൽ നല് കുന്നു. വ്യാജഗുരുക്കന്മാരും വാദികളുമാണ് അത്തരം മാർഗം അവ ലംബിക്കുന്നത്. എല്ലാ സച്ചരിതരായ വ്യക്തികളെയും പോലെ ഹദ്റത്ത് അഹ്മദും(അ) തന്റെ അനുയായികളിൽ നിന്ന് യഥാർഥ ത്യാഗമാണ് ആവശ്യപ്പെട്ടത്. തങ്ങളുടെ ആഗ്രഹങ്ങളും മുതലുകളും സാമൂഹിക ആചാരങ്ങളും മാമൂലുകളും ത്യജിക്കാൻ അദ്ദേഹം

ആവശ്യപ്പെട്ടു. ഏതെങ്കിലും വിശ്വാസാദർശത്തിൽ തന്റെ അനുയായികൾ ഏറ്റു പറയുന്നതിൽ മാത്രം തൃപതനാകാതെ അവരുടെ ജീവിതം മതത്തിന്റെ അനുശാസനകൾക്ക് അദ്ദേഹം വിധേയമാക്കി.

എട്ടാമത്തെ ഘടകമായ ഭ്രമത്തെ ഉത്തേജിപ്പിക്കൽ ചില സമയത്ത് മത പ്രചാരണത്തിനായി ഉപയോഗിക്കുന്നു. തെറ്റും അനാശാസ്യവുമായ മാർഗം ഉപയോഗിച്ചു കൊണ്ട് ജനങ്ങളുടെ താത്പര്യം കൈക്കലാക്കുക. ഉദാഹരണമായി, ആനന്ദത്തിന്റെ രാജമന്ദിരങ്ങൾ പണികഴിപ്പിച്ചുകൊണ്ട് അതിന്റെ അനുയായികൾക്ക് സ്വർഗമെന്ന പോലെ ഉപഹാരമായി നല്കുന്നു. അല്ലെങ്കിൽ വീര്യമുള്ള മയക്കു മരുന്നുകൾ ഉപയോഗിച്ച് അവരുടെ ഭ്രമത്തെ ഉത്തേജിപ്പിക്കുന്നു. അതുമല്ലെങ്കിൽ മെസ്മെരിസമോ മറ്റും മുഖേന തന്റെ മതസ്ഥാപകനോ മതനേതാവിനോ വലിയ ആത്മീയശക്തികളുണ്ടെന്ന് വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു. അത്തരം എല്ലാ പ്രവൃത്തികളെയും ഹദ്റത്ത് അഹ്മദ്(അ) അപലപിക്കുകയും ആത്മീയോത്ക്കർഷത്തിന് ദോഷം വരുത്തുന്നവയാണെന്ന് കരുതുകയും ചെയ്തു. പച്ചപ്പരമാർഥിക ളായ ജനങ്ങളെ പാട്ടിലാക്കാൻ ചില വഞ്ചകർ ചെയ്യുന്ന വേലക ളാണിവയെന്നും അദ്ദേഹം പറഞ്ഞു.

ഈ എല്ലാ പ്രയാസങ്ങളുടെയും പശ്ചാത്തലത്തിൽ, ഞാൻ മുകളിൽ നല്കിയ വെളിപാട് പ്രസിദ്ധീകരിച്ചതിൽ നിന്ന് അവയിലടങ്ങിയിരിക്കുന്ന പ്രവചനങ്ങൾ സാധാരണഗതിയിലുള്ളവയല്ല എന്നാണ് കാണിക്കുന്നത്. അവ പൂർത്തിയായിരിക്കുന്നു എന്ന സമാധാനം ഞങ്ങൾക്ക് ഉള്ളതിനാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം അവ അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള പ്രബലമായ തെളിവുകളാണ്.

സഹോദരീ സഹോദരന്മാരേ, വളരെ പ്രതികൂലമായ സഹചര്യം നിലനില്ക്കേ ഈ സമ്മേളനത്തിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഭാഗത്തു നിന്ന് ഒരു പ്രബന്ധം വായിച്ചു കേൾപ്പിക്കുക എന്നതു തന്നെ മുപ്പതു വർഷം മുൻപ് അദ്ദേഹം പ്രസിദ്ധീകരിച്ച പ്രവചനങ്ങൾ പൂർത്തിയായി എന്നതിനുള്ള തെളിവാണ്. അവയിൽ പൂർത്തിയാകാനുള്ളത് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ആരാലും അറിയാത്ത ഖാദിയാൻ എന്ന ഗ്രാമം ഇന്നു ലോകം മുഴുവനും പ്രസിദ്ധിയാർജിച്ചിരിക്കുന്നു. മുപ്പതു വർഷങ്ങൾക്കു മുൻപ് ഏകനായിരുന്ന വ്യക്തിക്ക് ഇന്ന് എല്ലാ ഭൂഖണ്ഡങ്ങളിലും എല്ലാ രാജ്യങ്ങളിലും അനുയായികളുണ്ട്. സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവരാണവർ. അദ്ദേഹത്തിന്റെ നാമം മഹത്ത്വവത്ക്കരിക്ക

പ്പെട്ടിരിക്കുന്നു. ശത്രുക്കൾ പോലും അദ്ദേഹത്തെ ബഹുമാനത്തോടെ നോക്കിക്കാണുന്നു. അദ്ദേഹം ഇസ്ലാമിനെ പുനരുജ്ജീവിപ്പിച്ചു. മതാനുയായികൾക്കോ സാംസ്കാരികവക്താക്കൾക്കോ ഇന്ന് ഇസ്ലാമിനെ താഴ്ത്തിക്കെട്ടാൻ കഴിയില്ല. എല്ലാ മതങ്ങളുടെ മേലും അതു പ്രതാപത്തോടെ തല ഉയർത്തി നില്ക്കുകയാണ്. ചെറുത്തുനില്പിന്റെ നിരാശജനകമായ ദിനങ്ങൾ അവസാനിച്ചിരിക്കുന്നു. മാന വകുലത്തോടുള്ള സ്നേഹാനുകമ്പയാൽ അതിപ്പോൾ അന്ധകാര ശക്തികൾക്കെതിരെ പ്രത്യാക്രമണത്തിലാണ്. അതിലെ അംഗങ്ങളുടെ എണ്ണം ദിനേന വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയ്യാ മിഷനുകൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലും നിങ്ങൾക്ക് അഹ്മദിയ്യാ പ്രസ്ഥാനത്തിലെ അംഗങ്ങളെ കാണാം. ഹദ്റത്ത് അഹ്മദിന്റെ സത്യത ശക്തമായ ദൈവികദൃഷ്ടാന്തങ്ങളാൽ സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു. ഖാദിയാൻ ഇപ്പോൾ ലോകശ്രദ്ധ നേടിയിരിക്കുന്നു. മൈലുകളോളം സ്ഥിതി ചെയ്യുന്ന ആ കൊച്ചു ഗ്രാമം ലോകത്തിലെ നാനാഭാഗങ്ങളിലുമുള്ള ആളുകളെ ആകർഷിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ഭാഗങ്ങളിൽ നിന്നും ആയിരത്തി അഞ്ഞൂറിലധികം ആളുകൾ അവിടെ പോയി താമസമാക്കിയിട്ടുണ്ട്. ദിവസവും ഏതാണ്ട് മുന്നൂറ് പേരായിരുന്നു ഹദ്റത്ത് അഹ്മദിന്റെ തീന്മേശയിൽ നിന്ന് ഭക്ഷണം കഴിച്ചിരുന്നത്. തന്റെ വാദത്തിനു മുൻപുള്ള അവസ്ഥയെ പരാമർശിച്ചു കൊണ്ട് ഹദ്റത്ത അഹ്മദ്(അ) ഒരു അറബി കവിതയിൽ ഇപ്രകാരം പറയുന്നു: മറ്റുള്ളവരുടെ തീന്മേശകളിൽ അവശേഷിച്ചിരുന്ന റൊട്ടിക്കഷ്ണങ്ങൾ ഞാൻ കഴിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, എല്ലാ കുടുംബങ്ങളും എന്റെ തീന്മേശയിൽ നിന്നാണ് ഭക്ഷണം കഴിക്കുന്നത്. ആദ്യകാലങ്ങളിൽ ഹദ്റത്ത് അഹ്മദ്(അ) ആദ്ധ്യാത്മിക കാര്യങ്ങളിൽ മുഴുകുകയും പിതാവിന്റെ മരണ ശേഷം കുടുംബസ്വത്തുക്കളെല്ലാം സഹോദരന്റെ കൈകളിൽ വിട്ടു കൊടുക്കുകയും ചെയ്തിരുന്ന കാലത്തെക്കുറിച്ചാണ് ഈ കവിതയിലെ ആദ്യഭാഗം സൂചിപ്പിക്കുന്നത്. സഹോദരനായിരുന്നു അദ്ദേഹത്തിന്റെ കാര്യങ്ങൾ നോക്കിയിരുന്നത്.

മേൽപ്രസ്താവിച്ച പ്രതിസന്ധികളുടെയും പ്രയാസങ്ങളുടെയും പശ്ചാത്താലത്തിൽ തന്റെ പ്രസ്ഥാനം വിസ്മയകരാം വിധം ദ്രുതഗതിയിൽ വിജയിക്കുമെന്ന് പ്രവചനം ചെയ്തിട്ടുള്ള ഏതെങ്കിലും പ്രസ്ഥാനസ്ഥാപകൻ ലോകത്തുണ്ടോ?

പ്രസ്ഥാനങ്ങൾ വിജയം വരിക്കുകയും പ്രതിസന്ധികളെ നേരിടുകയും ചെയ്തിട്ടുണ്ടെന്നത് ശരി തന്നെ. എന്നാൽ അവയൊന്നും, അവ സത്യപ്രസ്ഥാനമാകട്ടെ അസത്യപ്രസ്ഥാനമാകട്ടെ, അഹ്മദിയ്യാ പ്രസ്ഥാനം നേരിട്ടതു പോലുള്ള പ്രതികൂലമായ സാഹചര്യങ്ങളിലൂടെ വിജയം കൈവരിച്ചവരല്ല. പ്രസ്ഥാനം ഇപ്പോഴും അതിന്റെ ശൈശവദശയിലാണുള്ളത്. ഇതുവരെ അതു സ്വായത്തമാക്കിയിട്ടുള്ളത് വരാനുള്ളതിന്റെ നിഴൽ മാത്രമാണ്. യൂറോപ്പിലും അമേരിക്കയിലുമുള്ള കോടിക്കണക്കിനാളുകൾ ഹദ്റത്ത് അഹ്മദിനെ സ്വീകരിക്കുന്നത് ലോകം കാണും. എന്നല്ല, ഇവിടെ സന്നിഹിതരായിരിക്കുന്ന അനേകർ അത് ദർശിക്കുന്നതാണ്. ദൈവത്തിന്റെ നാമത്തിൽ വന്നവൻ അനുഗൃഹീതൻ എന്ന് നിങ്ങൾ പ്രഹർഷം മുഴക്കുന്നതാണ്. അദ്ദേഹത്തെ സ്വീകരിക്കാൻ കൂട്ടാക്കാത്തവർ മസീഹിന്റെ രണ്ടാം വരവ് പ്രതീക്ഷിച്ചു കൊണ്ടേ ഇരിക്കുന്നതാണ്. അവരുടെ പ്രതീക്ഷകളെല്ലാം നിരാശയിലായിരിക്കും ചെന്നവസാനിക്കുക. ഒടുവിൽ പ്രതീക്ഷയറ്റ് അവർ അദ്ദേഹത്തിലേക്ക് തിരിയുന്നതായിരിക്കും. അങ്ങനെ മുന്നൂറ് വർഷം തികയുന്നതിനു മുൻപേ ലോകത്തിലെ വലിയൊരു ഭാഗം അദ്ദേഹത്തെ സ്വീകരിക്കുകയും മുസ്ലിംകളുടെ ചുവടുകൾ മുൻപത്തേക്കാളു പരിയായി പ്രതാപഗരിമയോടെ ഉറപ്പിക്കപ്പെടുകയും ചെയ്യുന്ന താണ്,

കൂടാതെ, ആയിരക്കണക്കിന് അടയാളങ്ങൾ ഹദ്റത്ത് അഹ്മദ്(അ) കാണിച്ചിട്ടുണ്ട്. അവ മുഖേന മരിച്ചവർ ജീവിക്കുകയും ബധിരർ കേൾക്കുകയും അന്ധർ കാണുകയും മുടന്തന്മാർ നടക്കാൻ തുടങ്ങുകയും കുഷ്ഠ രോഗികൾ സുഖപ്പെടുകയും ചെയ്തിട്ടുണ്ട്. ഭൂതാവിഷ്ടർ സുഖം പ്രാപിക്കുകയും ദൈവസമക്ഷം പിഞ്ചു പൈതങ്ങളെപ്പോലെ ആയിത്തീരുകയും ചെയ്തു. അദ്ദേഹം കാണിച്ച ദൃഷ്ടാന്തങ്ങൾ ആകാശഗോളങ്ങളുമായും ഭൗമാന്തരീക്ഷവുമായും ഭൂഗർഭാവസ്ഥയുമായും ബന്ധപ്പെട്ടവയാണ്. അതുപോലെ പർവതങ്ങളും നദികളും മിത്രങ്ങളും ശത്രുക്കളുമായും ഭരണാധികാരികളും ഭരണീയരുമായും മുഴുപ്രപഞ്ചവുമായും ജീവിതമരണങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ചിലരുടെ സന്താനസമൃദ്ധിയും ചിലരുടെ നിരുത്പാദകത്വവുമായും രോഗസംക്രമണവുമായും അമാനുഷികമായ രോഗശാന്തിയുമായും ബന്ധപ്പെട്ടവയാണ്. ഉദാഹരണമായി, ലോകമഹയുദ്ധം, സാർ ചക്രവർത്തിയുടെ ദാരുണ അന്ത്യം, തുർക്കികളുടെ പരാജയം, പകർച്ചപ്പനിയുടെ വ്യാപനം,

തുടരെ തുടരെയുള്ള ഭുകമ്പങ്ങൾ തുടങ്ങിയവയെക്കുറിച്ച് അദ്ദേഹം ചെയ്ത പ്രവചനങ്ങൾ അതാത് സമയത്തു തന്നെ പുലരുകയുണ്ടായി. ഒരർഥത്തിൽ ഈ കോൺഫറൻസും അദ്ദേഹം ചെയ്ത ഒരു പ്രവചനത്തിന്റെ പൂർത്തീകരണമാണ്. 1892 ൽ ഇസാലെ ഔഹാം എന്നപേരിൽ ഒരു ഗ്രന്ഥം അദ്ദേഹം പ്രസിദ്ധീകരിച്ചു. അതിൽ അദ്ദേഹം തനിക്കുണ്ടായ ഒരു ദർശനം വിവരിക്കുന്നുണ്ട്. ലണ്ടനിലെ ഒരു പ്രസംഗപീഠത്തിൽ കയറി നിന്ന് പ്രസംഗിക്കുന്നതായി അദ്ദേഹം കണ്ടു. അനന്തരം ചില പക്ഷികളെ അദ്ദേഹം പിടിക്കുന്നു. തന്റെ അധ്യാപനങ്ങൾ ലണ്ടനിൽ പ്രചരിക്കപ്പെടുകയും തന്നിലൂടെ ജനങ്ങൾ ഇസ്ലാം സ്വീകരിക്കുകയും ചെയ്യും എന്നാണ് ഇതിനെ അദ്ദേഹം വ്യാഖ്യാനിച്ചത്.

ചുരുക്കത്തിൽ, എല്ലാവിധ ദൃഷ്ടാന്തങ്ങളും അദ്ദേഹം കാണിച്ചിട്ടുണ്ട്. അവ ഇവിടെ വിശദീകരിക്കാനാവില്ല. ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ അസ്തിത്വം സ്ഥാപിക്കാനും അവന്റെ അസ്തിത്വത്തിന്റെ ധൈഷണികമാനങ്ങൾ ബോധ്യപ്പെടുത്തുന്നതിനും അദ്ദേഹം അടയാളങ്ങളും ദൃഷ്ടാന്തങ്ങളും മുഖേന ദൈവത്തിന്റെ ഓരോ ഗുണവും വെളിപ്പെടുത്തി. അദ്ദേഹത്തിന്റെ ശത്രുക്കൾ പോലും അതിന് സാക്ഷികളാണ്. നിരവധി ഗ്രന്ഥങ്ങളിൽ അവ വിവരിക്കപ്പെട്ടിരിക്കുന്നു. ലക്ഷക്കണക്കിന് വിശ്വാസികൾക്ക്, പണ്ടുകാലങ്ങളിൽ സച്ചരിതരായ ആളുകൾ കണ്ടിരുന്നതു പോലെ ദൈവത്തെ സ്വയം കാണുന്നതിനും മുൻ കാലങ്ങളിലെന്നപോലെ അവന്റെ ശബ്ദം കേൾക്കുന്നതിനും വേണ്ടിയാണ് ഈ അടയാളങ്ങൾ നല്കപ്പെട്ടത്. ദൈവാനുഗ്രഹത്താൽ ഈ പ്രബന്ധകാരനും ദൈവത്തിന്റെ മധുര ശബ്ദം പലവട്ടം കേട്ടിട്ടുണ്ട്. അവന്റെ ഗുണങ്ങൾ വെളിപ്പെടുന്നത് സ്വന്തമായ നിലയിലും മറ്റുള്ളവർ മുഖേനയും അനുഭവിച്ചിട്ടുണ്ട്. ഞാൻ തുടക്കത്തിൽ വിശദീകരിച്ചതു പോലെ, ഈ വിശ്വാസവും ദൃഢബോധവും തിരിച്ചറിവുമാണ് ഒരു പ്രവാചകന്റെ വരവോടെ സംജാതമാകുന്നത്. ഇതില്ലാതെ മതം വെറും നാമമാത്രമാണ്. അതിനു യാതൊരു അർഥവും വിലയും ഉണ്ടാവില്ല.

ഈ പ്രബന്ധം ഉപസംഹരിക്കുന്നതിനു മുൻപായി ഞാൻ ഒരു കാര്യം പറയട്ടെ. എത്രതന്നെ പ്രബലമായ തെളിവുകളുടെ പിൻബലമുണ്ടെങ്കിലും ചിലയാളുകൾ കേട്ടുകേൾവികൾ കൊണ്ടു മാത്രം തൃപ്തരാകുന്നവരല്ല. അത്തരം ആളുകളെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടി മാർഗങ്ങളും ദൈവം തന്നരുളിയിട്ടുണ്ട്. അവയിൽ

ഒന്ന്, ആ വ്യക്തി നിഷ്പക്ഷമായ നിലയിൽ നാല്പതു ദിവസം തുടർച്ചയായി ദുആ ചെയ്യുക എന്നതാണ്. അവയിലെ അവസാന രാത്രി അയാൾ ഇപ്രകാരം പ്രാർഥിക്കുക:

"ദൈവമേ, ലോകത്ത് ഇസ്‌ലാം മതത്തെ അതിന്റെ തനത് രൂപത്തിൽ സ്ഥാപിക്കാൻ ദൈവം തന്നെ അയച്ചിരിക്കുന്നു എന്നു ഇയാൾ വാദിക്കുകയും തന്നിൽ വിശ്വസിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇദ്ദേഹം സത്യവനാണെങ്കിൽ, വസ്തുതകൾ അറിയാൻ കഴിയാത്ത കാരണത്താലാണ് സത്യത്തെക്കുറിച്ചുള്ള യഥാർഥ തീരുമാനത്തിലെത്താൻ എനിക്ക് കഴിയാതെ പോയതെങ്കിൽ, ഞാൻ നിന്നോട് കേഴുകയാണ്: എല്ലാ സത്യങ്ങളുടെയും ഉറവിടവും എല്ലാ മാർഗദർശനങ്ങളുടെയും മാർഗദർശകനും തന്റെ സൃഷ്ടികൾ പ്രയാസത്തിലാകുന്നതു കാണാൻ ഇഷ്ടപ്പെടാത്തവനുമായവനേ, അദ്ദേഹത്തിന്റെ സത്യത എനിക്ക് വെളിപ്പെടുത്തിത്തന്നാലും!"

ഒരു മനുഷ്യൻ നാല്പത് ദിവസത്തോളം ആത്മാർഥമായി ഇങ്ങനെ പ്രാർഥിക്കുന്നതായാൽ ഈ കാലയളവിനുള്ളിൽ അല്ലാഹു അയാളുടെ മനസ്സിനെ സത്യത്തിലേക്ക് തുറക്കുന്നതും ഹദ്റത്ത് അഹ്മദിന്റെ സത്യത വെളിപ്പെടുത്തിക്കൊണ്ട് ദൃഷ്ടാന്തങ്ങൾ പ്രകടമാക്കുന്നതുമാണ്. മന:ശാന്തി നല്കുന്ന ഈ രീതി തികച്ചും ദൈവകരങ്ങളിലുള്ളതും പ്രാർഥനയുടെ ഫലവും ആയ തിനാൽ അതു അന്വേഷകന്റെ സമ്പൂർണ ദൃഢജ്ഞാനത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുന്നതാണ്. ഈ സുപ്രധാന കാര്യത്തെസ്സംബന്ധിച്ച് തീരുമാനത്തിലെത്താനുള്ള ന്യായമായ രീതിയെ പാശ്ചാത്യലോകത്തിലെ സത്യാന്വേഷികൾ സ്വാഗതം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെവരുമ്പോൾ മനുഷ്യമനസ്സ് വല്ല വാഗ്‌വിലാസത്തിനോ സാമർഥ്യത്തിനോ വിധേയമായിട്ടുണ്ടോ എന്ന സംശയത്തിന് വകയില്ല. ഇത് ദാസൻ തന്റെ സ്രഷ്ടാവിന്റെ മുന്നിൽ വയ്ക്കുന്ന നിവേദനവും അതിനു കരുണാമയനായ ന്യായാധിപൻ ഉത്തരവിട്ട തീരുമാനവുമാകുന്നു. അവന്റെ കല്പനയേക്കാൾ സത്യസന്ധവും ന്യായപൂർണവുമായ തീരുമാനം ഇല്ല തന്നെ. അദ്ദേഹത്തിന്റെ വാദങ്ങളെക്കുറിച്ച് പൂർണമായ അന്വേഷണം നടത്തിയതിനു ശേഷവും അദ്ദേഹം വ്യാജവാദിയാണെന്നും മാനവരാശിയുടെ മാർഗദർശനത്തിനായി അദ്ദേഹത്തെ ദൈവം നിയോഗിച്ചിട്ടില്ലെന്നും ജനങ്ങളെ വഞ്ചിക്കാൻ അദ്ദേഹം ഇത്

കെട്ടിച്ചമച്ചതാണെന്നുമുള്ള കാര്യത്തിൽ ശഠിക്കുന്ന ശത്രുക്കളുടെ മ ുന്നിൽ അവർക്ക് ബോധ്യമാകുന്നതിനായി മറ്റൊരു രീതിയും ഹദ് റത്ത് അഹ്മദ്(അ) സമർപ്പിച്ചു. അത്തരം ആളുകളുടെ മന: സംതൃപ്തിക്കായി തന്റെ ഹഖീഖത്തുൽ വഹ്യ് എന്ന ഗ്രന്ഥം അവധാനതയോടെ വായിക്കണമെന്ന നിർദേശമാണ് വെച്ചത്. അതിൽ അദ്ദേഹം ആ ഗ്രന്ഥം പ്രസിദ്ധം ചെയ്ത ദിവസം വരെ പൂർത്തിയായ അടയാളങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ആ ഗ്രന്ഥം അവധാനതയോടെ വായിച്ചതിനു ശേഷം ഹദ്റത്ത അഹ്മദ്(അ) കള്ളവാദിയും കറ്റുകെട്ടുകാരനുമാണെന്നും ഇനി തങ്ങൾ തെറ്റു കാരും അദ്ദേഹം സത്യസന്ധനുമാണെങ്കിൽ മുൻകാല പ്രവാചക ന്മാരുടെ ശത്രുക്കൾ അനുഭവിച്ചതു പോലുള്ള ശിക്ഷ അനുഭവി പ്പിക്കേണമേ ദൈവത്തെ സാക്ഷിനിർത്തി പ്രാർഥിക്കുകയും ചെ യ്യുക. അങ്ങനെ പ്രാർഥിച്ചു കഴിഞ്ഞാൽ, അത്തരം ആളുകൾ മുൻ കാല പ്രവാചകശത്രുക്കളെപ്പോലെ ശിക്ഷിക്കപ്പെടുന്നതും മറ്റു ജനങ്ങൾക്ക് ഒരു പാഠമായിത്തീരുന്നതുമാണ്. ദൈവകാരുണ്യ ത്തിൽ നിന്നകന്നുകൊണ്ട് ശിക്ഷ വരുത്തിവെച്ചവരുടെ ഉദാഹര ണങ്ങൾ പലതുണ്ട്. അവർ ഹദ്റത്ത അഹ്മദിന്റെ വെല്ലുവിളി സ്വീക രിക്കുകയും മനുഷ്യകരങ്ങൾക്കതീതമായ നിലയിൽ ദൈവ ശിക്ഷ യ്ക്ക് പാത്രീഭവിക്കുകയുമായിരുന്നു. അവർ സ്വയം നാശമടഞ്ഞെ ങ്കിലും മറ്റുള്ളവരുടെ രക്ഷയ്ക്ക് അത് കാരണമായി.

വിവിധ മതാനുയായികൾക്ക് മൂന്നാമതായൊരു രീതി കൂടി നിർ ദേശിക്കപ്പെട്ടിട്ടുണ്ട്. മരം അതിന്റെ കായിൽ നിന്നും മതം ഫല ത്തിൽ നിന്നും തിരിച്ചറിയാമെന്നത് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. എങ്കിൽ പിന്നെ ആരുടെ കരങ്ങളിലൂടെയാണ് ദൈവികപ്രതാപം വെളിപ്പെട്ടതെന്ന് എന്തുകൊണ്ട് കണ്ടെത്തിക്കൂടാ? ഇതിനായി ഹദ്റത്ത് അഹ്മദ്(അ) ഈസാനബിയുമായി സാദൃശ്യമുള്ള ഒരു പരീക്ഷ നിർദേശിക്കുന്നു. മാരക രോഗങ്ങൾക്കടിപ്പെട്ട ചില രോഗി കളെ തിരഞ്ഞെടുത്ത് നറുക്കിട്ടെടുത്ത് അവരെ അദ്ദേഹത്തിനും ഇതര മതനേതാക്കൾക്കും വീതിച്ചു നല്കുക. എന്നിട്ട് ഓരോരു ത്തരും തങ്ങൾക്കു നല്കപ്പെട്ട രോഗികളുടെ സുഖത്തിനായി പ്രാർ ഥിക്കുക. ഈ രീതി അവലംബിച്ചാൽ അദ്ദേഹത്തിന് ദൈവസഹാ യം ലഭിക്കുന്നുവെന്ന് മുഴുലോകവും അംഗീകരിക്കുമാറ് തന്റെ എതി രാളികളുടെ പ്രാർഥനകളുടെ മേൽ സുവ്യക്തമായ വിജയം നല് കപ്പെടുമെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. എന്നാൽ ഇത്

ഹദ് റത്ത് അഹ്മദ്(അ) മരിച്ചു പോയതിനാൽ പിന്നെങ്ങനെയാണ് ഈ രീതി കൊണ്ട് ഒരു തീരുമാനത്തിലെത്താൻ കഴിയുക എന്നൊരെതിർപ്പ് വന്നേക്കാം. അതിനു മറുപടിയായി ഞാൻ പറയട്ടെ, ഒരു പ്രവാചകൻ ഭൂമിയിലേക്ക് വരുന്നത് ഒരു ഷോ കാണിക്കാനല്ല. അദ്ദേഹം മുഴുലോകത്തിനും അനുഗ്രഹമാണ്. സുവാർത്തകളുടെ മാത്രമല്ല അനുഗ്രഹങ്ങളുടെ വാഹകനും കൂടിയാണ്. അദ്ദേഹത്തിന്റെ സത്യതയുടെ ഏറ്റവും വലിയ തെളിവ്, ദൈവം തന്റെ ദൃഷ്ടാന്തങ്ങൾ പ്രകടമാക്കിക്കൊണ്ടിരിക്കുന്ന ഒരു സമുദായം അവശേഷിപ്പിച്ചു കൊണ്ടാണ് അദ്ദേഹം പോകുന്നത് എന്നതാകുന്നു. ഈ സമുദായത്തിന്റെ സത്യത വെളിപ്പെടുത്തുന്ന അടയാളം സത്യത്തിന്റെ പ്രചാരണത്തിന് ഗുണകരമാണെങ്കിൽ ഹദ്റത്ത് അഹ്മദ്(അ) മരണപ്പെട്ടു പോയെങ്കിൽ പോലും ദൈവം അത്തരത്തിലൊരടയാളം കാണിക്കുമെന്ന് എനിക്ക് തീർച്ചയാണ്. എന്തെന്നാൽ, ദൈവം തന്റെ ദാസരോട് അനുകമ്പയുള്ളവനും അവരെ എപ്പോഴും ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കാൻ ഇച്ഛിക്കുന്നവനുമാകുന്നു.

അഹ്മദിയ്യത്തിന്റെ ഈ ആദർശങ്ങളുടെ ചുരുക്ക വിവരണത്തിനു ശേഷം ഇവിടെ സന്നിഹിതരായവർക്കും അവരിലൂടെ കിഴക്കും പടിഞ്ഞാറും നിവസിക്കുന്നവർക്കും ഞാനീ സന്ദേശം നല്കാൻ ആഗ്രഹിക്കുന്നു.

സഹോദരീ സഹോദരന്മാരേ, ദൈവത്തിന്റെ പ്രഭ നിങ്ങൾക്കു മുന്നിൽ തെളിയിക്കപ്പെട്ടിരിക്കുന്നു. കാലപ്പഴക്കം കാരണത്താൽ കാല്പനിക കഥകളായി കണക്കാക്കപ്പെട്ടിരിക്കുന്നത് നിങ്ങളുടെ സ്വന്തം കണ്ണുകൾക്കു മുന്നിൽ അവതരിച്ചിരിക്കുന്നു. നൂഹ് നബി മുതൽ മുഹമ്മദ് നബി(സ) വരെയുള്ള മുൻ കഴിഞ്ഞ എല്ലാ പ്രവാചകന്മാരും ദീർഘദർശനം ചെയ്ത ഒരു പ്രവാചകനിലൂടെ ദൈവം തന്റെ പ്രതാപം നിങ്ങൾക്കു മുൻപിൽ പ്രകടമാക്കിയിരിക്കുന്നു. ദൈവം, മരിച്ചു പോയവരുടെ മാത്രമല്ല ജീവിച്ചിരിക്കുന്നവരുടെതു കൂടിയാണെന്നും മുൻ കഴിഞ്ഞവരുടെത് മാത്രമല്ല ഇനി വരാനുള്ളവരുടേതും കൂടിയാണെന്നും ഒരിക്കൽ കൂടി അവൻ നിങ്ങൾക്കു മുൻപാകെ സ്പഷ്ടമാക്കിയിരിക്കുന്നു. അതിനാൽ, ഈ പ്രകാശത്തെ നിങ്ങൾ സ്വീകരിക്കുക. ഇതുകൊണ്ട് നിങ്ങളുടെ ഹൃദയങ്ങളെ പ്രകാശമാനമാക്കുക. സഹോദരീ സഹോദരന്മാരേ, ഈ ജീവിതം ഒരധ്യായം മാത്രമാണ്. ഇതിനുശേഷം ഒരുന്മൂലനമാണെന്ന് കരു

തുന്നത് തെറ്റാണ്. അങ്ങനെയൊരു ഉന്മൂലനം ഇല്ല തന്നെ. ആത്മാവ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് നശിപ്പിക്കുവാൻ വേണ്ടിയല്ല. മറിച്ച് അനശ്വര ജീവിതത്തിനു വേണ്ടിയാകുന്നു, ജനിച്ചു വീണ നിമിഷം മുതൽ മനുഷ്യൻ ഒരിക്കലും തീരാത്ത പാഥയിലൂടെ ചലിക്കാൻ തുടങ്ങുന്നു. അതിന്റെ വേഗത കൂട്ടുന്ന ഒരുപാധിമാത്രമാണ് മരണം. ചെറിയ ചെറിയ മത്സരങ്ങളിൽ പരസ്പരം മുൻകടക്കാനായി നിരന്തരം പ്രയത്നിക്കുന്ന നിങ്ങളെങ്ങനെയാണ് മുൻകഴിഞ്ഞു പോയവർക്കും അവർക്കു പകരം സ്ഥാനം പിടിച്ചവർക്കും തമ്മിൽ എന്നെന്നേക്കുമായി തുടരുന്ന ഈ വലിയ മത്സരം അവഗണിക്കുന്നത്? ഒരു സദ്വൃത്തൻ കിഴക്കുയർത്തപ്പെട്ടുവെന്നും അദ്ദേഹത്തിലൂടെ ദൈവം സത്യത്തിന്റെ വാതിൽ തുറന്നിട്ടിരിക്കുന്നുവെന്നും നിങ്ങൾ തിരിച്ചറിയുന്നില്ലേ? നിങ്ങൾക്ക് മേലിലും ധാരാളം അനു ഗ്രഹങ്ങൾ ലഭിക്കുന്നതിനായി നിങ്ങൾ ഇപ്പോൾ ലഭിച്ച അനുഗ്രഹത്തിന് ആത്മാർഥമായി നന്ദിയുള്ളവരാവുക. അവന്റെ കാരുണ്യത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നതിനായി അവന്റെ കാരുണ്യത്തിലേക്ക് നിങ്ങൾ ഓടിച്ചെല്ലുക. ബുദ്ധിയെ മന്ദീഭവിപ്പിക്കുന്ന എല്ലാ ലഹരിപദാർഥങ്ങളെയും അപലപിക്കുന്ന നിങ്ങൾ എങ്ങനെയാണ് ഒരു ഗുണവുമില്ലാത്ത ആത്മാവിന്റെ ദാഹത്തെ നിശ്ചലമാക്കുക മാത്രം ചെയ്യുന്ന പാഠങ്ങളിൽ തൃപതരാകുന്നത്? നിങ്ങൾ ബിംബങ്ങൾക്ക് വണങ്ങാൻ വിസമ്മതിച്ചു; പിന്നെ നിങ്ങളെങ്ങനെയാണ് ജീവന്റെ ഒരടയാളവും കാണിക്കാത്ത ദൈവത്തിന്റെ കാല്പനിക സങ്കല്പത്തിനു മുന്നിൽ കുനിയുന്നത്? വരൂ, ദൈവം നിങ്ങൾക്കായി പ്രദാനം ചെയ്ത ജീവന്റെ ദൈവാമൃതിൽ നിന്ന് പാനം ചെയ്യൂ; ഇത് യുക്തിയെ നിഗ്രഹിക്കുന്നില്ല; അതിന് കൂടുതൽ പ്രഭ നല്കുന്നു. അത് നാഡീവ്യവസ്ഥയെ തളർത്തുന്നതിനു പകരം ശക്തമാക്കുന്നു.

വധുവിന്റെ സഖികളേ, വരൂ ആനന്ദകീർത്തനങ്ങൾ ആലപിക്കൂ. വരൻ ആഗതനായിരിക്കുന്നു. ആരെയാണോ തേടിക്കൊണ്ടിരുന്നത്, അവൻ കണ്ടെത്തപ്പെട്ടിരിക്കുന്നു. കണ്ണിന്റെ പ്രകാശം കെട്ടുപോകും വരെ കാത്തിരിക്കപ്പെട്ടവൻ നിങ്ങളുടെ കണ്ണുകളെ പ്രകാശമാനമാക്കിയിരിക്കുന്നു. ദൈവനാമത്തിൽ വന്നിരിക്കുന്നവൻ അനുഗൃഹീതൻ. അവനെ കണ്ടെത്തിയവൻ എല്ലാം കണ്ടെത്തി. അവനെ കാണാത്തവൻ ഒന്നും കണ്ടില്ല. പ്രപഞ്ചനാഥനെ സ്തുതിച്ചുകൊണ്ട് ഞാനീ പ്രഭാഷണം അവസാനിപ്പിക്കട്ടെ.